

# സത്യദൂതൻ

2024 ജൂലൈ | ലക്കം 07

വില ₹ 30

## ഇന്ത്യയിലെ ജനവിധി

## അമേരിക്കയിൽ നിന്നൊരു സംഗീതജ്ഞനായ മാലാഖ

## കുട്ടികളോടുള്ള പെരുമാറ്റം

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news


View these apps at
alislam.org/apps
or scan the QR code below



# അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **ബനൂനദീറുമായുള്ള സംഘർഷങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)
2024 ജൂൺ 6 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.

**9** **ഇസ്ലാംമതം: സർവമതങ്ങളുടെയും സമ്പൂർണ സാരം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്



**18** **ലോകാധിപത്യത്തിന് വേണ്ടിയുള്ള യഹൂദ ഗൂഢപദ്ധതി.**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്



**25** **അമേരിക്കയിൽ നിന്നൊരു സംഗീതജ്ഞനായ മാലാഖ**
റഫീഖ് അഹ്മദ്, മാത്തോട്ടം



**30** **കുട്ടികളോടുള്ള പെരുമാറ്റം**
എ.എം. മുഹമ്മദ് സലീം



**36** **ഹജറുൽ അസ്‌വദും ശിർക്കും**
ഫദ്‌ലുൽ-ഹക്കീം അഹ്മദ്, ഘാന

**കുറിപ്പുകൾ**



**38** **ഇന്ത്യയിലെ ജനവിധി**
മുസാഫിർ



**39** **വിദ്വേഷ പ്രഭാഷണവും കൊലപാതകങ്ങളും പാകിസ്താനിൽ തുടരുന്ന അഹ്മദിയ്യാ പീഡനം.**
മുസാഫിർ



لا إله إلا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

2024 - ജൂലൈ
ഹി.ശ. 1404- വഫാ
1445 ദുൽഹിജ്ജ - മുഹറം
പുസ്തകം 96 ലക്കം 07
വില 30 രൂപ



എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**എച്ച്.ശംസുദ്ദീൻ**
**ഫോൺ : 9946 021 252**

മാനേജർ
**വി.എം.മാലിക് അമീൻ**
**ഫോൺ : 9895 867 185**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി-682018



**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.

**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരേ, നീതി പാലിക്കുന്നതിനു വേണ്ടി നിങ്ങൾ കണിശക്കാരായിരിക്കുവിൻ നിങ്ങൾക്കെതിരായാലും നിങ്ങളുടെ മതാപിതാക്കന്മാർക്കോ ഉറ്റവർക്കോ എതിരായാലും അല്ലാഹുവിനു വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ചു നിൽക്കുവിൻ, അവൻ ധനവാനായാലും ദരിദ്രനായാലും അല്ലാഹുവാണ് അവരുമായി കൂടുതൽ അടുത്തവൻ. നീതി മാർഗത്തിൽ നിന്ന് തെന്നിപ്പോകാതിരിക്കാൻ നിങ്ങൾ സേച്ഛക്ക് അടിമപ്പെടാതെ സൂക്ഷിക്കുവിൻ. നിങ്ങൾ സത്യം മറച്ചുവെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ (4:136)



## നബിവചനം

രണ്ടു പേർ അവർക്കിടയിൽ ഒരു തീർപ്പ് കൽപ്പിക്കാൻ സമീപിച്ചാൽ അവരിൽ രണ്ടുപേരുടെ ആവലാതികൾ കേട്ടിട്ടല്ലാതെ നിങ്ങൾ ഒരു തീരുമാനത്തിലെത്തരുത്. സാക്ഷി പറയാൻ വിളിക്കപ്പെട്ടാൽ തെളിവ് മറച്ചു വെക്കുന്നവൻ കള്ളസാക്ഷി പറഞ്ഞവനെ പോലെയാണ്.
(നബിവചനം)

## വാഗ്ദത്ത മസീഹിന്റെ വചനം



മനുഷ്യന്റെ പ്രകൃതി ധർമങ്ങളിൽ പ്രത്യേകമായിരിക്കുന്ന ഗുണമാണ് സത്യസന്ധത. അവൻ സ്വാർഥപരമായ ഏതെങ്കിലും പ്രേരണാശക്തിയാലല്ലാതെ വ്യാജം പറയുവാൻ മുതിരുന്നില്ല. കള്ളം പറയുന്നതിൽ അവന് പ്രകൃത്യാ വെറുപ്പും അറപ്പുമാണ്. അതുകൊണ്ട് തന്നെയാണ് വ്യാജം പറയുന്നതായി തെളിയുന്ന ആളുടെ നേരെ അവന് അനിഷ്ടവും അവജ്ഞയും തോന്നുന്നത്. എന്നാൽ ഈ പ്രകൃതി സ്വഭാവത്തിന്റെ കേവല രൂപം ഒരു സൽഗുണമായി പരിഗണിക്കാവതല്ല. എന്തുകൊണ്ടെന്നാൽ ഈ അവസ്ഥ ശിശുക്കളിലും ഭ്രാന്തരിലും കാണാവുന്നതാണ്. സത്യനിഷ്ഠക്ക് ഭംഗം വരുത്തുന്ന സ്വാർഥപരമായ ഉദ്ദേശങ്ങളിൽ നിന്ന് വേർപ്പെടാതിരിക്കുന്ന കാലത്തോളം മനുഷ്യന് യഥാർഥത്തിൽ സത്യസന്ധനായിരിക്കാൻ സാദ്ധ്യമല്ല. അവൻ തനിക്ക് ദോഷം വരാത്ത കാര്യത്തെ സംബന്ധിച്ചേടത്തോളം സത്യം പറയുകയും തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനി വരുത്തുമെന്ന് കരുതുന്ന ഘട്ടത്തിൽ കള്ളം പറയുകയോ സത്യം പറയാതെ മൗനം ദീക്ഷിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ അവന് ഒരു ശിശുവിനേക്കാളും ഭ്രാന്തനെക്കാളും യാതൊരു മെച്ചവുമില്ല തന്നെ
(ഇസ്ലാംമത തത്ത്വജ്ഞാനം)

# നീതിബോധം: സ്വാഭാവികമായ ഹൃദയ വികാരം.

**'പറയുക എന്റെ നാഥൻ നീതി പ്രവർത്തിക്കാൻ കൽപ്പിച്ചിരിക്കുന്നു'(വി.ഖു.7:30)**

നീതി എന്നത് മനുഷ്യനെ സൃഷ്ടിച്ച ദൈവം ആത്മാവിൽ നിക്ഷേപിച്ച ഒരു ദിവ്യഗുണമാണ്. ബീജസങ്കലന വേളയിൽ തന്നെ അതിന്റെ ആവാഹനം സംഭവിക്കുന്നു. അല്ലാഹു പറയുന്നു: ***'ഞാൻ ശരീരത്തെ രൂപപ്പെടുത്തുകയും മഹത്വത്തിന്റെ പ്രകാശങ്ങൾ സമീകരിക്കുകയും അതിൽ എന്റെ ആത്മാവിനെ ഊതുകയും ചെയ്തിരിക്കുന്നു'***(ഹിജ്ർ 15:30). അതുകൊണ്ടാണ് മത-ജാതി വംശ നിറ വ്യത്യാസമില്ലാതെ മനുഷ്യൻ സാർവത്രികമായി നീതിബോധത്താൽ പ്രചോദിതനാവുന്നത്. മനുഷ്യപ്രകൃതിയിലുള്ള ഈ സ്വച്ഛഗുണത്താലാണ് സത്യത്തോടും സൽകർമത്തോടും സകല മനുഷ്യർക്കും ആഭിമുഖ്യമുണ്ടാകാൻ കാരണം. മനുഷ്യന്റെ ആ പരിശുദ്ധ പ്രകൃതിയെ വികലമാക്കുന്നത് ബാഹ്യലോകത്ത് നിന്ന് വരുന്ന ആസക്തിയുടെ ഇന്ദ്രിയ കാമനകളാണ്.

മതങ്ങളോ സംഹിതകളോ ഭരണഘടനയോ നിയമങ്ങളോ അല്ല മനുഷ്യപ്രകൃതിയിൽ ദൈവം നിക്ഷേപിച്ച സ്വർഗീയമായ ഒരു സവിശേഷ ഗുണമാണ് നീതിയുടെ ഉറവിടം. അതുകൊണ്ട് തന്നെ മനുഷ്യനായി പിറന്നവരെല്ലാം അവൻ ഹിന്ദുവോ ക്രിസ്ത്യാനിയോ ജൂതനോ മുസ്‌ലിമോ വിശ്വാസം ത്യജിച്ചവനോ ആവട്ടെ അടിസ്ഥാനപരമായി നല്ലവനും നീതിബോധമുള്ളവനുമാണ്. ഖുർആൻ വീണ്ടും പറയുന്നു: ***'വിശ്വാസികളെ ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തെയും സൗഭാഗ്യത്തെയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷമാർഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.'***(അൽ ഹുജുറാത്ത് 49:8) ധർമവിവേചനബോധം മനുഷ്യപ്രകൃതിയിൽ ഉൾച്ചേർന്നതാണ്. ഈ അടിസ്ഥാനശിലയിൽ നിന്നുകൊണ്ട് ധർമ്മാചരണത്തിലൂടെ അതിന്റെ പൂർണതയിൽ എത്തിക്കാനാണ് ദൈവം നമ്മോട് പറയുന്നത്. അല്ലാഹു പറയുന്നു: ***'അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈകൊള്ളുക)'*** (സൂറ: അർറൂം 30:31)

മനുഷ്യൻ തന്റെ സ്വഭാവിക പ്രകൃതിയിലെ നീതിബോധത്തെ മതാധ്യാപനങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും ചിന്തകളും കർമങ്ങളും പോഷണ ഉദ്ദീപനങ്ങളായി നൽകി വളർത്തുകയാണ് ചെയ്യുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ സാത്വിക വിശുദ്ധിനേടി മാലാഖയാവേണ്ട മനുഷ്യൻ, ഈ സ്വർഗീയ ഗുണത്തെ സ്വാർഥതകൊണ്ടും ദേഹേഛകൾ കൊണ്ടും ഭൗതിക കാമനയുടെ അഭിലാഷ പൂർത്തീകരണത്തിനുമായി മുരടിപ്പിക്കുന്നു. ഈ ദിവ്യഗുണങ്ങൾ നശിപ്പിച്ച് അവൻ അധപതിക്കുന്നു. വ്യക്തിപരവും കുടുംബപരവും മതപരവും ദേഹപരവും ദേശപരവും പ്രത്യയശാസ്ത്രപരവുമായ പക്ഷപാതിത്വങ്ങൾ കൊണ്ട് നീതിയെ വികലമാക്കുന്നു. എല്ലാ പക്ഷപാതിത്വങ്ങൾക്കും സ്വാർഥ സ്വാധീനങ്ങൾക്കും അതീതമായ കേവലനീതി മനുഷ്യന്റെ ലോകവ്യവഹാരങ്ങളിൽ നിന്നും അതിശീഘ്രം തിരോഭവിക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്.

മനുഷ്യൻ അവന്റെ സമൂഹത്തോടും പരിസരത്തോടും പ്രതികരിക്കേണ്ടത് നീതിയിലധിഷ്ഠിതമായിട്ടായിരിക്കണം. അതിന് നാം മറ്റെങ്ങും പോകേണ്ടതില്ല. ആത്മപരിശോധനയുടെ മാർഗം അവലംബിച്ച് സ്വന്തം അന്തക്കരണത്തിലേക്ക് ആദ്യം കാതോർക്കണം. കേവലനീതിയുടെ ശബ്ദം നമുക്ക് അവിടെ കേൾക്കാം. നീതിയുടെ ശബ്ദം വിവേചിച്ചറിയാനും തദനുസ്തൃമായി പ്രവർത്തിക്കാനും എല്ലാവർക്കും കഴിയുമാറാകട്ടെ.



# ആത്മാവിന്റെ ഉറവിടം

**ഹദ്റത്ത് അഹ്മദ്** അ.

ആത്മാവും ശരീരവും തമ്മിലുള്ള പ്രസ്തുത ബന്ധത്തെ തെളിയിക്കുന്നതിന് ബലവത്തായ മറ്റൊരു തെളിവ്, ശരീരം ആത്മാവിന്റെ ജനയിത്രിയാണെന്ന സിദ്ധാന്തമാണ്. ആത്മാവ് എന്നാൽ അന്തരീക്ഷത്തിൽ നിന്നോ മറ്റോ വന്ന് ഗർഭിണിയുടെ ഉദരത്തിൽ പ്രവേശിക്കുന്ന ഒരു വസ്തു അല്ല. അതു ബീജത്തിൽ തന്നെ നിഗൂഢമായിരിക്കുന്നതും ഗർഭാശയത്തിൽ മാംസപിണ്ഡത്തിന്റെ വളർച്ചയോടൊപ്പം തെളിഞ്ഞു വരുന്നതുമായ ഒരു തേജസ്സാകുന്നു. വിശുദ്ധ ഖുർആൻ പഠിപ്പിക്കുക്കുന്നത് ആത്മാവ് എന്നാൽ മാതൃഗർഭത്തിൽ വെച്ചു ബീജത്തിൽ നിന്നും തയ്യാറായി മാംസ പിണ്ഡത്തിൽ പ്രകാശിച്ചു വരുന്ന ഒരു സത്തയാണെന്നാകുന്നു. ഖുർആൻ പറയുന്നു:

***പിന്നെ ഗർഭാശയത്തിൽ രൂപപെട്ടു വന്ന പിണ്ഡത്തെ നാം മറ്റൊരു മാതൃകയിൽ രൂപീകരിച്ചു ആത്മാവെന്ന ഒരു സൃഷ്ടിയെ വെളിപ്പെടുമാറാകുന്നു. അതുല്യമായി സൃഷ്ടികർത്താവായിരുക്കുന്ന അല്ലാഹു വാഴത്ത്പെട്ടവനത്രെ.*** (23:15)

പ്രസ്തുത ശരീരത്തിൽ നിന്നു തന്നെ മറ്റൊരു സൃഷ്ടിയെ വെളിപ്പെടുത്തുന്നുവെന്ന് പ്രസ്താവിച്ചിരിക്കുന്നതിൽ, ആത്മാവിന്റെ യഥാർഥ പ്രകൃതി കാണിച്ചു തരുന്നതും ദേഹദേഹികൾക്കു തമ്മിലുള്ള ഗാഢമായ ബന്ധത്തെ സൂചിപ്പിക്കുന്നതുമായ ഒരു തത്ത്വം അടങ്ങിയിരിക്കുന്നു. മനുഷ്യന്റെ കായികവും വാചികവുമായ ഓരോ കർമവും ദൈവത്തിനു വേണ്ടി അവന്റെ പരിശുദ്ധ നിയമമനുസരിച്ചായിരിക്കുമ്പോൾ അതു പ്രസ്തുത തത്ത്വത്തിനതീതമായിരിക്കുന്നതാണെന്നത്രേ ഇത് മനസ്സിലാക്കിത്തരുന്നത്. അതായത് വിചാരശുദ്ധിയോടുകൂടി ആത്മാർത്ഥ കർമ്മങ്ങളിലെല്ലാം മനുഷ്യന്റെ ബീജത്തിലെന്ന പോലെ ഒരു ആത്മ തേജസ്സ് മറഞ്ഞു കിടക്കുന്നുണ്ടായിരിക്കും. കർമഫലമാകുന്ന ശരീരം വളർന്നു വരുന്നതോടൊപ്പം ആ തേജസ്സും പ്രകാശിച്ചു തുടങ്ങുന്നു. ആ കർമതേജസ്സ് പ്രകാശിച്ചു തുടങ്ങുന്നതോടുകൂടി അതിന്റേതായ ആത്മ തേജസ്സ് പൂർണ്ണ പ്രഭാവത്തോടെ പ്രകാശിക്കുകകയും ജ്യോതിർമയമായ സ്വസത്തയെ പ്രകടമാക്കുകയും ചെയ്യുന്നു. ഇങ്ങനെ കർമഫലമാകുന്ന ശരീരം പൂർണവളർച്ചയിലെത്തുമ്പോൾ അന്തരാളത്തിൽ നിന്നും മിന്നൽ പിണരെന്നപോലെ ഒരു പ്രകാശദീപ്തി പെട്ടെന്ന് നിർഗമിക്കുന്നു. ഈ പരിണാമത്തെ കുറിച്ച് ഉപമാരൂപത്തിൽ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത് നോക്കുക.

ഞാൻ ആ ശരീരത്തെ രൂപപ്പെടുത്തുകയും മഹത്വത്തിന്റെ പ്രകാശ കിരണങ്ങൾ സമീകരിക്കുകയും അതിൽ എന്റെ ആത്മാവിനെ ഊതുകയും ചെയ്തിരിക്കുന്നതിനാൽ നിങ്ങളെല്ലാം അതിൽ വണക്കത്തോടുകൂടി കീഴ്പ്പെടുവിൻ സൽക്കർമ ശരീരം പൂർണ രൂപം പ്രാപിക്കുന്നതോടുകൂടി അന്തരാളത്തിൽ ഒരു ആത്മതേജസ്സ് പ്രകാശിച്ചു തുടങ്ങും എന്ന സംഗതി തന്നെയാണ് പ്രസ്തുതവാക്യം സൂചിപ്പിക്കുന്നത്. ഈ ശരീരം, ഐഹിക ജീവിതത്തിലെ അനാത്മികത്വത്തിന്റെ വിലയനത്തിനുശേഷം രൂപംകൊള്ളുന്നതിനാലത്രെ അതിൽ നിന്നും വെളിപ്പെടുന്ന ആത്മതേജസ്സിനെ ദൈവം തന്നോട് സംബന്ധിപ്പിച്ചിരിക്കുന്നത്. മുമ്പേ മന്ദീഭവിച്ചു കിടക്കുന്ന ആ തേജസ്സ് ഈ ഘട്ടത്തിൽ പൊടുന്നനെ ഉജ്ജ്വലിക്കുന്നു. ദൈവത്തിന്റെ ഈ മഹത്ത്വപ്രകടനത്തിന്റെ മുമ്പിൽ പ്രണമിക്കുന്നതിന് എല്ലാവരും നിർബന്ധിതരായിത്തീരുന്നു. ഈ ദിവ്യതേജസ്സ് വെളിപ്പെടുന്നതോടുകൂടി അന്ധകാര പ്രേമിയായ ദുരാത്മാവ് (ഇബ്‌ലീസ്) ഒഴികെ സകലരും അതിലേക്ക് ആകൃഷ്ടരാവുകയും അതിന് കീഴ്പ്പെടുകയും ചെയ്യുന്നു. *(ഇസ്‌ലാംമത തത്ത്വജ്ഞാനം)*

# ബനൂനദീറുമായുള്ള സംഘർഷങ്ങൾ

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
2024 ജൂൺ 6 ന് മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

ഇന്ന് ബനൂനദീർ യുദ്ധനീക്കത്തെ പറ്റിയാണ് പറയുന്നത്. ബനൂനദീർ ഗോത്രം മദീനയിലെ ഒരു യഹൂദ കുടുംബമാകുന്നു. ചില ചരിത്രകാരന്മാർ എഴുതുന്നു: ബനൂ നദീർ, ഖൈബറിലെ ഒരു യഹൂദ ഗോത്രമായിരുന്നു. തിരുനബി(സ) പരിശുദ്ധ മദീനയിൽ എത്തിയപ്പോൾ ബനൂ നദീർ ഗോത്രത്തലവൻ ഹുയയ്യ് ബിൻ അഖ്ത്വബ് ആയിരുന്നു. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് സ്വഫിയ്യ(റ) ഇവരുടെ മകളായിരുന്നു. ഹുയയ്യ് ബിൻ അഖ്തബിന്റെ പൂർവ തലമുറ ഹദ്റത്ത് മൂസാ(അ)ന്റെ സഹോദരനായ ഹദ്റത്ത് ഹാറൂനുമായി ചേരുന്നുണ്ട്. ഹുയയ്യിന്റെ പൂർവ തലമുറയിൽ പല വ്യക്തികളും പ്രവാചകത്വത്താൽ അനുഗൃഹീതരായിരുന്നു. അതിൽ അയാൾ അഭിമാനിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ പറയുമായിരുന്നു: അല്ലാഹു ഈ ലോകത്ത് തന്നെ നമ്മളോട് കരുണയുള്ളവനാണ്, പരലോകത്തും അവൻ നമ്മളോട് വാത്സല്യവും കരുണയും ഉള്ളവനായിരിക്കും. അവൻ നമുക്ക് തിന്മകൾ കാരണം ഏതാനും ദിവസം മാത്രം ശിക്ഷ നല്കുകയും അവസാനം നമ്മുടെ സങ്കേതം സ്വർഗമാക്കുകയും ചെയ്യുന്നതാണ്. ഈ തറവാട് മഹിമ കാരണം ഹുയയ്യ്, നബി(സ)ന്റെ അദ്ധ്യാപനത്തിൽ നിന്ന് മുഖം തിരിക്കുകയുണ്ടായി. ബനൂ നദീർ ഗോത്രം താമസമാക്കിയ സ്ഥലം മസ്ജിദ് ഖുബയിൽനിന്ന് അര മൈൽ അകലെ ആയിരുന്നു.

ബനൂ നദീർ യുദ്ധനീക്കം ഹിജ്റ നാലാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് ഉണ്ടായത്. ഉഹുദ് യുദ്ധത്തിനുമുമ്പാണ് ഇതുണ്ടായതെന്നും പറയുന്നു. ബനൂനദീർ യുദ്ധത്തിന്റെ കാരണത്തെപറ്റി പറയുന്നത്, മക്കാ ഖുറൈശികൾ ബദ്ർ യുദ്ധത്തിനു മുമ്പ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനും ഔസ്, ഖസ്റജ് തുടങ്ങിയ വിഗ്രഹാരാധകർക്കും എഴുതിയിരുന്നത്, നിങ്ങൾ ഞങ്ങളുടെ കൂട്ടത്തിൽ പെട്ടവർക്ക് അഭയം നല്കിയിരിക്കുന്നു. ഞങ്ങൾ ദൈവത്തെ ശപഥം ചെയ്തുകൊണ്ട് പറയട്ടെ, അവരോട് യുദ്ധം ചെയ്യുകയോ അവരെ നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യണം അതല്ലെങ്കിൽ ഞങ്ങൾ അറബികളെ ഒരുമിച്ചുകൂട്ടി നിങ്ങളെ ആക്രമിക്കുന്നതാണ്. ഉബയ്യ് ബിൻ സുലൂലിനും വിഗ്രഹാരാധകർക്കും ഈ കത്ത് കിട്ടിയപ്പോൾ അവർ നബി(സ)നോട് യുദ്ധം ചെയ്യാൻ ഉറച്ച തീരുമാനമെടുത്തു എന്ന സന്ദേശം അയച്ചു. നബി(സ) അതേക്കുറിച്ച് അറിഞ്ഞപ്പോൾ സ്വഹാബാക്കളുടെ ഒരു സംഘത്തെയുംകൂട്ടി അവരെ കാണാൻ പോയി. എന്നിട്ട് അവരോട് പറഞ്ഞു: ഖുറൈശികൾ നിങ്ങൾക്ക് വളരെ കടുത്ത ഭീഷണിക്കത്താണ് അയച്ചിട്ടുള്ളത്. ഈ കത്ത് നിങ്ങളെ വഞ്ചനയിൽ അകപ്പെടുത്താതിരിക്കട്ടെ, അതായത് നിങ്ങൾ ചതിയിൽപ്പെട്ട് സ്വന്തം സഹോദരന്മാരോടും മക്കളോടും യുദ്ധം ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നബി(സ) ഇത് പറഞ്ഞപ്പോൾ അവർക്ക് കാര്യം ബോധ്യപ്പെടുകയും അവരുടെ ഉദ്ദേശ്യത്തെ അവർ മാറ്റുകയും ചെയ്തു. തുടർന്ന് ഖുറൈശികൾ ബദ്ർ യുദ്ധത്തിനുശേഷം യഹൂദികൾക്ക് അയച്ച കത്തിൽ എഴുതി: നിങ്ങളുടെ പക്കൽ ആയുധങ്ങളുണ്ട്, നിങ്ങൾ കോട്ട കൊത്തളങ്ങളുടെ ഉടമകളുമാകുന്നു. നിങ്ങൾ (അവിടെയുള്ള) ഞങ്ങളുടെ കൂട്ടത്തിൽപ്പെട്ട ആളുമായി യുദ്ധം ചെയ്യണം അല്ലെങ്കിൽ ഞങ്ങൾ നിങ്ങളെ ആക്രമിക്കുന്നതാണ്. ഈ കത്ത് യഹൂദികൾക്ക് കിട്ടിയപ്പോൾ അവർ നബി(സ)നോട് വഞ്ചന കാണിക്കാൻ ഏകകണ്ഠമായി തീരു

മാനമെടുത്തു. അങ്ങനെ അവർ, നബി(സ)നോട് 30 സ്വഹാബാക്കളോടൊപ്പം വരാനും തങ്ങളുടെ 30 പണ്ഡിതന്മാർ വരുന്നതാണെന്നും അവർ താങ്കളെ സത്യപ്പെടുത്തിയാൽ ഞങ്ങൾ താങ്കളെ വിശ്വസിക്കുന്നതാണ് എന്ന് പറയുകയും ചെയ്തു. അടുത്ത ദിവസം നബി(സ) 30 സ്വഹാബാക്കളെയും കൂട്ടി പുറപ്പെട്ടു. 30 യഹൂദി പണ്ഡിതന്മാരും നബി(സ)ന്റെ അടുക്കലെത്തി. യഹൂദികൾ തുറസ്സായ മൈതാനത്ത് എത്തിയപ്പോൾ എങ്ങനെയാണ് അവരെ ആക്രമിക്കുകയെന്ന് പരസ്പരം ചോദിച്ചു തുടങ്ങി. കാരണം നബി(സ)ന്റെ കൂടെ 30 സ്വഹാബാക്കളുണ്ട്. (എന്നതിനാൽ ആക്രമിക്കുക സാധ്യമല്ല.) തുടർന്ന് യഹൂദികൾ പരസ്പരം ആലോചിച്ച് നബി(സ)നു ഇപ്രകാരം സന്ദേശമയച്ചു, താങ്കൾ 3 ആളുകളുമായി വന്നാൽ മതി, ഞങ്ങളും 3 പണ്ഡിതന്മാരെയും കൊണ്ട് വരാം. അങ്ങനെ നബി(സ) 3 സ്വഹാബാക്കളെയുംകൂട്ടി പോയി. മൂന്ന് യഹൂദി പണ്ഡിതന്മാരുടെ കയ്യിലും കഠാര ഉണ്ടായിരുന്നു. വഴിയിൽ ബനൂനദീറിൽ ഉള്ള (മുസ്‌ലീങ്ങളുടെ)ഗുണകാംക്ഷിയായ ഒരു സ്ത്രീ, ഒരു അൻസാരി മുസ്‌ലിമിനോട് യഹൂദികളുടെ എല്ലാ ഗൂഢപദ്ധതികളെ സംബന്ധിച്ചും അറിയിച്ചുകൊടുത്തു. നബി(സ) യഹൂദികളുടെ ഈ ദുരുദ്ദേശത്തെ സംബന്ധിച്ച് അറിവു ലഭിച്ചപ്പോൾ സ്വഹാബാക്കളുടെ ഒരു സംഘവുമായി ബനൂനദീറിന്റെ കോട്ടകൾ ലക്ഷ്യമാക്കി നീങ്ങി. അവിടെ എത്തിയതും അവരെ വളയുകയും അവരുടെ മൂപ്പന്മാർക്ക് ഇപ്രകാരം സന്ദേശം നല്കുകയും ചെയ്തു, ഇപ്പോൾ പ്രകടമായ അവസ്ഥകൾവെച്ച്, നിങ്ങൾ ഞാനുമായി കരാർ ലംഘനവും കലാപവും നടത്തുകയില്ലെന്ന് പുതുതായി ഉടമ്പടി ചെയ്യുന്നില്ലെങ്കിൽ ഞാൻ നിങ്ങളെ മദീനയിൽ താമസിക്കാൻ അനുവദിക്കുന്നതല്ല. പക്ഷെ യഹൂദികൾ ഉടമ്പടി ചെയ്യാൻ പൂർണ്ണമായും വിസമ്മതിക്കുകയുണ്ടായി. അങ്ങനെ യുദ്ധത്തിന് ആരംഭം കുറിച്ചു.

ഈ യുദ്ധനീക്കത്തിന്റെ കാരണം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു. അംറ് ബിൻ ഉമയ്യ സംരിയെ കാഫിരീംകൾ, ബിഅ്റെ മഅ്ഊനയുടെ അവസരത്തിൽ ബന്ദിയാക്കിയശേഷം വിട്ടയച്ചിരുന്നു. അങ്ങനെ അദ്ദേഹം മദീനയിലേക്ക് തിരിച്ചുവരുമ്പോൾ വഴിയിൽ ബനൂ ആമിറിലെ രണ്ടു ആളുകളെ കാണുകയുണ്ടായി. അവരുമായി നബി(സ)നു ഉടമ്പടി ഉണ്ടായിരുന്നതാണ്. പക്ഷെ അംറിന് ഈ ഉടമ്പടിയെ സംബന്ധിച്ച് അറിയില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം അവസരം കിട്ടിയപ്പോൾ ബിഅ്ർ മഊനയുടെ പ്രതികാരമായി അവർ രണ്ടുപേരെയും വധിക്കുകയുണ്ടായി. അവർ രണ്ടുപേരെ കൊന്നു എന്ന് നബി(സ) അറിഞ്ഞപ്പോൾ ഈ പ്രവർത്തിയിൽ വളരെ നീരസം പ്രകടിപ്പിക്കുകയും ഉടൻ തന്നെ അവർ രണ്ടുപേരുടെയും ബ്ലഡ്മണി അവരുടെ കുടുംബത്തിന് അയച്ചു കൊടുക്കുകയുമുണ്ടായി.


ബനൂആമിർ ഗോത്രം ബനൂനദീറിന്റെയും ബനൂനദീർ മുസ്‌ലിംകളുടെയും കൂട്ടുകാർ ആയിരുന്നു. അതുകൊണ്ട് ബ്ലഡ്മണിയുടെ പങ്ക് നൽകാൻ ബനൂ നദീർ ബാധ്യസ്ഥരായിരുന്നു. അതുകൊണ്ട് നബി(സ) ഏതാനും സ്വഹാബാക്കളെയുംകൂട്ടി ബനൂനദീറിന്റെ വാസസ്ഥലത്തെത്തി ബ്ലഡ്മണിയുടെ വിഹിതം ചോദിച്ചു. ബനൂനദീറിന്റെ അടുക്കൽ നബി(സ) ശനിയാഴ്ചയാണ് പോയത്. നബി(സ) കൂടെ കൊണ്ടു പോയ സ്വഹാ

(ശേഷം പേജ് 41 ൽ)



ലേഖനം

# ഇസ്‌ലാംമതം: സർവമതങ്ങളുടെയും സമ്പൂർണ സാരം



ഇസ്‌ലാം മതം സർവ മതങ്ങളുടെയും ദിവ്യോദ്ഭവത്തെയും അതിലെ സ്വച്ഛമായ അധ്യാപനങ്ങളെയും അംഗീകരിക്കുന്നു. വിവിധ കാലഘട്ടങ്ങളിൽ സംജാതമായ മതങ്ങളുടെ പ രിശുദ്ധമായ അദ്ധ്യാപനങ്ങൾ സ്വാംശീകരിച്ചുകൊണ്ടുള്ള പൂർത്തീകരണമാണ് മധ്യമമാർഗം അവലംബിക്കുന്ന ഇസ്‌ലാംമതം. 'കേവലനീതി കാരുണ്യം ബന്ധുത്വം' മൂന്നു സക്രിയ തത്ത്വങ്ങൾ. എന്ന ഉജ്ജ്വല ഗ്രന്ഥത്തിൽനിന്നുള്ള ഭാഗം.


## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഖലീഫത്തുൽ മസീഹ് നാലാമൻ


**നാം** നമ്മുടെ ശ്രദ്ധ വിശുദ്ധ ഖുർആന്റെ വെളിപാടുകാലത്തേക്ക് തിരിക്കുകയാണ്. വിശുദ്ധ ഖുർആൻപ്രകാരം മതങ്ങളുടെ വികാസം അതിന്റെ ഉച്ചകോടി പ്രാപിക്കുകയും അതിന്റെ അദ്ധ്യാപനങ്ങൾ സമ്പൂർണ്ണമാവുകയും ചെയ്ത ഒരു ഘട്ടമാണ്. ഖുർആൻ പറയുന്നു:

**'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് നാം പൂർണമാക്കി തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'** (സൂറ: അൽമായിദ: 5:4)

മനുഷ്യനെ ബാധിക്കുന്ന എല്ലാ മേഖലയിലും നീതിയുടെ വിഷയത്തെ ഖുർആൻ ബന്ധിപ്പിക്കുന്നു. ഇത് വളരെ കൗതുകകരവും വിപുലവുമായ ഒരു പഠനമാണ് സൃഷ്ടിക്കുന്നത്. ഇവിടെ നീതിയുടെ എല്ലാ ഓരോ വിഷയവും ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വായനക്കാർക്ക് സമ്പൂർണമായി വിഷയത്തെ മനസ്സിലാക്കാനും ഖുർആനികാദ്ധ്യാപനങ്ങൾ തികവുറ്റതാണെന്ന ആത്മവിശ്വാസത്തോടെ സ്വീകരിക്കാനും മതിയായ തോതിൽ വിശദാംശങ്ങൾ ചർച്ചചെയ്യുന്നത് അനിവാര്യമാണ്.

'ഇസ്‌ലാംമതസ്ഥാപകനായ പരിശുദ്ധ പ്രവാചകൻ മുഹമ്മദി(സ)നെയും ഖുർആനെയും പരിചയപ്പെടുത്തികൊണ്ട് നീതിയുടെ പരിപ്രേക്ഷ്യത്തിൽ അല്ലാഹു പറയുന്നു:

**തന്റെ ദാസന് ഈ ഗ്രന്ഥം അവതരിപ്പിച്ചു കൊടുത്ത അല്ലാഹുവിനാണ് എല്ലാ സ്തുതിയും. അവൻ അതിൽ ഒരു വക്രതയും ആക്കിയിട്ടില്ല.'**(സൂറ: കഹ്ഫ് 18:2)

ഖുർആന്റെ ഒരു അദ്ധ്യാപനവും അലക്ഷ്യമായിട്ടുള്ളതല്ല. വിശുദ്ധ ഖുർആൻ ഒരാൾ പൂർണമായും പഠനവിധേയമാക്കുകയാണെങ്കിൽ മധ്യമമാർഗത്തിൽ നിന്നും അത് അണുകിട വ്യതിചലിച്ചതായി കാണാൻ സാധ്യമല്ല. അത് ഒരിക്കലും തന്നെ ഒരു പ്രത്യേക ദേശീയ ജനവിഭാഗത്തെയോ ഒരു പ്രത്യയ ശാസ്ത്രത്തെയോ കൊള്ളെ ചായുന്നില്ല. പൊതുവേ സാർവ്വത്രിക ഭാവത്തോടെ തികഞ്ഞ സന്തുലനവും തുലമാനവും പാലിക്കുന്ന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

***ഫി(ൽ)*** എന്ന അറബി ഗതി പ്രത്യയം (Preposition) ***അബ്ദ്*** അല്ലെങ്കിൽ ദൈവത്തിന്റെ ദാസൻ എന്ന പദവുമായി (ഉദാ: മുഹമ്മദ്) സംയോജിപ്പിക്കാവുന്നതാണ്. മേൽവചനം ഇപ്രകാരം വിവർത്തനം ചെയ്യാവുന്നതാണ്. 'എല്ലാ സ്തുതിയും വക്രതയില്ലാത്ത തന്റെ ദാസന്ന് ഒരു ഗ്രന്ഥം വെളിപ്പെടുത്തിയ അല്ലാഹുവിനാണ്.'

ഇത് കുറച്ചു കൂടി വിശദീകരിക്കാവുന്നതാണ്. അല്ലാഹു പ്രഖ്യാപിക്കുന്നത് എന്തെന്നാൽ ഒരു മാർഗദർശകൻ എന്ന നിലയിൽ മുഹമ്മദ് അഖില ലോകത്തിന്നുമായി അവതരിച്ച പ്രവാചകനാണ്. അദ്ദേഹത്തിന്റെ പ്രകാശം ഒരു ജനതക്കോ ഏതെങ്കിലും ഒരു ഭൗമാതിർത്തിക്കുള്ളിലോ മാത്രം പരിമിതമല്ല. മാനവരാശിയെ മുഴുവൻ പ്രകാശിതമാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് അദ്ദേഹത്തെ അയച്ചത്.

**'അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ്. അവന്റെ പ്രകാശത്തിന്റെ ഉപമ വിളക്ക് മാടം പോലെയാണ്. അവിടെ ഒരു ദീപമുണ്ട്. ആ ദീപം ഒരു സ്ഫടിക കൂട്ടിലാണ് സ്ഥിതി ചെയ്യുന്നത്. ആ സ്ഫടിക കൂട് മിന്നിത്തിളങ്ങുന്ന ഒരു നക്ഷത്രം പോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ, പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലിവ് വൃക്ഷത്തിന്റെ എണ്ണകൊണ്ടാണ് പ്രകാശിപ്പിക്കപ്പെടുന്നത്. അതിന്റെ എണ്ണയെ അഗ്നി സ്പർശിച്ചില്ലെങ്കിലും അത് പ്രകാശിതമാവും.'** (സൂറ: അന്നൂർ 24: 36)

അല്ലാഹുവിന്റെ പ്രകാശം എന്ന ഈ വിവരണത്തോടെ പരിശുദ്ധ പ്രവാചകന്റെ ഉന്നതമായ ഗുണങ്ങൾ വർണ്ണിക്കാൻ ആരംഭിക്കുന്നു. ഈ വിവരണം ഉത്തുംഗശൃംഖലത്തിലെത്തുന്നത് 'പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത' എന്ന ഒരു ശൈലി

യോടെയാണ്. ദൈവം സൂര്യനെ പടിഞ്ഞാറിനും കിഴക്കിന്നും ഒരുപോലെ പ്രകാശത്തിന്റെ സ്രോതസ്സാക്കി സൃഷ്ടിച്ചിരിക്കുന്നു. ആത്മീയമായി മുഹമ്മദ്(സ) ദൈവത്തിന്റെ പ്രകാശത്തെ സർവ്വ മനുഷ്യരിലും പുന:പ്രസരിപ്പിക്കുന്ന ഒരു ഉപാധിയാണ്. ഈ അർത്ഥത്തിൽ മുഹമ്മദ് നബി(സ) കിഴക്കും പടിഞ്ഞാറും ഒരുപോലെ പ്രകാശിപ്പിക്കുന്ന സൂര്യനെപ്പോലെ അതിമഹിതമായ ഒരു സ്ഥാനമാണ് വഹിക്കുന്നത്.

സൂര്യൻ പ്രകാശത്തിന്റെ അന്തിമ സ്രോതസ്സായി കാണപ്പെടുന്നു. പക്ഷേ ഒരാൾ അഗാധമായി ചിന്തിക്കുമ്പോൾ അതിന്റെ പ്രകാശഗുണം കടപ്പെട്ടിരിക്കുന്നത് അതിന്റെ സ്രഷ്ടാവിലേക്കാണ്. അതുകൊണ്ട് ഒരാൾക്ക് നിസ്സംശയം യാതൊരു തടസ്സവുംകൂടാതെ എല്ലാ പ്രകാശത്തിന്റെയും അന്തിമ സ്രോതസ്സ് ദൈവമാണെന്ന നിഗമനത്തിലെത്താവുന്നതാണ്. അപ്രകാരം പ്രവാചകന്മാർ സൂര്യന്റെ സ്ഥാനമാണ് വഹിക്കുന്നത്. അതായത് ദൈവത്തിന്റെ പ്രകാശം അവന്റെ ദാസരിലേക്ക് എത്തിക്കലാണല്ലോ സൂര്യന്റെ ധർമം.

വാനലോകത്ത് പ്രകാശത്തിന്റെ സ്രോതസ്സായി വർത്തിക്കുന്ന നിരവധി വസ്തുക്കളുണ്ട്. ഭൂമിയുമായി ബന്ധപ്പെട്ട് അതിലെല്ലാറ്റിലും വെച്ച് സൂര്യൻ ഏറ്റവും അനുപമമായ ഒരു സ്ഥാനമാണ് വഹിക്കുന്നത്. അതിന്റെ സാർവലൗകികമായ സ്വഭാവം വളരെ പ്രകടമാണ്. അപ്രകാരം പരിശുദ്ധ പ്രവാചകന്റെ പ്രതിഛായ സാർവലൗകികമായി നിൽക്കുന്നു. അത് ലോകമാകെ പ്രകാശമാനമാക്കുന്നു. പാശ്ചാത്യമോ പൗരസ്ത്യമോ ആയ യാതൊരു വ്യത്യാസങ്ങളും അതിനില്ല.

വിശുദ്ധ ഖുർആന്റെ അദ്ധ്യാപന സാകല്യം മുഴുക്കെ പൂർണ തികവോടെ പ്രവാചകൻ മുഹമ്മദ് നബി(സ)യിൽ പ്രതിഫലിക്കുന്നു. പ്രവാചകന്റെ അദ്ധ്യാപനങ്ങളും മാതൃകകളും തമ്മിൽ സമഞ്ജസമായ പാരസ്പര്യമുണ്ട്. അതുകൊണ്ടാണ് പരിശുദ്ധ പ്രവാചക(സ)ന്റെ സഹധർമിണിയോട് അവിടുത്തെ സ്വഭാവം വിവരിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവരുടെ ഹ്രസ്വവും സംഗൃഹീതവുമായ മറുപടി 'അവിടുന്ന് ഖുർആന്റെ ആൾരൂപമായിരുന്നു' എന്നാണ്.[8]

പരിശുദ്ധ പ്രവാചകന്റെ സ്വഭാവത്തിൽ എല്ലാ ഓരോ തലങ്ങളിലും ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ ഏകോപനം കാണാമായിരുന്നു. റസൂൽ തിരുമേനി(സ)യുടെ സ്വഭാവഗുണംപോലെ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ സമ്പൂർണമായും സംന്തുലനാത്മകമായും നീതിയുടെയും ഔദാര്യത്തിന്റെയും ബന്ധുത്വത്തിന്റെയും തത്ത്വങ്ങളിൽ അധിഷ്ഠിതമാണ്.

### മധ്യമമാർഗം

ഒരു സമുദായം എന്ന നിലക്ക് ഇസ്‌ലാമിക ഉമ്മത്തിന്റെ സ്വഭാവം പ്രവാചകനും അവിടുത്തെ അദ്ധ്യാപനങ്ങളും സമഞ്ജസമായി സംയോജിക്കുന്നു.

**അതേ, പ്രകാരം നാം നിങ്ങളെ ഒരു മധ്യമ സമുദായമാക്കിയിരിക്കുന്നു.** (സൂറ: അൽബഖറ 2:144)

ഇസ്‌ലാംമത സ്ഥാപകനും അവിടുത്തേക്ക് ഇറക്കപ്പെട്ട ഗ്രന്ഥവും ഏകപക്ഷീയതിൽനിന്നും തികച്ചും മുക്തമാണ്. അവ മധ്യമാർഗവുമായി ഒത്തുനിൽക്കുന്നതാണ്. അതിനാൽ മുഹമ്മദ് നബി(സ)യുടെ സമുദായവും ഇടത് പക്ഷത്തേക്കോ വലത് പക്ഷത്തേക്കോ ചായാതെ മധ്യമാർഗ്ഗത്തോട് ഒട്ടി നിൽക്കുന്നതാണ്. ആനുഷംഗികമായി പറയട്ടെ, ഇപ്പോൾ ചില മുസ്‌ലിം വിഭാഗങ്ങൾ പ്രചരിപ്പിക്കുകയും പിന്തുടരുകയും അനുവർത്തിക്കുകയും ചെയ്തുവരുന്ന തീവ്രവാദത്തിന് മുസ്‌ലിംകളുമായി യാതൊരു ബന്ധവുമില്ല.

കൂടാതെ മധ്യമം എന്ന് അർത്ഥം വരുന്ന ***വസ്ത്*** എന്ന അറബി പദത്തിന് ഏറ്റവും വിശിഷ്ടമായത് എന്ന അർത്ഥധ്വനികൂടിയുണ്ട്. ആരെയെങ്കിലും ***വസ്ത്*** എന്ന് വിശേഷിപ്പിച്ചാൽ അയാൾ സന്തുലനം പാലിക്കുന്നയാളും മധ്യമ നിലകൈക്കൊള്ളുന്നവനും അതോടൊപ്പം ഏറ്റവും ഉത്കൃഷ്ട സ്വഭാവത്തോടുകൂടിയ ആളുമാണ് എന്നാണ് അർത്ഥം. അതിനാൽ ഉമ്മത്തൻ വസതൻ എന്ന് വിശേഷിപ്പിക്കപ്പെട്ടാൽ ഏറ്റവും ഉത്കൃഷ്ടമായത് എന്നാണ് അർത്ഥം. ഈ സ്വഭാവം ഒരു ജനതയുടെ അടിസ്ഥാനഗുണമായി മാറുകയാണെങ്കിൽ ആ സമൂഹം എല്ലാ സന്ദർഭത്തിലും പരീക്ഷണഘട്ടങ്ങളിലും മധ്യമ നിലപാടായിരിക്കും സ്വീകരിക്കുക. ആ സമൂഹത്തിന്റെ ചായ്‌വ് ഒരിക്കലും ഏകപക്ഷീയമാവില്ല. ആ സമൂഹം മറ്റുള്ള ജനസമൂഹങ്ങളുടെ വിശ്വാസത്തിനും ആദരവിനും പാത്രമാവുന്നതാണ്. ഒരു പക്ഷത്തോട് മാത്രം വിഭാഗീയത പുലർത്തുന്ന ഒരു ജനതക്ക് മറ്റുള്ളവർക്കിടയിൽ ന്യായവിസ്താരം ചെയ്യാനുള്ള യാതൊരു അവകാശവുമില്ല. അതിനാൽ ഇസ്‌ലാമിന് മനുഷ്യവംശത്തിന്റെ സംരക്ഷണ ചുമതലയുള്ള സാർവദേശീയമായ ഒരു ന്യായ വിസ്താരകനാകാനുള്ള ശേഷിയുണ്ട്. അപ്രകാരം ഇസ്‌ലാമിന്റെ പ്രവാചകൻ ഉമ്മത്തിന്റെ സ്വഭാവത്തിന് കാവൽ നിൽക്കുന്നു. ന്യായത്തിന്നും നീതിക്കും ഒപ്പം ചേർന്ന് നിൽക്കുമെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഈയൊരു കർത്തവ്യമാണ് അദ്ദേഹത്തിൽ ഏൽപ്പിക്കപ്പെട്ടത്, കാരണം; അവിടുന്ന് എല്ലാ നീതിമാന്മാരേക്കാളും ഏറ്റവും പരമോന്നത സ്ഥാനത്ത് നിൽക്കുന്നു എന്നതുകൊണ്ടാണ്. അവിടുന്ന് പ്രപഞ്ച സ്രഷ്ടാവായ തന്റെ സർവാധിനാഥനായ യജമാനനിൽ സമ്പൂർണ വിശ്വാസമർപ്പിക്കുന്നു. മുസ്‌ലിംകളുടെ സംരക്ഷകനായി മാത്രമല്ല അവിടുന്ന്

വിവരിക്കപ്പെടുന്നത്. താഴെ കാണുന്ന വചനത്തിൽ സകല പ്രവാചകന്മാരുടെയും സംരക്ഷകനായിട്ടാണ് അദ്ദേഹം വിശദീകരിക്കപ്പെടുന്നത്.

**എന്നാൽ നാം ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ കൊണ്ടു വരുന്നതാണ് ഇവർക്ക് സാക്ഷിയായി നാം നിന്നെയും കൊണ്ടു വരുന്നതാണ്.** *(സൂറ: അന്നിസാഅ്: 4:42)*

### ഋജുവായ മാർഗം

മുസ്‌ലിംകൾക്കായി ഖുർആൻ നിർദ്ദേശിച്ച ജീവിതമാർഗം നല്ലതുപോലെ സന്തുലനമാക്കപ്പെട്ടതാണെന്ന് മാത്രമല്ല അത് മധ്യമമാർഗവുമാണ്. പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വക്രതകളിൽനിന്നും അത് വിമുക്തവുമാണ് ഇസ്‌ലാം മതത്തിന്റെ സാരസർവസ്വം എന്തെന്നാൽ അത് ഏറ്റവും നന്നായി സംന്തുലനമാക്കപ്പെട്ടതും മുൻവിധിയിൽനിന്ന് മുകത്വുമാണ് എന്നതാണ്. ഈ പ്രമേയം വീണ്ടും വിശദമാക്കികൊണ്ട് ഖുർആൻ പറയുന്നു:

**പറയുക: എന്റെ നാഥൻ തീർച്ചയായും എന്നെ നേർ മാർഗത്തിലേക്ക് നയിച്ചിട്ടുണ്ട്; ഋജുവായ മതത്തിലേക്ക്. അതായത് ധർമനിഷ്ഠനായ ഇബ്രാഹിമിന്റെ മാർഗത്തിലേക്ക്. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല.** *(സൂറ: ആൻആം 6:162)*

ഈ വചനം സിറാത്തൽ മുസ്ത്ഖീം എന്താണെന്നതിലേക്ക് പുതിയ വെളിച്ചം തെളിക്കുന്നു. മധ്യമാർഗം അവലംബിക്കുന്നത് കൂടാതെ അതിന് സ്ഥിരോത്സാഹം, അക്ഷീണ പരിശ്രമം എന്നീ ഗുണങ്ങളും വേണം. ***ഇസ്തഖാമ*** സെയ്ദൂൻ എന്നതിന്റെ അർത്ഥം സൈദ്, അവനെ പുറന്തള്ളാനും അസ്ഥിരപ്പെടുത്താനും നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കെതിരെയും ഉറച്ചു നിലകൊണ്ടു എന്നാണ്. എന്നാൽ വെറും ***ഖാമ*** എന്നതിന്റെ അർഥം നേരെ നിൽക്കുക എന്ന്  മാത്രമാണ്. ഖാമ, ഇസ്തിഖാമ എന്നീ പദങ്ങളുടെ കേവലക്രിയ ഒന്ന് തന്നെയാണ്. എന്നാൽ ***ഇസ്ത്*** എന്ന ഉപസർഗം മുന്നിൽ ചേർക്കുമ്പോൾ ആ പദത്തിന് ഒരു പുതിയ കേന്ദ്ര അർഥധ്വനി കൂടി കൈവരുന്നു. അതിന്റെ പുതിയ അർഥധ്വനിപ്രകാരം ഉന്മൂലനം ചെയ്യാനും ബഹിഷ്ക്കരിക്കാനും അസ്ഥിരമാക്കാനുമുള്ള എല്ലാ ശ്രമത്തിനെതിരെയുമുള്ള അക്ഷീണ ചെറുത്ത് നിൽപ്പ് എന്നാണ്. മനുഷ്യന്റെ കാര്യത്തിൽ അത് അർഥമാക്കുന്നത് ഒരാളുടെ വിശ്വാസത്തിൽ കഠിന വ്രതമെടുത്തുകൊണ്ട് അതിന് വിപരീതം നിൽക്കുന്ന എല്ലാറ്റിന്നെതിരെയുമുള്ള അക്ഷീണ പരിശ്രമം സ്ഥിരോത്സാഹം ദൃഢനിശ്ചയം എന്നൊക്കെയാണ്. ആയതിനാൽ മുസ്‌ലിംകൾ എല്ലാവരും ***സിറാത്വൽ മുസ്തഖീം*** ൽ നിൽക്കാൻ പ്രാർഥന ആവശ്യമാണ്. അതേസമയം ശത്രു പ്രസ്തുത പ്രാർഥനയിൽ നിന്നും വ്യതിചലിപ്പിക്കാൻ അക്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

അതിനാൽ ***സിറാത്വൽ മുസ്തഖീം*** എന്നത് മറ്റുള്ളവർ വിരൂപണം വരുത്താനും വളക്കാനും മാറ്റാനും ശ്രമിക്കുന്ന നേർമാർഗ്ഗം എന്നാണ്. അത്തരം സംഘടിതശ്രമങ്ങളെല്ലാം തന്നെ ഒരു വശത്തുണ്ടെങ്കിലും ഋജുമാർഗത്തിൽ നിന്നും വ്യതിചലിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളും നിഷ്ഫലമാവുമെന്ന് ദൈവം ഉറപ്പ് നൽകുന്നു. ഇസ്‌ലാം മതത്തിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ പുന:സ്ഥാപനം ചുരുങ്ങിയത് ഒരുനൂറ്റാണ്ടുകാലത്തിന്നുള്ളിൽ സംഭവിക്കുന്നു എന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അത് ദൈവത്തിൽ നിന്നും മാർഗദർശനം ലഭിക്കുന്ന ഒരുമഹാത്മാവിനാലാണ് സംഭവിക്കുക. മനുഷ്യകൃതമായ വ്യതിയാനങ്ങളും സ്വാഭാവികമായുണ്ടാകുന്ന ജീർണതകളുടെ അടയാളങ്ങളും ആ ദൈവപ്രേഷിതനാൽ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കപ്പെടും എന്നാണ് വാഗ്ദാനം.

എല്ലാ സംഭവങ്ങളിലും ***വസതൻ*** എന്ന പദത്തിന്റെ യഥാർഥ അർഥം ഇസ്‌ലാമിന്റെ പ്രവാചകൻ വക്രതയിൽനിന്നും ഏകപക്ഷീയതയിൽനിന്നും മുക്തമാണ് എന്നതാണ്. അപ്രകാരം അവിടുത്തെ ഉമ്മത്തും അദ്ധ്യാപനങ്ങളും അത്തരത്തിലുള്ളതായിരിക്കണം.

ഓർക്കേണ്ട ഒരു കാര്യം നേർമാർഗത്തിന്റെ സങ്കൽപ്പം മനുഷ്യപുരോഗതിയോടൊപ്പം കാലഘട്ടങ്ങളിലൂടെ ക്രമേണ വികസിച്ചതും ഘട്ടം ഘട്ടങ്ങളായി പുരോഗമിച്ചതുമാണ്. ഇസ്‌ലാമികപൂർവ്വ മതങ്ങളിലും നേർമാർഗത്തിന്റേതായ സങ്കൽപ്പം കാണാവുന്നതാണ്. മേൽ ഉദ്ധരിച്ച ഖുർആൻ വചനത്തിൽ പരിശുദ്ധ പ്രവാചകൻ തന്റെ മതത്തെ നേർമാർഗമായിട്ടാണ് പറയുന്നത്. പ്രവാചകൻ ഇബ്രാഹിം നബി(അ) യുടെ മതം തന്നെയാണ് അതെന്നും വിശേഷിപ്പിക്കുന്നു. തന്റെ അദ്ധ്യാപനങ്ങളും ഇബ്രാഹിമി(അ)ന്റെ മാർഗത്തിലുള്ളതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇബ്രാഹിം(അ)ന് കാണിക്കപ്പെട്ട നേർമാർഗവും മുഹമ്മദ്(സ)ന് കാണിക്കപ്പെട്ട നേർമാർഗവും തമ്മിലുള്ള വ്യത്യാസം എന്താണ്? വ്യത്യാസം ഒരു കാര്യത്തിൽ മാത്രമാണ്. തുടക്കം മുതൽ മനുഷ്യൻ ശരിയായ മാർഗത്തിലാണ് നയിക്കപ്പെട്ടുകൊണ്ടിരുന്നത്. പക്ഷേ ഇസ്‌ലാമിനു മുമ്പുള്ള എല്ലാ മതങ്ങളും പ്രത്യേകമായ ഒരു കാലഘട്ടത്തിന്റെയോ ഒരു ജനവിഭാഗത്തിന്റെയോ ആവശ്യങ്ങളെ മുൻനിർത്തിയുള്ളതാണ്. ഇസ്‌ലാമിനുമുമ്പ് ഒരു സാർവജനീനമായ മതം ഇല്ലായിരുന്നു. ആയതിനാൽ നേർമാർഗത്തിന്റെ നിർവചനം ചില പ്രത്യേകമായ സമയത്തേക്കോ ജനതയുടെ നിർദിഷ്ടമായ ആവശ്യങ്ങളെയോ മുൻനിർത്തിയുള്ളതായിരുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു:

വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അനീതിയുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് രക്ഷയുള്ളത്. നേർമാർഗം പ്രാപിക്കുന്നവരും അവർ തന്നെ. ഇബ്രാഹിമിന് അദ്ദേഹത്തിന്റെ ജനങ്ങൾക്കെതിരായി നാം നല്കിയ നമ്മുടെ തെളിവാണിത്. നാം ഇച്ഛിക്കുന്നവരെ പല പദവികളിലായി നാം ഉയർത്തുന്നു. തീർച്ചയായും നിന്റെ നാഥൻ യുക്തിജ്ഞനും സർവജ്ഞനുമാകുന്നു. നാം അദ്ദേഹത്തിന്ന് ഇസ്ഹാഖിനെയും യഅ്ഖൂബിനേയും ദാനമായി നൽകി. എല്ലാവർക്കും നാം നേർവഴി കാണിച്ചു കൊടുത്തു). ഇതിന്ന് മുമ്പ് നൂഹിന്നും നാം മാർഗദർശനം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്തതികളിൽ നിന്ന് ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസാ, ഹാറൂൻ എന്നിവർക്കും നാം സന്മാർഗം കാണിച്ചുകൊടുത്തു.) ഇങ്ങനെയാണ് സദ്‌വൃത്തർക്ക് നാം പ്രതിഫലം നല്കുന്നത്. സകരിയ്യ, യഹ്‌യാ, ഈസാ, ഇൽയാസ്, എന്നിവർക്കും (നാം നേർമാർഗം കാണിച്ചു കൊടുത്തിട്ടുണ്ട്. അവർ എല്ലാവരും സുകൃതവാന്മാരിൽ പെട്ടവരായിരുന്നു. ഇസ്മായിൽ, അൽയസഅ്, യൂനുസ്, ലൂത്ത് എന്നിവർക്കും (നാം മാർഗദർശനം നല്കിയിട്ടുണ്ട്.) ഇവരെയെല്ലാം നാം സമസ്ത ലോകരേക്കാളും ശ്രേഷ്ഠരാക്കുകയും ചെയ്തു. അവരുടെ പിതാക്കളിൽ നിന്നും അവരുടെ സന്തതികളിൽ നിന്നും അവരുടെ സഹോദരങ്ങളിൽ നിന്നും ചിലർക്ക് നാം മാർഗ്ഗദർശനം നൽകിയിട്ടുണ്ട്.) നാം അവരെ തിരഞ്ഞെടുക്കുകയും ചൊവ്വായ മാർഗ്ഗത്തിൽ അവരെ വഴി നടത്തുകയും ചെയ്തു.(സൂറ:അൻആം 6:83-88)

ശരിയായ മാർഗം എന്നത് ഇസ്ലാമിന്റെ മാത്രം കുത്തകയല്ല. ഇസ്ലാം ആവിർഭവിക്കുന്നതിനു മുമ്പ്, മേൽപ്രതിപാദിച്ച വചനം അവകാശപ്പെടുന്നതുപോലെ നേർമാർഗത്തെ കുറിച്ചുള്ള അദ്ധ്യാപനങ്ങൾ എല്ലാ പ്രവാചകന്മാരും നൽകിയിരുന്നു. അതിനാൽ എപ്പോഴാണ് ഒരു സാർവജനീന പ്രവാചകൻ ലോകത്ത് പ്രത്യക്ഷനായത്? എപ്പോഴാണ് നേർമാർഗത്തിന് സാർവജനീനമായ ഒരു പ്രാധാന്യം ലഭിച്ചത്? ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിനുവേണ്ടി ഇസ്ലാമിന്റെ സാർവദേശീയതയുമായും പരിശുദ്ധ പ്രവാചകന്റെ സാർവജനീനവുമായും ബന്ധപ്പെട്ട വിശുദ്ധ ഖുർആന്റെ വചനങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. ഖുർആൻ പറയുന്നു:

**നാം നിന്നെ സകലലോകത്തിന്നും കാരുണ്യമായിട്ടല്ലാതെ അയച്ചിട്ടില്ല.** (സൂറ: അൽ അമ്പിയാഅ് 21:108) **സന്തോഷ വാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി സമസ്ത മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ മനുഷ്യരിൽ അധിക പേരും ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല.** (സൂറ: സബഅ് 34: 29)

ഇവിടെ കുറച്ചുകൂടി ഊന്നൽ നൽകി വിശദീകരിക്കേണ്ടതുണ്ട്. ഖുർആൻ വെളിപ്പെടുന്നതുവരെ മറ്റു യാതൊരു വെളിപാടു ഗ്രന്ഥവും സാർവ്വജനീനമാണെന്ന് അവയുടെ സന്ദേശത്തിലും അതിന്റെ പ്രയോഗവത്ക്കരണത്തിലും അവകാശപെട്ടിട്ടില്ല. മുഹമ്മദ് നബി (സ) ക്കു മുമ്പ് ഒരു പ്രവാചകനുംതന്നെ ജനങ്ങൾ തമ്മിലോ ദേശീയവിഭാഗങ്ങൾ തമ്മിലോ യാതൊരു വിഭാഗീയതയും കൂടാതെ മനുഷ്യരാശിയെ മുഴുവൻ അഭിസംബോധന ചെയ്തുകൊണ്ട് താൻ സാർവജനീന പ്രവാചകനാണെന്ന് പ്രഖ്യാപിച്ചിട്ടില്ല. മറ്റു പ്രവാചകന്മാരെല്ലാം തങ്ങളുടെ ജനതയെ മാത്രമാണ് അഭിസംബോധന ചെയ്തത്. അവർ അയൽരാജ്യങ്ങളിൽ ഉൾപ്പെട്ടവരായിരിക്കാം. അല്ലെങ്കിൽ അവർ അതിഥി രാജ്യങ്ങളിൽ കുടിയേറ്റക്കാരായി ജീവിക്കുന്നവരായിരിക്കാം. എന്നാൽ ഖുർആൻ അല്ലാതെ മറ്റൊരു ദൈവികഗ്രന്ഥവും മാനവവംശത്തെ ഒന്നാകെ അഭിസംബോധന ചെയ്തിട്ടില്ല. അതുകൊണ്ട് നേർമാർഗം എന്നത് ഇസ്ലാംപൂർവ മതങ്ങളിൽ അവർ നിർവചിച്ചിരുന്നത് അവരുടെ പ്രത്യേകം ആവശ്യങ്ങളുടെ നിർവ്വഹണത്തിന്നുള്ള പരിമിത വൃത്തത്തിലാണെന്ന് മനസ്സിലാക്കണം.

## ഇസ്‌ലാമും മനുഷ്യ പ്രകൃതിയും

സർവ മനുഷ്യർക്കും സർവകാലത്തേക്കുമുള്ള ഒരേയൊരു ദൈവിക ഗ്രന്ഥമാണ് ഖുർആൻ എന്ന് സ്ഥാപിക്കപ്പെടുമ്പോൾ അതിന്റെ അധ്യാപനങ്ങൾ എല്ലാ മനുഷ്യ വിഭാഗങ്ങൾക്കും ഒരുപോലെ ബാധകമായിരിക്കണം. അതിന്റെ അധ്യാപനങ്ങൾ സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തിന് പക്ഷപാതിത്വമോ അമിതപ്രാധാന്യമോ കാണിക്കാൻ പാടുള്ളതല്ല. അത് ഒരു കാലത്തേക്ക് മാത്രമുള്ള അദ്ധ്യാപനമായിരിക്കാനും പാടില്ല. അത് സ്ഥലകാലങ്ങളുടെ എല്ലാ അതിർവരമ്പുകളും അതിവർത്തിക്കുന്നതായിരിക്കണം. അല്ലെങ്കിൽ സാർവജനീനത എന്ന അവകാശവാദം അംഗീകരിക്കപ്പെടാൻ സാദ്ധ്യതയില്ല.

ഈ ഒരു വീക്ഷണകോണിൽ നിന്നുകൊണ്ട് നാം ഖുർആന്റെ സാർവജനീനമാണെന്ന അവകാശവാദത്തെ പരിശോധിക്കുമ്പോൾ ഖുർആന്റെ അദ്ധ്യാപനങ്ങൾ പൂർണ്ണമായും അതിന്റെ അവകാശവാദത്തെ പിന്തുണക്കുന്നതായി കാണാം. ഇത് സംബന്ധിച്ച് മുന്നോട്ടുവെക്കുന്ന അടിസ്ഥാനപരവും സുപ്രധാനവുമായ വാദം ഇസ്ലാം മതം മനുഷ്യപ്രകൃതിയുമായി പൂർണമായും പൊരുത്തപ്പെടുന്നതാണ് എന്നതാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇസ്ലാം ഒരു പ്രത്യേക കാലഘട്ടത്തിനോ ജനതക്കോ വേണ്ടിയല്ല അഭികൽ

പ്പന ചെയ്യപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുക. മറിച്ച് അത് മ നുഷ്യപ്രകൃതിയുമായി പൂർണമാ യും ഒത്തുപോകുന്നതാണ്. ലോക ത്തെല്ലായിടത്തും മനുഷ്യപ്രകൃതി ഏകതാനമാണ്. വംശീയമായോ ജനവർഗ്ഗപരമായോ മനുഷ്യപ്രകൃ തി എവിടേയും സ്വാധീനിക്കപ്പെ ടുന്നില്ല. അതുപോലെ കാലഘട്ട ങ്ങൾ മനുഷ്യന്റെ അടിസ്ഥാനപ രമായ വ്യക്തിത്വം മാറ്റുന്നില്ല. പ തിനായിരം വർഷങ്ങൾക്ക് മുമ്പ് അദ്ധ്യാത്മികമായും നാഗരികമാ യും അപരിഷ്കൃതനായി ജീവിച്ച മനുഷ്യന് ഇന്നത്തെ നാഗരിക മനുഷ്യന്റെ സമാനപ്രകൃതിയാ ണുള്ളത്. ഖുർആൻ പറയുന്നു:

**അല്ലാഹു ഏതൊരു പ്രകൃതി യിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃതി. (കൈകൊള്ളുക) അ ല്ലാഹുവിന്റെ സൃഷ്ടിപ്പിൽ യാ തൊരു മാറ്റവുമില്ല. അതത്രെ എ ന്നെന്നും നിലനിൽക്കുന്ന മതം. പക്ഷേ മനുഷ്യരിൽ അധികപേ രും യാഥാർത്ഥ്യം അറിയുന്നില്ല.** (സൂറ: അർറൂം 30:31)

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ച മൂശയ്ക്ക് മാറ്റമില്ല. അല്ലാഹു സൃ ഷ്ടിച്ച എല്ലാറ്റിനും ഒരു മൂശയും മുദ്രയുമുണ്ട്. ഇത് എല്ലാ ജീവി വർഗങ്ങൾക്കും എല്ലാ ജീവരാശി ക്കും എല്ലാ ജീവിസമൂഹങ്ങളെ സം ബന്ധിച്ചും ശരിയാണ്. ഈ തത്ത്വ ത്തിൽനിന്നും ഒരു ജീവിവർഗവും ജീവരാശിയും ജീവിസമൂഹവും ഒഴി വല്ല. ഏത് കാലംവരെയാണ് ഒരു ജീവിവർഗം അതിന്റെ സൃഷ്ടിപ്പിന്റെ പ്രത്യേക ലക്ഷ്യത്തിൽ നിലകൊ ള്ളുന്നത് അതുവരെ അത് അതി നായി കൽപിതമായ ഒരു മാതൃക യിൽ അത് നിലകൊള്ളുന്നു. മറ്റൊ രു ജീവിതരീതി തിരഞ്ഞെടുക്കാ നുള്ള അവസരം ആ ജീവിക്കില്ല. ഒരു ജീവി അതിന്റെ സ്വഭാവം മാറാൻ ആരംഭിക്കുമ്പോൾ പോ ലും അത് പ്രകൃതിയുടെ പദ്ധതി ലംഘിക്കുന്നില്ല. വാസ്തവത്തിൽ ചില ജീവികളുടെ സ്വഭാവങ്ങളിൽ ക്രമേണ വ്യതിയാനങ്ങളുണ്ടാവാറ ുണ്ട്. അത് താഴ്ന്ന വർഗ്ഗ ഗങ്ങളി ലേക്കുള്ള ഒരു ജീവിയിൽനിന്നും അതിന്റെതന്നെ ഉയർന്ന വർഗങ്ങ ളിലേക്ക് മാറ്റത്തിനുള്ള തയ്യാറെ ടുപ്പുകളാണ്. ഇതും പ്രകൃതിയുടെ ഭാഗമാണ്. അത്തരം പ്രകൃതി യുടെ പദ്ധതികൾ മാറ്റമില്ലാതെ നിൽക്കുന്നു. ആ അർഥത്തിൽ ഹോമോ സാപിയൻസിന്റെ വർ ഗത്തിൽ മനുഷ്യൻ നിൽക്കുന്ന കാലത്തോളം തന്റെ പുരാതന മായ പൂർവഗാമികൾക്കുണ്ടായിരു ന്ന അതേ ജനിതകപരമായി നി യന്ത്രിതമായ സ്വഭാവവിശേഷങ്ങൾ തന്നെ ഉണ്ടായിരിക്കും. ഏതെ ങ്കിലും മതപരമായ അദ്ധ്യാപനങ്ങള നാം കണക്കിലെടുക്കുമ്പോൾ മ നുഷ്യന്റെ ഈ മാറ്റമില്ലാത്ത സാർ വത്രികമായ സ്വഭാവം തുടർന്നും അചഞ്ചലമായി നിൽക്കുന്നു.

ഈ മതങ്ങളൊന്നും മാറാത്ത തുകൊണ്ട്, അവ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ചില പ്പോൾ പരിഷ്ക്കരിച്ചു കൊണ്ടിരു ന്നു. എന്നാൽ മറ്റെല്ലാ മതങ്ങളെ യും ഒഴിവാക്കിക്കൊണ്ട് സത്യ ത്തിന്റെ കുത്തക ഇസ്ലാം അവ കാശപ്പെടുന്നില്ല എന്ന കാര്യം വ്യ ക്തമായും മനസ്സിലാക്കണം. നേരെ മറിച്ച് ഇസ്ലാം എല്ലാ ദിവ്യമതങ്ങ ളും പൊതുവേ പങ്കിടുന്ന കേന്ദ്ര ദൈവസങ്കൽപ്പത്തെപ്പറ്റി വ്യക്ത മായി സംസാരിക്കുന്നു. കാല ക്രമേണ മതത്തിന്റെ മുഖ്യകാണ്ഡം ശക്തമായും വിസ്തൃതിയിലും വ ളരുന്നു. ആ മുഖ്യകാണ്ഡം പല ശാഖകൾക്കും ജന്മം നല്കുന്നു. അവ മതത്തിന്റെ ദ്വിതീയ അ ദ്ധ്യാപനങ്ങളായി പ്രവർത്തിക്കു കയും ചെയ്യുന്നു. അങ്ങനെ മതം പുരോഗമിക്കുന്നതിനനുസരിച്ച് മതത്തിന്റെ ഈ മുഖ്യ അടിസ്ഥാ നങ്ങളുടെ അനുപാതത്തേക്കാൾ കൂടുതലായി ദ്വിതീയ അദ്ധ്യാപന ങ്ങൾ വലുതായി വരികയും ചെ യ്യുന്നു. മുഖ്യകാണ്ഡത്തിൽനിന്നും ശാഖകളും ഇലച്ചാർത്തുകളും വ ളർന്നുകൊണ്ട് വ്യത്യാസങ്ങളുണ്ടാ കുകയും ചെയ്യുന്നു. മുഖ്യ കാണ്ഡ ത്തിൽ മൗലികമായ യാതൊരു രൂപ ഘടനാ മാറ്റവും ഉണ്ടാകുന്നുമില്ല.

മനുഷ്യന്റെ അടിസ്ഥാന സ്വഭാ വങ്ങളൊന്നുംതന്നെ ബലി കഴി ക്കാതെ മനുഷ്യസ്വഭാവത്തിന്റെ എ ല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന വിധം അതിന്റെ എല്ലാ പ്രത്യേകത കളും ഉൾക്കൊള്ളുന്ന ഒരു മതത്തെ അവതരിപ്പിച്ചു എന്നാണ് ഖുർ ആന്റെ അവകാശവാദം. ഇതിന് ഉപയോഗിച്ച സാങ്കേതികപദമാണ് ശരിയായ മതം എന്നർത്ഥം വരുന്ന ***ദീനുൽ ഖയ്യിമ*** (30:31). അത് സ്വ യംതന്നെ ശരിയായ മതം എന്ന അർഥം മാത്രമല്ല മറ്റുള്ളതിനെ ശ രിയാക്കാനുള്ള ശേഷികൂടി അതി നുണ്ട് എന്ന അർഥധ്വനികൂടി അ ത് ഉൾക്കൊള്ളുന്നു. മതം എന്നത് മനുഷ്യന്റെ പ്രകൃതിയിൽ മുദ്രണം ചെയ്ത ദൈവത്തിന്റെ വചനമാണ്. അത് സർവമനുഷ്യരിലും മുദ്രിത മായ അല്ലാഹുവിന്റെ പ്രകൃതിയാ ണ്. പരിശുദ്ധ പ്രവാചകന്റെ ഇത് സംബന്ധിച്ച നിരീക്ഷണം കാ ണുക.

*ഒരുകുഞ്ഞും ഇസ്ലാമിന്റെ മൂശ യിലല്ലാതെ ജനിക്കുന്നില്ല.*[9]

മറ്റൊരു ഹദീസിൽ അവിടുന്ന് വീണ്ടും അത് വിശദീകരിക്കുന്നു.

*പ്രകൃതിയുമായി സാമഞ്ജസ്യ പ്പെട്ടല്ലാതെ ഒരു കുഞ്ഞും ജനി ക്കുന്നില്ല. മതാപിതാക്കന്മാരാണ് അവരെ യഹൂദനും ക്രിസ്ത്യാനി യും അഗ്നിയാരാധകനും ആക്കി തീർക്കുന്നത്.*[10]

ഖുർആന്റെയും പരിശുദ്ധ പ്രവാ ചകന്റെയും വചനങ്ങളിൽനിന്നും നമുക്ക് എത്താവുന്ന യുക്തിപ രമായ നിഗമനം എന്താണെന്ന് വെച്ചാൽ മനുഷ്യപ്രകൃതിയും ഇസ് ലാം മതവും പരസ്പരം പര്യായപ ദങ്ങളാണ് എന്നാണ്. അതായത് രക്ഷിതാക്കന്മാർക്ക് അവർ ആഗ്ര ഹിക്കുന്ന രൂപത്തിൽ കുട്ടികളെ വാർത്തെടുക്കാൻ സാധിക്കുന്നു.

സിഗ്മണ്ട് ഫ്രോയിഡ് (Sigmund Freud)പല വികലമായതും അരോചകമായതുമായ സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പല സിദ്ധാന്തങ്ങളും ഇതിനകംതന്നെ തെറ്റാണെന്ന് തെളിയിക്കപ്പെടുകയുണ്ടായിട്ടുണ്ട്. അദ്ദേഹം മതങ്ങളെ പൊതുവായും ഇസ്ലാമിനെ പ്രത്യേകിച്ചും എതിർത്തു. മതത്തെ ഇകഴ്ത്താനും ദൈവാസ്തിത്വത്തെ നിരാകരിക്കാനും അദ്ദേഹം മുന്നോട്ടുവെച്ച വീക്ഷണം കുട്ടിയുടെ മതം അവന്റെ വ്യക്തിത്വത്തിന്മേൽ യാതൊരു സ്വാധീനവും ചെലുത്തുന്നില്ല എന്നാണ്. ഏതൊരു വിഭാഗത്തിൽപ്പെട്ട ആളായാലും ആർക്കും തന്നെ ഒരു കുട്ടിയെ നാസ്തികനായോ മതവിശ്വാസിയായോ മറ്റേതൊരു വിഭാഗത്തിൽ പെട്ട ആളായോ വളർത്താം. ഒരു കുട്ടി അവൻ പ്രായപൂർത്തിയെത്തിയാൽ ദൈവത്തിന്റെ പ്രവാചകനായിരിക്കും എന്ന ശക്തമായ ബോദ്ധ്യത്തോടെയും ഒരു കുട്ടിയെ വളർത്താനാകും.

ഇസ്ലാമിനും ദൈവത്തിനുമെതിരെ ഈ വാദം അദ്ദേഹം പടുത്തുയർത്തുമ്പോൾ കുറച്ചൊക്കെ ഇസ്ലാമിക സങ്കൽപ്പത്തിലുള്ള കുഞ്ഞിന്റെ ജന്മത്തെയും തുടർന്നുള്ള വളർച്ചയെയും അദ്ദേഹം പിന്തുണയ്ക്കുകയാണ് ചെയ്യുന്നത്. ഫ്രോയിഡ് ജനിക്കുന്നതിന് വളരെ കാലം മുമ്പ് ഇസ്ലാമിന്റെ പരിശുദ്ധ പ്രാവചകൻ നമ്മോട് പറഞ്ഞറിയിച്ചിരിക്കുന്നത് എല്ലാ ശിശുക്കളും വളരുന്നത് ദൈവത്തിന്റെ പ്രകൃതിയിലാണ് എന്നാണ്, പക്ഷേ അവന്റെ രക്ഷിതാക്കന്മാരുടെ സ്വാധീനത്തിൽ അവനെ വാർത്തെടുക്കാവുന്നതാണ്; അല്ലെങ്കിൽ അവന്റെ രക്ഷിതാക്കന്മാരാണ് അവന്റെ വളർച്ചക്ക് ഉത്തരവാദികൾ എന്നാണ്.

വീണ്ടും പ്രസക്തമായ ചോദ്യം ഉയരുകയാണ്. എന്താണ് മനുഷ്യന്റെ ബോധത്തിന്റെ പ്രകൃതി? പ്രശസ്തരായ പല തത്ത്വശാസ്ത്രകാരന്മാരും പണ്ഡിതന്മാരും പറഞ്ഞിരിക്കുന്നത് മനുഷ്യന്റെ പ്രകൃതിയിൽ സാർവത്രികമായ ധാർമികതയുടെ മുദ്രയുണ്ടെന്നാണ്. ഒരാൾ ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ സ്വാധീനത്തിലല്ല ജനിക്കുന്നത്. ഈ അന്തർലീനമായ ധാർമിക അധ്യാപനത്തെ പറ്റിയുള്ള ജാഗ്രതാവസ്ഥയെയാണ് മനസ്സാക്ഷി എന്ന് പറയുന്നത്.

പതിനെട്ടാം നൂറ്റാണ്ടിലെ വിശ്വപ്രശസ്ത തത്ത്വശാസ്ത്രജ്ഞനായിരുന്ന ഇമ്മാനുവൽ കാന്റിനെ (Immanual Kant)* പരാമർശിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. ദൈവത്തിന്റെ അസ്തിത്വത്തിനുള്ള തെളിവായി പലരും സമർപ്പിച്ച തെളിവുകൾ അദ്ദേഹം നിരാകരിക്കുകയുണ്ടായി. പ്രത്യേകിച്ച് ദൈവാസ്തികൃത്തിനനുകൂലമായ അൻസെൽമി (Anselm) ന്റെ മീമാംസാ തത്ത്വ ദർശനം (Ontological) പഠിച്ച ശേഷം കാന്റ് ശക്തമായി അത് നിഷേധിച്ചു. എന്തായിരുന്നാലും കാന്റിന്റെ ബോധമണ്ഡലത്തിൽ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നത് സാർവ്വത്രികമായ ധാർമികബോധം എല്ലാ മനുഷ്യനിലും ഉണ്ട് എന്ന വസ്തുത ഒന്ന് മാത്രമാണ്. ഇതായിരിക്കാം ദൈവസ്തികൃത്തിന്ന് അനുകൂലമായി ഹിതകരമായ ഒരു വാദമെന്ന് അദ്ദേഹം സമ്മതിക്കുകയുണ്ടായി.[11]

ഈ ധാർമികനിയമം മനുഷ്യന്റെ ഉപബോധമനസ്സിന്റെ ഭാഗമാണ്. എല്ലാ മനുഷ്യർക്കും അത് വ്യക്തമായി ഗ്രഹിക്കാനുള്ള കഴിവില്ല. അവസാനത്തെ പ്രമാണ വാഹകനായ പ്രവാചകൻ(സ) ഈ അദ്ധ്യാപനങ്ങൾ വെളിച്ചത്ത് കൊണ്ടു വരികയുണ്ടായി.

കാന്റിന്റെ യുക്തി വളരെ ബലവത്തായ ഒന്നാണ്. ദൈവസങ്കൽപ്പത്തിന്റെ ചില മുദ്രകൾ എല്ലാ മനുഷ്യരിലും ഉണ്ട് എന്ന അദ്ദേഹത്തിന്റെ ആവിഷ്ക്കാരം മഹത്തായ ഒരു ഖുർആനിക വെളിപാട് മനസ്സിലേക്ക് കൊണ്ടു വരുന്നു. മനുഷ്യന്റെ സൃഷ്ടിക്ക് മുമ്പുതന്നെ ദൈവം മനുഷ്യനിൽ തന്റെ മുദ്ര പതിപ്പിക്കുകയുണ്ടായി. അത് മനുഷ്യന്റെ പരിണാമത്തെ ഭരിക്കുകയും നയിക്കുകയും ചെയ്യുന്ന രൂപരേഖയുടെ ഭാഗമായി രൂപപ്പെട്ടതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**'ആദം സന്തതികളിൽ നിന്ന്-അവരുടെ മുതുകുകളിൽ നിന്ന്-അവരുടെ പിൻതലമുറകളെ നിന്റെ നാഥൻ പുറത്തേക്ക് കൊണ്ടുവരികയും 'ഞാൻ നിങ്ങളുടെ നാഥനല്ലയോ' എന്ന് ചോദിച്ചുകൊണ്ട് അവരുടെ ആത്മാക്കളുടെ മേൽ അവരെ തന്നെ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (സ്മരിക്കുക) അവർ പറഞ്ഞു: 'അതേ ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു.' 'ഞങ്ങൾ അതിനെ സംബന്ധിച്ച് അശ്രദ്ധരായിരുന്നു' എന്ന് നിങ്ങൾ പുനരുത്ഥാന നാളിൽ പറയാതിരിക്കാൻ വേണ്ടിയാണിത്.** (7:173)

ഈ വചനം ദൈവവിശ്വാസം മനുഷ്യന്റെ സൃഷ്ടിപ്പിൽ തന്നെ എങ്ങനെ ലീനമായിരിക്കുന്നു എന്നതിന്റെ രൂപകാത്മക വിവരണമാണ്.

## ഉത്തരവാദിത്വവും പരമ്പരാഗത പാപവും.

ഇസ്ലാം മതത്തിൽ നീതിയുടെ സമ്പൂർണമായ അദ്ധ്യാപനം നാം കാണു കയുണ്ടായി. ഒരു മനുഷ്യനും മറ്റൊരു മനുഷ്യനും തമ്മിൽ മാത്രമല്ല, ഒരു കാലഘട്ടവും മറ്റൊരു കാലഘട്ടവും തമ്മിലുള്ള നീതി നിർവ്വഹണവും നാം കാണുന്നു. ഇതേ തത്ത്വം മതചരിത്രത്തിൽ നാം പരിശോധിക്കുമ്പോൾ നമുക്ക് എത്തിച്ചേരാൻ സാധിക്കുന്ന നിഗമനം എല്ലാകാലത്തുള്ള ജനങ്ങളും ദൈവത്തിൽനിന്നുള്ള ഒരേ നീതി തത്ത്വത്താലാണ്. ദൈവത്താൽ ഭരിക്കപ്പെട്ടത് എന്നാണ്. നാം ഖുർആനിൽ ഇപ്രകാരം വായിക്കുന്നു:

**അത് കഴിഞ്ഞുപോയ ഒരു സമൂഹമാണ്. അവർ സമ്പാദിച്ചതിന്റെ അവർക്കുണ്ട്. നിങ്ങൾ സമ്പാദിച്ചത് നിങ്ങൾക്കുമുണ്ട്. അവർ പ്രവർത്തിച്ചതിനെ പറ്റി നിങ്ങളോട് ചോദിക്കുകയില്ല.** (അൽബഖറ:2:135)

ഉത്തരം പറയേണ്ട ചോദ്യം വരുമ്പോൾ ഒരോ തലമുറയും അവരുടെ പ്രവൃത്തികളുടെ ഉത്തരം പറയാൻ ബാദ്ധ്യസ്ഥരാണ്. ഒരോ കാലഘട്ടവും അവരുടെ സ്വഭാവത്തെപറ്റി കണക്ക് ബോധിപ്പിക്കാൻവേണ്ടി പിടിക്കപ്പെടും. ഈ ഖുർആനിക ശൈലി വിവിധ കാലഘട്ടങ്ങളിൽ ആനുപാതികമായുണ്ടായ മുന്നേറ്റങ്ങളിലേക്ക് നമുക്ക് കൂടുതൽ വെളിച്ചം നല്കുന്നു. അതിനാൽ ഉത്തരവാദിത്വം എന്നത് ചില നിശ്ചിത കാലഘട്ടങ്ങളിൽ മനുഷ്യന്റെ കഴിവുകളുമായി ബന്ധപ്പെടുത്തി അവരുടെ ചരിത്ര കാലഘട്ടത്തിലായിരിക്കും സംഭവിക്കുക. നാം നമ്മുടെ വീക്ഷണങ്ങൾക്കനുസരിച്ച് വിധി കൽപ്പിക്കുന്നതുപോലെ അവർ അവരുടെ പ്രവണതകൾക്കനുസരിച്ചായിരിക്കും വിധികൽപ്പിക്കുക. ഖുർആന്റെ ഈ വശം രണ്ട് തലങ്ങളുമുള്ള സ്ഥലകാലങ്ങളിലും സാർവലൗകികത പ്രദാനം ചെയ്യുന്നു.

മനുഷ്യ പ്രകൃതി അത്തരം നീതിപൂർവമായ അധ്യാപനങ്ങളെ ദിവ്യമായി സ്വീകരിക്കുന്നു. ഇതാണ് മനുഷ്യന്റെ അധ്യാപനങ്ങളിൽനിന്നും ദൈവത്തിന്റെ അധ്യാപനങ്ങളെ വേർതിരിച്ചുകാട്ടുന്നത്. ഈ വസ്തുതയിൽ പാരമ്പര്യപാപം എന്ന ക്രിസ്തീയ മതസിദ്ധാന്തം കൗതുകകരമായ വിഷയമാണ്. അത് ദൈവത്തിൽനിന്നും ക്രിസ്തു(അ)വിലേക്ക് പ്രേഷണം ചെയ്യപ്പെട്ടതല്ല. ക്രിസ്തുവിന്റെ അദ്ധ്യാപനങ്ങളിൽ സെന്റ് പൗൾ വരുത്തിയ പ്രക്ഷിപ്തങ്ങളാണ് എന്ന് വിശ്വസിച്ചുകൊണ്ടാണ് നാം അതിനെ ന്യായീകരിക്കുന്നത്. അതല്ലെങ്കിൽ ഒരു നിമിഷത്തിൽ ആദമിന്റെ ഭാഗത്ത് നിന്നുണ്ടായ ക്ഷണമാത്രമായ പിശകുകൊണ്ട് കാലാവസാനംവരെ ആദമിനെ പിന്തുടർന്നു വരുന്ന തലമുറകളെ ശിക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു വിചിത്ര ദൈവമായിരിക്കുമത്. ഈ ചിന്താശകലം ഇവിടെ പ്രതിപാദിച്ചത് ക്രിസ്തുമതത്തെ കുറ്റപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയല്ല. സത്യവുമായുള്ള വ്യവഹാരത്തിൽ മനുഷ്യകരങ്ങൾ സത്യത്തിനെതിരെ നടത്തുന്ന അപകടങ്ങൾ തുറന്നു കാട്ടാനാണ്.

പാരമ്പര്യ പാപത്തിന്റെ ആപേക്ഷിക യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള യാതൊരു വാദപ്രതിവാദങ്ങളിലും ഏർപ്പെടാതെ ഖുർആൻ എങ്ങനെയാണ് ഒറ്റയടിക്ക് ഈ ക്രിസ്തീയ സങ്കൽപ്പത്തെ തുടച്ചു നീക്കുന്നത് എന്ന് നോക്കാം. മുകളിൽ ഉദ്ധരിച്ച വചനത്തിൽ അല്ലാഹു പറയുന്നത്: നിങ്ങളുടെ പൂർവപിതാക്കൾ ചെയ്ത പാപങ്ങൾക്ക് നിങ്ങൾ ചോദിക്കപ്പെടുകയില്ല. നിങ്ങൾ ചെയ്തതിന് അവരും ചോദിക്കപ്പെടുകയില്ല. നിങ്ങൾ ചെയ്തതിന് മാത്രമാണ് നിങ്ങൾ ചോദിക്കപ്പെടുക.

ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

**ഭാരം വഹിക്കുന്ന ഒരാത്മാവും മറ്റൊന്നിന്റെ ഭാരം വഹിക്കുന്നില്ല. ഭാരംന്നിമിത്തം ഞെരുങ്ങിയിരിക്കുന്ന ഒരാത്മാവ് അതിന്റെ ഭാരം വഹിക്കാനായി (മറ്റൊന്നിനെ) വിളിക്കുന്നതായാൽ അതിൽ നിന്നും ഒട്ടും തന്നെ വഹിക്കപ്പെടുകയില്ല. ആ വിളിക്കപ്പെടുന്ന ആൾ അടുത്ത ബന്ധുവായാലും ശരി.** (സൂറ: ഫാത്തിർ 35: 19)

ഭാരം വഹിക്കുന്ന ഒരാൾ മറ്റൊരാളുടെ സഹായം തേടുകയാണെങ്കിൽ അത് ഒരിക്കലും അനുവദിക്കപ്പെടുകയില്ല. സാഹായാഭ്യർത്ഥന ഏറ്റവും അടുത്ത ബന്ധുവിൽ നിന്നാണെങ്കിൽപോലും അനുവദിക്കപ്പെടുകയുയില്ല. ഈ ഖുർആൻ വചനം ക്രിസ്ത്യാനികളുടെ പാപപരിഹാര സിദ്ധാന്തം (അതായത് മറ്റുള്ളവർക്ക് വേണ്ടി യേശു ക്രിസ്തു കുരിശിൽ മരിച്ചു എന്ന സിദ്ധാന്തം) നിരാകരിക്കുന്നു. ഈ പ്രഖ്യാപനത്തോടെ സമകാലീനമോ ഭാവിയിലോ ഉള്ള തലമുറകൾ മുൻകടന്ന തലമുറയുടെ ഭാരം വഹിക്കണമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. ഒരു വ്യക്തിയുടെ പാപം യാതൊരു വിധത്തിലും മറ്റൊരാളിലേക്ക് മാറ്റപ്പെടുകയില്ല. മറ്റൊരാൾ ആ ഭാരം വഹിക്കാമെന്ന് ഏറ്റാൽപോലും. വാസ്തവത്തിൽ ഒരാളുടെ പാപത്തിന്ന് മറ്റൊരാൾ ശിക്ഷിക്കപ്പെടുക എന്നത് ചുരുങ്ങിയ പക്ഷം ദിവ്യനീതിക്ക് വിരുദ്ധമാണ്.

ചോദ്യം നീതിയെ കുറിച്ചു മാത്രമുള്ളതാണെങ്കിൽ ബൈബിൾ പുതിയ നിയമത്തിലെ വചനം (ലൂക്കോസ് 9:23) മേൽ ഉദ്ധരിച്ച ഖുർആൻ വചനത്തിന് സമാനമാകുമായിരുന്നു. പ്രവാചകനായ യേശുക്രിസ്തു(അ)യിൽ ആരോപിക്കപ്പെട്ട പാപപരിഹാരകഥയുമായി അദ്ദേഹത്തിന് യാതൊരു ബന്ധവുമില്ല എന്ന് വരും തലമുറക്ക് വ്യക്തമാകും. വാസ്തവത്തിൽ യേശുവിന്റെ അധ്യാപനങ്ങൾ ഖുർആനിലുള്ളതുപോലെ അടിസ്ഥാനപരമായി ലളിതവും നേരെ ചൊവ്വേയുള്ളതുമാണ്. നീതി യഥാർത്ഥത്തിൽ നീതി അർഹിക്കുംവിധമാണ് പ്രയോഗിക്കേണ്ടത്. അതുപോലെ കരുണയും ഉചിതമായിട്ടുള്ളത് എവിടെയാണോ അവിടെയാണ് പ്രകടിപ്പിക്കേണ്ടത്. .

വിശുദ്ധ ഖുർആന്റെ ഈ അസന്ദിഗ്ധമായ പ്രഖ്യാപനം മനുഷ്യപ്രകൃതിയോട് ചേർന്ന് നിൽക്കുന്ന കുറ്റത്തിന്റേയും ശിക്ഷയുടെയും സുപ്രധാനമായ ഒരു വിഷയം കൂടി അവതരിപ്പിക്കുന്നു. മേൽപറഞ്ഞ കാര്യം മറ്റൊരു പരിപ്രേഷ്യത്തിൽ പാരമ്പര്യ പാപ സങ്കൽപ്പത്തെ തകർക്കുന്നത് കാണുക. അത് ജന്മപാ

പിയാണെന്ന കളങ്കത്തിൽ നിന്നും മനുഷ്യനെ മോചിപ്പിക്കുക മാത്രമല്ല മനുഷ്യന്റെ പ്രകൃതി ദൈവപ്രകൃതിയോട് സാമ്യമുള്ളതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആ വിധത്തിൽ മനുഷ്യസമുദായത്തിന് വമ്പിച്ച ആദരവും ഔന്നത്യവും നല്കുകുകയും ചെയ്യുന്നു. ആ വചനം ഇപ്രകാരം ആവർത്തിക്കുന്നു:

**അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃതി കൈകൊള്ളുക. അല്ലാഹുവിന്റെ സൃഷ്ടിപ്പിന്ന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷേ മനുഷ്യരിൽ അധികമാളുകളും യാഥാർത്ഥ്യം അറിയുന്നില്ല.** (സൂറ: അർറൂം 30:31)

ഭൂതം, ഭാവി, വർത്തമാനം എന്നീ കാലഘട്ടങ്ങളെ സംബന്ധിച്ച് പറയുമ്പോൾ മേൽപ്രസ്താവിച്ച വചനം ഈ സമയഖണ്ഡങ്ങളുമായി സമഞ്ജസമായ സന്തുലനത്തിന്റെ ചേതോഹരമായ ഒരു ചിത്രം നല്കുന്നു. ഓരോ തലമുറയും ഏകമാനമായി ഒരേ രീതിയിലാണ് പരിചരിക്കപ്പെടുന്നത്. ഉത്തരവാദിത്വത്തിൽനിന്നും ഒരു തലമുറയേയും ഒഴിവാക്കിയിട്ടില്ല. ഭൂതം വർത്തമാനം ഭാവി എന്നീ കാലഘട്ടങ്ങളിൽ നീതിയെ സംബന്ധിച്ച പ്രശ്നങ്ങളുമായി ചർച്ച ചെയ്യുമ്പോൾ ഖുർആന്റെ നിർദേശങ്ങൾ കാണുക:

**വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്ക് വേണ്ടി താനൊരുക്കിവെച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ചു നോക്കട്ടെ** (സൂറ: അൽഹശ്ർ:59: 19)

ഭാവിതലമുറ അവരുടെ തെറ്റുകളെ സംബന്ധിച്ച് ഉത്തരവാദികളായിരിക്കും. വർത്തമാനത്തിലും ഭൂതത്തിലുമുള്ളവർ എപ്രകാരം ഉത്തരവാദിത്വമുള്ളവരായിരിക്കുമോ അപ്രകാരം. ദൈവത്തിന്റെ ശിക്ഷയെയും കോപത്തെയും സംബന്ധിച്ച് പറയുമ്പോൾ ഓരോ ജനതയും മറ്റെ ജനതയിൽ നിന്നും ഒഴിച്ചു നിർത്തപ്പെടും. കഴിഞ്ഞ കാലഘട്ടത്തിലെ ആളുകളുടെ പാപം നമ്മിലേക്ക് സംക്രമിക്കുകയില്ല. വർത്തമാനകാലത്തെ ആളുകളുടെ പാപം അടുത്ത് തലമുറയിലേക്ക് പകരുകയില്ല.

നീതിയുടെ മനോജ്ഞമായ ഈ നിർവചനം ഇന്ന് പലരും ആചരിക്കുന്നതായി പോളിയൻ ക്രിസ്തുമതത്തിൽ നമുക്ക് കാണാൻ സാദ്ധ്യമല്ല. യേശു പഠിപ്പിച്ചത് ഓരോ മനുഷ്യനും അവന്റെ കുരിശുണ്ട് എന്നിരിക്കെ പോളിയൻ ക്രിസ്തുമതം വിശ്വസിക്കുന്നത് തുടർന്നു വരുന്ന എല്ലാ തലമുറകളും മുൻകഴിഞ്ഞ തലമുറയുടെ പാപം വഹിക്കണമെന്നാണ്. അല്ലാഹു ഖുർആനിൽ പറയുന്നു:

**പിന്നീട് അവർക്ക് പിൻഗാമികളായി വന്ന ഒരു തലമുറ, അവർ നമസ്ക്കാരം പാഴാക്കുകയും ദേഹേച്ഛകളെ പിൻപറ്റുകയും ചെയ്തു. അതിനാൽ അവർ നാശം കണ്ടെത്തുന്നതാണ്.** (സൂറ: മർയം 19:60)

സാത്വികരായ ആളുകളുടെ സന്തതികൾ അവരുടെ പ്രാർഥനകളെ അവഗണിക്കുകയും തങ്ങളുടെ ഹീനവികാരങ്ങൾ പിന്തുടരുകയും ചെയ്യുന്നു. അവരുടെ സാത്വികരായ പിതാക്കളുടെ നന്മകൾ അവർക്ക് ലഭ്യമാകില്ല. ഒരു ജനതയെ അവരുടെ പൂർവ്വതലമുറയുടെ പാപംകാരണം ശിക്ഷിക്കപ്പെടാത്തതുപോലെ തുടർന്ന് വരുന്ന തലമുറ മുൻഗാമികൾ നന്മ പ്രവർത്തിച്ചതിന്റെ പേരിൽ സമ്മാനിക്കപ്പെടുകയുമില്ല.

ഖുർആന്റെ അദ്ധ്യാപനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചാലറിയാം അതിന്റെ അദ്ധ്യാപനങ്ങൾ ഒന്നും തന്നെ യാദൃച്ഛികമല്ല. അത് പരസ്പരം ബന്ധമറ്റതുമല്ല. നീതിയുടെ സംസ്ഥാപനത്തിനു വേണ്ടിയുള്ള ഒരു വൻപദ്ധതിയുടെ ഭാഗമാണത് എല്ലാ മനുഷ്യരോടും അവർ എവിടെ എപ്പോഴാണ് ജനിച്ചതെന്ന പരിഗണന നോക്കാതെ തുല്യമായാണ് പെരുമാറുന്നത്. എല്ലാവരുടെയും മൗലികാവകാശങ്ങൾ എന്നും ഒരുപോലെയുള്ളതാണ്. മനുഷ്യനും മനുഷ്യനും തമ്മിൽ നിലനിൽക്കുന്ന വംശീയമായും തലമുറകൾ തമ്മിലുമുള്ള വ്യത്യാസവുമെല്ലം നീതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. കിഴക്കും പടിഞ്ഞാറും തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയും, കറുപ്പും വെളുപ്പും തമ്മിലും, അറബികളും അനറബികളും തമ്മിലും എല്ലാമുള്ള ബന്ധങ്ങൾ നീതിയുടെ സാർവത്രിക തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളതാണ്.

ചിലർ വാദിക്കുന്നത് ഈ സമുന്നതവും സമ്പൂർണവും വിസ്മയകരവുമായ അധ്യാപനങ്ങൾ പിന്നീട് ദൈവത്തിലേക്ക് ആരോപിക്കപ്പെട്ട നിരക്ഷരനായ ഒരു അറബ് ഇടയന്റെ സൃഷ്ടിയാണെന്നതാണ്. സത്യത്തിന്റെ യാതൊരു കണികയും ഇതിലില്ല. ഏതെങ്കിലും കാലഘട്ടത്തിലെ ഏതെങ്കിലും ഒരു പണ്ഡിതന് ഇതിന്റെ ഏതെങ്കിലുമൊരംശം സന്തുലനാത്മകവും ശരിയായ തുലമാനവുമുള്ളതുമായ ഇസ്‌ലാമിനെപോലെയുള്ള ഒരു മതം സ്വയം കെട്ടിച്ചമക്കാൻ സാധ്യമല്ല. വാസ്തവത്തിൽ ദിവ്യോദ്ഭവങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്ന എല്ലാ മതങ്ങളും ഒന്നിച്ചുകൂടിയാൽ തന്നെ ഇസ്‌ലാമിനെ പോലെ സന്തുലനവും തുലമാനവും ശരിപ്പെടുത്തിയ ഒരു മതമാണ് അതെന്ന് അവകാശപ്പെടാൻ സാദ്ധ്യമല്ല. അത്യാഗധവും സമ്പൂർണവുമായ ഒരു ജ്ഞാനസരിത്തിന്റെ സ്രോതസ്സ് നിരക്ഷരനായ ഒരാളായിരിക്കാൻ എങ്ങനെ കഴിയും?

നമ്മുടെ ശ്രദ്ധ വീണ്ടും ഖുർആന്റെ ദിവ്യാദ്ഭുതപരമായ ഗുണങ്ങളിലേക്ക് തിരിയുകയാണ്.

**പറയുക: 'ഈ ഖുർആന്ന് തുല്യ മായ മറ്റൊന്ന് കൊണ്ട് വരുന്ന തിന്ന് ഇൻസും ജിന്നുമെല്ലാം സം ഘടിച്ചു പ്രവർത്തിച്ചിരുന്നുവെ ങ്കിൽ അവർ പരസ്പരം സഹാ യിച്ചാൽ പോലും, അവർക്ക് അ തിന്ന് തുല്യമായത് കൊണ്ടു വ രുവാൻ സാധ്യമല്ല.** (ബനീ ഇ സ്റായീൽ 17:89).

ഈ വെല്ലുവിളി ഇന്നുവരെ സ്വീ കരിക്കപ്പെടാതെ നില്ക്കുകയാണ് .

## മനുഷ്യരാശിക്ക് മാർഗദർശനം

പാരമ്പര്യപാപത്തിന്റെ സങ്കൽ പ്പം ചർച്ച ചെയ്തുകൊണ്ട് നമു ക്ക് ഇപ്പോൾ മതത്തിന്റെ ഒരു ക്രിയാത്മകമായ വശത്തേക്ക് തി രിയാം. അതാണ് മനുഷ്യരാശിക്ക് വേണ്ടിയുള്ള ദൈവത്തിന്റെ മാർ ഗദർശനം. ചില ദേശീയ ജനവി ഭാഗങ്ങൾക്ക് പ്രത്യേക കാലഘ ട്ടത്തിനു വേണ്ടി മാത്രമായുള്ള പല മതങ്ങൾക്കും ലോകം സാ ക്ഷ്യം വഹിച്ചിട്ടുണ്ട്. അത്തരം മ തങ്ങൾക്ക് മനുഷ്യചരിത്രത്തിൽ വലിയൊരു പങ്ക് വഹിക്കാനുണ്ട്. എങ്കിലും അവയുടെ അനുഗ്രഹ സൗഭാഗ്യങ്ങൾ കുറഞ്ഞ ആയു സ്സ് മാത്രമുള്ള ചെറിയൊരു സമൂ ഹത്തിൽ മാത്രമായി ഒതുങ്ങിനി ന്നു. അതായത്, ആ മൺമറഞ്ഞു പോയ ജനതയുടെ മതവും അ ദ്ധ്യാപനങ്ങളും സർവ്വകാലത്തേ ക്കുമുള്ളതായിരുന്നില്ല. പുതിയ തും മാറിയതുമായ പരിത:സ്ഥി തി പുതിയ അധ്യാപനങ്ങളുടെ ആവശ്യങ്ങൾക്ക് ജന്മമേകി. പഴ യ അദ്ധ്യാപനങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടപ്പോൾ ദൈവം അതി നെ പരിഷ്ക്കരിക്കുകയും പുതി യ പുതിയ മതത്തിന് ജന്മം നൽ കുകയും ചെയ്തു. ഒരിക്കൽ ഇ ത് സംഭവിച്ചപ്പോൾ ആ മതത്തി ന് പുതിയ ഒരു ജീവിതം ഉണ്ടാ യി. കാരണം കാലത്തിന്റെ മറ്റൊ രു ഘട്ടം വരുമ്പോൾ ആ ആവ ശ്യങ്ങൾക്കനുസൃതമായ അധ്യാ പനങ്ങളായിരിക്കണം.

മതത്തിന്റെ ഈ തത്ത്വശാസ്ത്രം മനസ്സിലാക്കാൻ എളുപ്പവും ലളി തവുമാണ്. എങ്കിലും ഖുർആ നെ കൂടാതെ മറ്റൊരു മതഗ്ര ന്ഥത്തിലും ഇത് കാണാൻ കഴി യില്ല. എന്നത് വിസ്മയാവഹമാ ണ്. മറ്റെല്ലാ മതഗ്രന്ഥങ്ങളും മ റ്റെല്ലാവരെയും ഒഴിച്ചുനിർത്തി ക്കൊണ്ട് ഒരു ജനതയേയോ ഒരു ദേശീയതയേയോ മാത്രമാണ് അ ഭിസംബോധന ചെയ്ത് കാണു ന്നത്. അത് ഏറെകുറെ ഒരു ജന തയെ മാത്രം നയിക്കാൻ ദൈവം തിരഞ്ഞെടുക്കപ്പെട്ടതുപോലെ യാണ്. മറ്റ് ജനതയെ അവരെ ന യിക്കാൻ ഒരു ദൂതനെയും അയ ക്കാതെ അവന്റെ കാരുണ്യത്തിൽ നിന്ന് അകറ്റുന്നതുപോലെയാണ്.

ഇസ്‌ലാമിനെ കൂടാതെ, ഒരു മതത്തിലും മറ്റുകാലഘട്ടങ്ങളിലു ള്ള ജനവിഭാഗങ്ങളെ സംബന്ധിച്ച് പ്രതിപാദിച്ച ഒരു മതവും കാണു കയില്ല. ഇത് വിചിത്രമായ ഒരു വാദമായി കാണപ്പെട്ടേക്കാം. എ ന്നിരുന്നാലും ഇത് സത്യമാണ്. മത ദിവ്യഗ്രന്ഥങ്ങളെക്കുറിച്ച് ഒരു പഠ നം നടത്തുകയാണെങ്കിൽ ഈ വാദം മറു വാദമില്ലാത്ത ഒരു വസ് തുതയെന്ന നിലക്ക് അംഗീകരി ക്കേണ്ടി വരും. ഖുർആൻ എന്ന മതഗ്രന്ഥം മാത്രമേ അവന്റെ സൃ ഷ്ടികളുടെ ദൈവത്തെ സംബ ന്ധിച്ചുള്ള ഒരു സാർവ്വത്രിക സ ങ്കൽപ്പത്തെ കുറിച്ച് സംസാരിക്കു ന്നുള്ളൂ. അങ്ങനെയുള്ള ദൈവം എല്ലാ രാജ്യത്തുമുള്ള എല്ലാ ജന തയുമായുള്ള ഹൃദയസംവാദ ത്തെക്കുറിച്ചും പറയുന്നു. ഖുർആൻ പറയുന്നു:

**നാം എല്ലാ ജനതകളിലേക്കും ഒരു മാർഗദർശകനെ അയച്ചിട്ടുണ്ട്.** (സൂറ:അർ റഅ്ദ് 13:8)

മനുഷ്യസമൂഹം കാലഘട്ടംകൊ ണ്ടോ, ദേശീയതകൊണ്ടോ ഭൂമേഖ ലകൊണ്ടോ വിഭജിതമാണ്. ഉദാ ഹരണത്തിന്ന് പുരാതനകാലത്ത് രാജ്യങ്ങളെക്കാൾ രാഷ്ട്രീയപരാ മാധികാരം നഗരരാഷ്ട്രങ്ങളിലൂടെ യാണ് തിരിച്ചറിഞ്ഞത്. ഖുർആൻ പറയുന്നു: ഒരു ജനതയും ഒരു രാജ്യ വും പ്രവാചകാവതാരത്തിൽനിന്നും ഒഴിച്ചു നിർത്തപ്പെട്ടിട്ടില്ല.

**ഒരു നാടിനേയും അതിന് താ ക്കീതുകാർ ഉണ്ടായിട്ടല്ലാതെ നാം നശിപ്പിച്ചിട്ടില്ല. ഇത് ഒരു ഉപദേ ശമാകുന്നു. നാം അനീതി കാണി ക്കുന്നവനല്ലതന്നെ.** (സൂറ അശ് ശുഅറാഅ് 26: 209–210)

ഈ വിവർത്തനത്തിൽ ദിക്റ് എന്ന പദം 'താക്കീത്'എന്ന് തർ ജ്ജമ ചെയ്യാവുന്നതാണ്. ഇത് മ റ്റൊരർത്ഥത്തിലും മൊഴിമാറ്റം ചെ യ്യാം. ദിക്റ് എന്നത് 'മറ്റുള്ളവർക്ക് ഒരു പാഠം' എന്നാണ്. ദൈവസ് മരണയുണ്ടാക്കുന്നത് എന്നും അർ ത്ഥം പറയാം. അതായത് പ്രവാ ചകന്മാർ വെറും താക്കീതുകാർ മാത്രമല്ല. അവർ സുവിശേഷകാ രന്മാർകൂടിയാണ്. അത് കാരണം ജനങ്ങൾ അവരുടെ മാതൃക പിൻ പറ്റുന്നു. അവരുടെ സ്മരണകളാൽ ദൈവത്തിലേക്ക് അവർ വഴി ന ടത്തപ്പെടുന്നു. ഗ്രീക്ക് മിത്തോളജി യിലുള്ളതുപോലെ ആളുകളിൽ രോഗങ്ങളുണ്ടാക്കുന്ന വെളിച്ചപാ ടുകളല്ല അവർ. അപകടങ്ങളുടെ ദുർനിമിത്തങ്ങളുണ്ടാക്കിക്കൊണ്ട് സ്ഥലം വിടുന്ന ആൾരൂപങ്ങളു മല്ല. പകരം ചരിത്രത്തിൽനിന്നും പാഠം ഉൾക്കൊണ്ട് ജനങ്ങളെ ഓർമ്മിപ്പിക്കുന്ന താക്കീതുകാരും പൂർവ്വികരുടെ ചരിത്രത്തിന്റെ അടി സ്ഥാനത്തിൽ തെറ്റുതിരുത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്നവരുമാ ണ്. താക്കീതുകാർ ഒരിക്കലും നാ ശത്തിന്റെ വാതിലിന്നടുത്ത് വരാ റില്ല. അവർ സ്വർഗ്ഗത്തിന്റെ വാ തിലുകൾ തുറക്കാൻ വരുന്നവരാ ണ്.

## *References Part I*


1.Tafsir Haqqani, by Maulana 'Abdul Haq Haqqani, volum I, page 434, under the verse no. 65 of Surah al-Baqarah (chapter II).

2.See 'Out of My Later Years' by Albert Einstein, Philosophical Library, New York and


ശേഷം പേജ് 29 ൽ



# ലോകാധിപത്യത്തിന് വേണ്ടിയുള്ള യഹൂദ ഗൂഢപദ്ധതി.

ലോകമേധാവിത്വത്തിനു വേണ്ടി നൂറ് വർഷം മുമ്പ് യഹൂദരുടെ സയണിസ്റ്റ് സംഘടന തയ്യാറാക്കിയ ഒരു ഗൂഢപദ്ധതിയെ കുറിച്ച് ഈ പ്രഭാഷണത്തിൽ വിശകലനം ചെയ്യുന്നു. 1990 ആഗസ്ത് 2 ന് ഇറാഖ് കുവൈത്ത് ആക്രമിച്ചതിനെ തുടർന്ന് അമേരിക്കയുടെ നേതൃത്വത്തിലുണ്ടായ ഗൾഫ് യുദ്ധാവസരത്തിൽ ലോകസംഭവവികാസങ്ങളെ വിശകലനം ചെയ്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) നടത്തിയ ഖുത്ബാ പരമ്പരകളിൽ നിന്ന് (1 ഫെബ്രവരി 1991 ന് ലണ്ടനിൽ വെച്ച് ചെയ്ത ഖുത്ബയുടെ ഒരു ഭാഗം)


## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**ഖലീഫത്തുൽ മസീഹ് നാലാമൻ**


അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വികാരപരമായ തീരുമാനങ്ങളിൽ എത്തിച്ചേരരുത്. കാരണം നമ്മൾ വിഷമിക്കേണ്ടത് നമ്മളെക്കുറിച്ചല്ല, നമ്മൾ ബലഹീനരും ചെറിയവരും ശക്തിയില്ലാത്തവരുമാണെങ്കിലും ലോകം മുഴുവൻ നമ്മൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഈ ലോകത്ത് മനുഷ്യരാശിയോടുള്ള സേവനം ദൈവം നമ്മെയാണ് ഭരമേൽപ്പിച്ചിട്ടുള്ളതെന്നാണ് നമ്മൾ വിശ്വസിക്കുന്നത്. നമ്മൾ ലോകത്തിന്റെ നേതാക്കളായി മാറിയിരിക്കുന്നു. 'നേതാവ്' എന്നതിന് പ്രവാചകൻ വിശദീകരിച്ച അർത്ഥം 'ഒരു ജനതയുടെ നേതാവ് അവരുടെ സേവകനാണ്' എന്നാണ്. അതായത് നേതാവും സേവകനും പര്യായപദങ്ങളാണ്. ഒരാൾക്ക് ജനസേവനം എങ്ങനെ എന്ന് അറിയില്ലെങ്കിൽ, അയാൾക്ക് നയിക്കാൻ അവകാശമില്ല, ആരെങ്കിലും ഒരു നേതാവാകുകയാണെങ്കിൽ, സേവനത്തിനായി സ്വയം സമർപ്പിക്കേണ്ടത് അയാളുടെ കടമയാണ്. അതിനാൽ ഈ അർത്ഥത്തിൽ മാത്രമാണ് ഞങ്ങൾ നേതാക്കളെന്ന് പറയുന്നത്. മറ്റ് യാതൊരർത്ഥത്തിലുമല്ല ഞങ്ങൾ നേതാക്കളാണെന്ന് പറയുന്നത്. അതിനാൽ, നമ്മൾ മനുഷ്യരാശിയെ സേവിക്കണം. ശരിയും തെറ്റും തിരിച്ചറിയാനും എല്ലാ നല്ല താൽപ്പര്യങ്ങളും എവിടെയാണെന്ന് അവരെ ബോധ്യപ്പെടുത്താനും എന്താണ് അവർക്ക് നേട്ടമുണ്ടാക്കുന്നത്, എന്താണ് അവർക്ക് ദോഷകരമായിട്ടുള്ളതെന്നും അവരെ ബോധ്യാപ്പെടുകയും വേണ്ടതുണ്ട്. ഈ വീക്ഷണകോണിൽ നിന്ന് ഇക്കാര്യം വിശദമായി വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അതിനാൽ അഹ്മദി മുസ്‌ലിംകൾ എവിടെയായിരുന്നാലും അതിനനുസരിച്ച് ശബ്ദം ഉയർത്തുകയും അവരുടെ ചുറ്റുപാടിലെ അഭിപ്രായവും ചിന്തയും മാറ്റാൻ ശ്രമിക്കുകയും വേണം.

ഈ പ്രശ്നം യഥാർത്ഥത്തിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തോടടുത്താണ് ആരംഭിക്കുന്നത്. അതായത് ഇന്നത്തെ യുദ്ധത്തിന് വളരെ ആഴത്തിലുള്ള വേരുകളുണ്ട്. 1897-ൽ സയണിസ്റ്റ് ലക്ഷ്യം നേടുന്നതിനായി ഒരു കൗൺസിൽ സ്ഥാപിക്കപ്പെട്ടു. ദാവീദിന്റെ രാജ്യത്തിൽ വിശ്വസിക്കുന്ന യഹൂദരുടെ ഒരു വിഭാഗം തങ്ങളുടെ വിശ്വാസമനുസരിച്ച്, തീർച്ചയായും ഒരു ദിവസം ദാവീദിന്റെ രാജ്യം സ്ഥാപിക്കപ്പെടും എന്ന് കരുതുന്നവരാണ്. ഇസ്രയേലികൾ അല്ലെങ്കിൽ സയണിസ്റ്റുകൾ എന്നാണ് അവർ അറിയപ്പെടുന്നത്. ഈ സ്ഥാപനത്തിനു വേണ്ടി ഒരു സയണിസ്റ്റ് കൗൺസിൽ സ്ഥാപിക്കപ്പെടുകയും അവരുടെ പ്രഖ്യാപനം വിളംബരപ്പെടുത്തുകയും ചെയ്തു. അതിന്റെ വിശദാംശങ്ങളിലേക്ക് നാം ഇപ്പോൾ പോകേണ്ടതില്ല.

ഏതാണ്ട് അതേ സമയത്താണ് മറ്റൊരു യഹൂദപ്രമാണം അല്ലെങ്കിൽ കയ്യെഴുത്തുപ്രതി ആദ്യമായി ലോകത്തിന് മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. അതായത്: 'സീയോണിലെ മുതിർന്നവരുടെ പ്രോട്ടോക്കോളുകൾ.' (The Protocols of the Elders of Zion) എന്നാണ് അത് അറിയപ്പെടുന്നത്. ഇസ്രയേലിനെ പ്രതിനിധീകരിക്കുന്ന, ഞാൻ നേരത്തെ പരാമർശിച്ച അതേ സിയോണാണിത്. സിയോൺ എന്നത് ദാവീദിന് വാഗ്ദാനം ചെയ്യപ്പെട്ട ഒരു പർവ്വതവുമായി ബന്ധപ്പെട്ട പേരാണ്. സയണിസത്തിൽ വിശ്വസിക്കുന്ന ഇസ്രയേലിലെ ഉന്നതനേതാക്കളുടെ ഒരു പദ്ധതിയായിരുന്നു ഇത്.

സിയോണിസ്റ്റുകൾ എങ്ങനെ ലോകത്ത് ആധിപത്യം സ്ഥാപിക്കും, ഇതിനായി എന്ത് പ്രവർത്തനരീതിയാണ് സ്വീകരിക്കേണ്ടത്, ജോലിയുടെ മുൻഗണനകളും ലക്ഷ്യങ്ങളും എന്തായിരിക്കും, എന്ത് മാർഗങ്ങൾ സ്വീകരിക്കും, മുതലായവ വിവരിക്കുന്ന ഒരു ചെറിയ ലഘുലേഖയാണിത്. അതിന്റെ പ്രസിദ്ധീകരണതീയതി ഞാൻ ഓർക്കുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, 1897-ൽ, ഈ രേഖ ആദ്യമായി കണ്ടെത്തിയത് ഒരു റഷ്യൻവനിതയായിരുന്നു. ജർമ്മ

നിയിലെ 'എൽഡേഴ്സ് ഓഫ് സിയോൺ' എന്ന സംഘടനയിൽ പെട്ട ഒരു നേതാവിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ഒരു റഷ്യൻവനിതയായിരുന്നു അത്. കൂടാതെ അവരിൽ ഒരാൾ അവരുടെ സുഹൃത്തുമായിരുന്നു. ജർമ്മനിയിൽ, ഒരു രാത്രി ആ വനിത തന്റെ സുഹൃത്തിന്റെ വീട്ടിൽ അദ്ദേഹത്തെ കാത്തുനിൽക്കുകയായിരുന്നു. അപ്പോൾ സമയം കൊല്ലാൻ അവർ സുഹൃത്തിന്റെ മേശയിൽ നിന്ന് ഒരു കൈയ്യെഴുത്തുപ്രതി വായിക്കാനെടുത്തു. 'പ്രോട്ടോക്കോൾ ഓഫ് എൽഡേഴ്സ് ഓഫ് സിയോൺ' എന്ന സിയോണിലെ മുതിർന്നവരുടെ പ്രോട്ടോക്കോളുകൾ എന്ന റിയപ്പെടുന്ന ഒരു കൈയ്യെഴുത്തുപ്രതിയായിരുന്നു അത്. ലോകത്തെ കീഴടക്കാനുള്ള വിസ്മയകരമായ ഒരു പദ്ധതിയായിരുന്നു ഈ പ്രോട്ടോക്കോളിൽ വിവരിച്ചിട്ടുള്ളത്. അത് വായിച്ചപ്പോൾ അവർ വിസ്മയഭരിതയായി. ആ കൈയ്യെഴുത്തുപ്രതിയുമായി അവർ ഓടിപ്പോയി. റഷ്യയിലേക്ക് അത് കടത്തുകയും അവിടെ അത് ആദ്യമായി പ്രസിദ്ധീകരിക്കുകയും 1905–ൽ അതിന്റെ ആദ്യത്തെ ഇംഗ്ലീഷ് വിവർത്തനം പ്രത്യക്ഷപ്പെടുകയും ചെയ്തു.

ഒരേസമയം അവർ ഒരു നിഗൂഢ രഹസ്യപദ്ധതി തയ്യാറാക്കുകയും മറുവശത്ത് കൂടുതൽ പ്രകടമായ ഒരു പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യുകയായിരുന്നു. രണ്ടാമത്തേത് വിവാദമോ തർക്കമോ ഇല്ലാത്ത വിഷയമാണ്. യഹൂദർ അവകാശപ്പെടുന്നത് തങ്ങൾ ഒരു പ്രവർത്തനപരിപാടി പരസ്യമാക്കിയിരുന്നു എന്നത് ശരിയാണെന്നും, ഇസ്രായേലിനെ തങ്ങളുടെ വേറിട്ടതും സ്വതന്ത്രവുമായ രാഷ്ട്രഗേഹമായി നേടുക എന്ന ലക്ഷ്യത്തോടെ വിവിധ ഗവൺമെന്റുകളിൽ സ്വാധീനം ചെലുത്താൻ പ്രോത്സാഹിപ്പിക്കുന്നതായിട്ടാണ് രണ്ടാമത്തെ പദ്ധതി വിഭാവനം ചെയ്തത്. 'ഐക്യരാഷ്ട്രസഭ' സ്ഥാപിക്കുക എന്നതാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിലൂടെ, ജൂതന്മാർ ഐക്യരാഷ്ട്രസഭയുടെ നിയന്ത്രണം ഏറ്റെടുക്കുകയും അതിലൂടെ തങ്ങളുടെ ആധിപത്യം പ്രയോഗിക്കുകയും ചെയ്യുമെന്ന പ്രതീക്ഷയും പദ്ധതി പ്രകടിപ്പിക്കുന്നു.(ഐക്യരാഷ്ട്രസഭ ആ സമയത്ത് ഉണ്ടായിരുന്നില്ല. അതിന് മുന്നോടിയായ ലീഗ് ഓഫ് നേഷൻസ് പോലും രൂപീകരിക്കപ്പെട്ടിരുന്നില്ല. എന്നാൽ ഈ പ്ലാനിൽ ഈ ചേരുവകളെല്ലാം അടങ്ങിയിരിക്കുന്നു). ഐക്യരാഷ്ട്രസഭ സ്ഥാപിച്ചുകൊണ്ട് അതിൽ ആധിപത്യം പുലർത്തി തങ്ങൾക്ക് ലോകത്തെ മുഴുവൻ ഭരിക്കാനുള്ള ഒരു ഉപകരണമായി ആ സ്ഥാപനത്തെ ഉപയോഗിക്കാം എന്നുള്ളതായിരുന്നു പ്രോട്ടോകോളിലെ പദ്ധതി. അത് പ്രാവർത്തികമാകാൻ ഗണ്യമായ സമയമെടുക്കും. എന്നിരുന്നാലും, അവരുടെ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ ഘട്ടങ്ങളും പദ്ധതിയിൽ പറഞ്ഞിരിക്കുന്ന രീതിയിലാണ് സംഭവിച്ചത്.

യഹൂദർ ഈ പദ്ധതിയിൽ തങ്ങളുടെതല്ലെന്നും അത് തങ്ങളുടെ മേൽ ആരോപിക്കപ്പെടുന്ന ഒരു ആരോപണം മാത്രമാണ് എന്നുമായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ



പണ്ഡിതരായ നിരീക്ഷകരും രാഷ്ട്രീയക്കാരും ഇന്റലിജൻസിയായും ഈ വിഷയം ലോകമെമ്പാടും ചർച്ച ചെയ്തു. ഇത് പല കോടതി വ്യവഹാരങ്ങൾക്ക് വഴിവെച്ചു. ബ്രിട്ടനിൽ നിന്നും ഈ പദ്ധതിയെ വിമർശിച്ചുകൊണ്ട് ഒരു വിമർശകൻ, പദ്ധതിയുടെ എല്ലാ വശങ്ങളും ചർച്ച ചെയ്യുന്ന 'വാട്ടർ ഫ്ളോയിംഗ് ഈസ്റ്റ്‌വേർഡ്' (Water Flowing Eastwards) എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഏകദേശം 20 വർഷം മുമ്പ് എനിക്ക് പുസ്തകം വായിക്കാൻ അവസരം ലഭിച്ചു. ആരോ എന്നിൽ നിന്ന് അത് കടം വാങ്ങി, പിന്നീട് ആ പുസ്തകം കണ്ടെത്താൻ കഴിയാത്ത രീതിയിൽ അത് പല കൈകളും മാറി. ഞാൻ യു കെയിൽ ഇത് തിരഞ്ഞു. പക്ഷേ അത് ലഭ്യമായില്ല. യഹൂദന്മാർ ഈ പുസ്തകം ഉടൻ തന്നെ വിപണിയിൽ നിന്ന് പൊക്കിയതായാണ് അറിയൻ കഴിഞ്ഞത്. യഹൂദരോ മറ്റാരെങ്കിലുമോ അത് ചെയ്താലും വിപണിയിൽനിന്നും ആ പുസ്തകം അപ്രത്യക്ഷമായി എന്നത് ഒരു വസ്തുതയാണ്. ആ സംഭവത്തെപ്പറ്റി കൃത്യമായി എനിക്ക് പറയാൻ പറ്റില്ല. പക്ഷേ ഈ വിഷയത്തെക്കുറിച്ചുള്ള എന്റെ പ്രസ്താവന പ്രാഥമികമായി ശരിയാണ്.

'വാട്ടർ ഫ്ളോയിംഗ് ഈസ്റ്റ്‌വേർഡ്' എന്ന ഈ പുസ്തകത്തിന്റെ രചയിതാവ്, ഒരു പാശ്ചാത്യ രാഷ്ട്രീയക്കാരനോട് യഹൂദന്മാരുടെതാണെന്ന് പറയപ്പെടുന്ന ഈ കൈയ്യെഴുത്തുപ്രതി യഥാർത്ഥത്തിൽ യഹൂദനേതാക്കൾ എഴുതിയതാണോ, അതോ ജൂതന്മാർക്കെതിരായ ഗൂഢാലോചനയും അവരെ അപകീർത്തിപ്പെടുത്താനുള്ള ശ്രമവുമാണോ? ഈ രണ്ട് സാധ്യതകളെപ്പറ്റിയും ആ രാഷ്ട്രീയ നേതാവിനോട് ചോദിക്കപ്പെടുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: ഒന്നുകിൽ ഈ പദ്ധതി യഥാർത്ഥത്തിൽ ആരുടേതാണെന്ന് ആരോപിക്കപ്പെട്ടുവോ അവർ തന്നെ തയ്യാറാക്കിയതാണ്. കാരണം തുടർന്ന് സംഭവിച്ച എല്ലാ സംഭവങ്ങളും കൃത്യമായും പ്രോട്ടോക്കോളിലെ പദ്ധതിക്ക് അനുസൃതമായിട്ടാണ് സംഭവിച്ചത്. പദ്ധതിയിൽ പ്രവചിച്ചിരിക്കുന്ന അതേ ക്രമത്തിലും വിശദാംശത്തിലുമാണ് കാര്യങ്ങൾ സംഭവിച്ചിരിക്കുന്നത്. – അല്ലെങ്കിൽ ഭാവിയിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഒരുപക്ഷേ ഒരു ദൈവപ്രവാചകന് മുൻകൂട്ടി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു വെളിപാട് പുസ്തകമാകാം.!!

പ്രസ്തുത പാശ്ചാത്യ രാഷ്ട്രീയനേതാവിന് രണ്ട് സാധ്യതകൾ മാത്രമേ കണ്ടെത്താൻ കഴിഞ്ഞുള്ളൂ. ഒന്നുകിൽ പ്രോട്ടോക്കോളിന്റെ കർത്തൃത്വത്തെ പാടെ നിഷേധിക്കുന്നവർ തന്നെയാണ് ഈ പ്രോട്ടോക്കോൾ പദ്ധതി രൂപകൽപ്പന ചെയ്തത്. അല്ലെങ്കിൽ അത്തരം സംഭവങ്ങൾ ഭാവിയിൽ സംഭവിക്കുമെന്ന് ദൈവം അറിയിച്ച ഒരു വിശുദ്ധനിൽ നിന്ന് ഉണ്ടായതായിരിക്കാം.!! മറ്റൊരു സാധ്യതയും അദ്ദേഹം പറഞ്ഞില്ല.

### യഹൂദ ഗൂഢപദ്ധതി ഒരിക്കലും വിജയിക്കില്ല

നാം ഇപ്പോൾ കടന്നുപോകുന്ന കാലഘട്ടം ഈ പദ്ധതിയുടെ പൂർത്തീകരണത്തിന്റെ അവസാന ഘട്ടമാണ്. സോവിയറ്റ് യൂണിയനും യുണൈറ്റഡ് സ്റ്റേറ്റ്സും തമ്മിലുള്ള അടുപ്പം ആരംഭിക്കുകയും ബെർലിൻ മതിൽ തകരാൻ തുടങ്ങുകയും ചെയ്തപ്പോൾ, ഞാൻ ഈ പദ്ധതിയെപ്പറ്റി ഓർമ്മിച്ചു. അതിനെക്കുറിച്ചുള്ള എന്റെ ഓർമ്മ പുതുക്കാൻ ആ സമയത്ത് എന്റെ പക്കൽ ഈ രേഖ ഉണ്ടായിരുന്നില്ല. പക്ഷേ അതിന്റെ ഉപസംഹാരത്തിൽ പറഞ്ഞിരിക്കുന്നത് ഞാൻ ഓർത്തു, അതായത്, ഞങ്ങൾ ആദ്യം ലോകത്തെ മുഴുവൻ രണ്ടായി വിഭജിക്കുകയും പിന്നീട് അതിനെ ഒന്നിപ്പിക്കുകയും ചെയ്യും. ഇത് സംഭവിക്കുക 'ഐക്യരാഷ്ട്ര സഭ' അവരുടെ പൂർണ അധീനതയിൽ ആവുമ്പോൾ മാത്രമാണ്.

ഒരുപക്ഷേ ആ അപകടകരമായ യുഗം അടുത്തെത്തിയിരിക്കുമോ എന്ന ഭയമായിരുന്നു എനിക്ക്. ഈ ഭയം ഉണ്ടായിരുന്നിട്ടും, ഇത് എന്റെ സ്വാഭാവികമായ പ്രതികരണം മാത്രമാണ്. ആ കാലഘട്ടത്തിന്റെ എല്ലാ പ്രധാനസൂചനകൾക്കും ഞാൻ ഒരു സാക്ഷിയാണ്. ഈ പദ്ധതി ആത്യന്തികമായി പരാജയത്തിൽ കലാശിക്കുമെന്ന പൂർണ്ണ വിശ്വാസം എനിക്കുണ്ട്. വാഗ്ദത്ത മസീഹിന്റെ 1901–ലെ വെളിപാടിനെ അടിസ്ഥാനമാക്കിയാണ് എന്റെ വാദം. ആ വെളിപട് ഇപ്രകാരമാണ്. 'ഫ്രീമേസൺസ് ഒരിക്കലും അടിച്ചേൽപ്പിക്കപ്പെടുകയില്ല. അവർ നിങ്ങളെ നശിപ്പിക്കാതിരിക്കാൻ.' 1905–ലാണ് റഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട പ്രോട്ടോക്കോൾ, 1901–ലാണ് ഈ വെളിപ്പെടുത്തൽ നടത്തിയതെന്ന് പരിഗണിക്കുമ്പോൾ വാഗ്ദത്ത മിശിഹായുടെ ഈ വെളിപാടിന്റെ മഹത്വം കൂടുതൽ സ്ഥാപിതമായി. അപ്പോൾ പ്രോട്ടോക്കോളിന്റെ ഇംഗ്ലീഷ് പരിഭാഷപ്രസിദ്ധീകരിച്ചിരുന്നില്ല.അക്കാലത്ത്, ലോകത്ത് ആധിപത്യം സ്ഥാപിക്കാൻ ഒരു യഹൂദതന്ത്രം ലോകത്തിന് ഉണ്ടായിരുന്നില്ല, 'ഫ്രീമേസണുകളെ' കുറിച്ച് ആരും അറിയാത്ത കാലത്ത്, ഇന്ത്യയിലെ, ഖാദിയാനിൽ ചെറിയതും അജ്ഞാതവുമായ ഗ്രാമത്തിൽ വെച്ച് ദൈവം വാഗ്ദത്ത മസീഹിനോട് വെളിപ്പെടുത്തിയത് ആശ്ചര്യകരമാണ്. –ജൂത ആധിപത്യത്തിനായി ഒരു പദ്ധതി ആവിഷ്കരിക്കും, അതിൽ 'ഫ്രീമേസൺസ്' ഒരു പ്രധാന പങ്ക് വഹിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 'ഫ്രീമേസൺസ്' ആധിപത്യം നേടും. എന്നാൽ 'ഫ്രീമേസൺസ്' ഒരിക്കലും നിങ്ങളുടെ

1897-ഓടെ രൂപീകരിച്ച പദ്ധതിയിൽ വേരൂന്നിയതാണ്. കാരണം അപ്പോഴാണ് ഇസ്രായേൽ രാഷ്ട്രം രൂപീകരിക്കേണ്ടതിന്റെ പ്രത്യക്ഷ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അതിനുശേഷം, 1917-ലാണ് രണ്ടാമത്തെ വലിയ ചുവടുവെപ്പ് നടത്തുന്നത്. അന്നത്തെ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി മിസ്റ്റർ ബാൽഫോർ ജൂതസമൂഹത്തിലെ ധനികനും സ്വാധീനവുമുള്ള അംഗമായിരുന്ന റോത്ത്ചൈൽഡിന് ഒരു കത്തെഴുതിയതാണത്.



മേലോ നിങ്ങളുടെ സമൂഹത്തിന്റെ മേലോ ആധിപത്യം നേടില്ലെന്ന് ദൈവം വാഗ്ദാനം ചെയ്യുകയുണ്ടായി. അതുകൊണ്ട് ഈ പദ്ധതി ആത്യന്തികമായി പരാജയപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു, പക്ഷേ അതിന്റെ നാശത്തിന്റെ വിധി നേരിടുന്നതിന് മുമ്പ് ആ പ്രസ്ഥാനം അതിന്റെ അത്യന്തം അപകടകരമായ വിഷം ലോകമെമ്പാടും വ്യാപിപ്പിക്കും. അതിന്റെ ഫലമായി നിരവധി ഭൂകമ്പങ്ങളും നിരവധി ദുരന്തങ്ങളും നിരവധി രാജ്യങ്ങളെ ഗ്രസിക്കും.

വളരെ അപകടകരമായ ഒരു കാലഘട്ടമാണ് നമ്മെ കാത്തിരിക്കുന്നത്. കാരണം അത്തരം മാനങ്ങളുള്ള ഒരു വലിയ പദ്ധതി സ്വന്തം ഭാരത്തിൽ പെട്ടെന്ന് പൊളിയാൻ സാധ്യതയില്ല. ഈ പദ്ധതി പൂർണശക്തിയോടെ മുന്നോട്ട് പോകുകയും പൂർണ്ണമായി പ്രാവർത്തികമാവുകയും ചെയ്യും. തുടർന്ന് അതിനെ നിർവീര്യമാക്കാനും തകർക്കാനും ദൈവഹിതം തന്നെ അതിനെതിരെ പോരാടും. എന്നാൽ അതിനിടയിൽ, മനുഷ്യവർഗം കഠിനമായ നിരവധി പരീക്ഷണഘട്ടങ്ങളിലൂടെ കടന്നുപോകുകയും വലിയ പ്രയാസങ്ങൾ നേരിടേണ്ടി വരുകയും ചെയ്യും. നാം അതിന് മാനസികമായി തയ്യാറാകേണ്ടതുണ്ട്. അതിന്റെ ചില ഭാഗങ്ങൾ അഹ്മദി മുസ്‌ലിംകളുടെമേൽ അടിച്ചേൽപ്പിക്കപ്പെടും. കാരണം അന്താരാഷ്ട്ര സമൂഹത്തിന്റെ കഷ്ടപ്പാടുകളുടെയും ദുരന്തങ്ങളുടെയും ഘട്ടത്തിൽ സത്യവിശ്വാസികളുടെ സമൂഹത്തിന് പൂർണമായും പരിക്കേൽക്കാതെ നിൽക്കുക അസാധ്യമാണ്. അതിന്റെ ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ അഹ്മദികൾക്കും നേരിടേണ്ടി വരും. എന്നാൽ ഇതെല്ലാം അവസാനിക്കുമ്പോൾ ഇസ്‌ലാമിന്റെ പ്രബോധനത്തിന്റെയും വിജയത്തിന്റെയും ദിനവും അഹ്മദിയ്യത്തിന്റെ ആധിപത്യവും വരും. ഇതായിരിക്കും തീർച്ചയായും അന്തിമ വിധി. അതായിരിക്കും നവലോക ക്രമം. പ്രസിഡണ്ട് ബുഷിന്റെ മനസ്സിലുള്ളതും ലോകത്ത് അവർ നടപ്പാക്കാൻ ആഗ്രഹിക്കുന്നതുമായ നവലോകക്രമമായിരിക്കില്ല അത്.

എന്നാൽ ഞാൻ ഇപ്പോൾ ഈ വിഷയത്തെ വിടുന്നു. മുമ്പ് പറഞ്ഞ വിഷയത്തിലേക്ക് തന്നെ തിരിച്ചുപോകനാഗ്രഹിക്കുന്നു. സമകാലിക ലോകത്തെ ആശങ്കാജനകമായ സാഹചര്യം 1897-ൽ സ്ഥാപിതമായ പദ്ധതിയിൽ വേരൂന്നിയതാണെന്ന് പറയാനാഗ്രഹിക്കുന്നു, കുറഞ്ഞത്

## ഇസ്‌ലാമിനെതിരായ ഭയാനകമായ ഗൂഢാലോചനകളുടെ കാലം

ഡോ. തിയോഡോർ ഹെർസൽ പ്രസിഡന്റായിരുന്ന ഒന്നാം ലോക സയണിസ്റ്റ് കോൺഗ്രസ് 1897-ൽ നടക്കുകയും അവരുടെ പദ്ധതി ഔപചാരികമായി 1897 ഓഗസ്റ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1916-ൽ ബ്രിട്ടീഷ് സർക്കാരിനെ പ്രതിനിധീകരിച്ചുകൊണ്ട് മക്മോഹൻ (ഈജിപ്ത് ഹൈക്കമീഷണർ) അക്കാലത്ത് ഹിജാസിന്റെ ഗവർണറായിരുന്ന ഷെരീഫ് ഹുസൈന് ഒരു കത്തെഴുതി. അദ്ദേഹം മക്കയിലെയും മദീനയിലെയും ഭരണാധികാരിയായിരുന്നു. (അദ്ദേഹം കിഴക്കൻ ജോർദാൻ രാജവംശത്തിൽ നിന്നുള്ളയാളാണ്, ഹിജാസിൽ തുർക്കി ഖിലാഫത്തിന്റെ പ്രതിനിധിയായിരുന്നു). പ്രസ്തുത കത്തിൽ ഞങ്ങൾക്ക് ചില ആനുകൂല്യങ്ങൾ നിങ്ങൾ നൽകുകയാണെങ്കിൽ ആ സേവനങ്ങൾക്കുള്ള പ്രതിഫലമായി, തുർക്കിയിലെ സ്വേച്ഛാധിപത്യ ഗവൺമെന്റിൽ നിന്ന് മുക്തി നേടാനും സ്വതന്ത്ര അറബ് രാഷ്ട്രം സ്ഥാപിക്കാനും ഞങ്ങൾ നിങ്ങളെ സഹായിക്കും എന്ന് നിർദ്ദേശിക്കുകയുണ്ടായി. ബ്രിട്ടീഷുകാരുടെ കൈയ്യിലുണ്ടായിരുന്ന ഭൂപടത്തിൽ ചില പ്രദേശങ്ങൾ എ എന്നും മറ്റു പ്രദേശങ്ങളെ ബി എന്നും അടയാളപ്പെടുത്തിയിരുന്നു. അതായ

ത് ചിലത് ഇംഗ്ലീഷ്-ആധിപത്യത്തിന്റെ മേഖലകളായും മറ്റു ചിലത് ഫ്രഞ്ച്-ആധിപത്യത്തിന്റെ മേഖലയായുമായിരുന്നു എന്നാണ് അത് അർത്ഥമാക്കിയിരുന്നത്.

ചുരുക്കത്തിൽ ആ ഉപാധികൾ അർത്ഥമാക്കുന്നത് ആ കരാർ അംഗീകരിക്കുകയണെങ്കിൽ ബ്രിട്ടീഷുകാരെയും ഫ്രഞ്ചുകാരെയുമാണ് അവരുടെ സ്വാധീന മേഖലകളിൽ വിദേശനയം രൂപീകരിക്കുന്നതിന് അധികാരപ്പെടുത്തുക. അതായത് ബ്രിട്ടനിലെയും ഫ്രാൻസിലെയും അതാത് സർക്കാരുകളുടെ അംഗീകാരത്തോടും അനുമതിയോടും കൂടി മാത്രമേ ഹിജാസിന് അവരുടെ വിദേശകാര്യങ്ങൾ തീരുമാനിക്കാൻ അനുവാദമുള്ളൂ. ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും അനുവദിച്ചെങ്കിൽ മാത്രമേ അവരുടെ സ്വാധീനമേഖലയിൽ ഒരു യൂറോപ്യൻ നിരീക്ഷകനെയോ ഉപദേശകനെയോ പോലും ക്ഷണിക്കാൻ സാധ്യമാവൂ.

മക്കയിലെ ഷെരീഫുമായുള്ള ഈ ചർച്ചകൾ പുരോഗമിക്കുമ്പോൾ തന്നെ ബ്രിട്ടീഷുകാർ വഹാബി വിഭാഗത്തിന്റെ നേതാവായ സൗദി രാജവംശവുമായി ഒരേസമയം ഒരു ഗൂഢാലോചനയിൽ ഏർപ്പെടുകയുണ്ടായി. അവർ ഈ പ്രദേശത്ത് ബ്രിട്ടീഷ് മേധാവിത്വത്തെ സ്ഥിരമായി അംഗീകരിക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിന്റെ അനുമതിയോടെ അവരുടെ വിദേശനയം രൂപീകരിക്കാൻ സമ്മതിക്കുകയും - മറ്റ് നിരവധി ബ്രിട്ടീഷ് വ്യവസ്ഥകൾ അംഗീകരിക്കുകയും ചെയ്യാമെങ്കിൽ - ബ്രിട്ടീഷ് സർക്കാർ സഊദി രാജവംശത്തെ ഹിജാസിൽ അധികാരത്തിലേറാൻ സഹായിക്കുമെന്നും സാധ്യമായ എല്ലാ ആക്രമണങ്ങളിൽ നിന്ന് അവരെ ശാശ്വതമായി സംരക്ഷിക്കുമെന്നും. ബ്രിട്ടീഷുകാരുമായി വഹാബികളും സഊദി രാജവംശവും കരാറുണ്ടാക്കി. ഈ കരാർ നിലവിൽ വന്നതിന് ശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽ മുൻകൂട്ടി ആസൂത്രണം ചെയ്ത ഒരു ആക്രമണം ആരംഭിക്കുകയും മക്കയിലെ ഷെരീഫ് പുറത്താക്കപ്പെടുകയും ചെയ്തു.

അങ്ങനെ, 1915-1917 കാലഘട്ടത്തിൽ, ഒരു വശത്ത് മക്കയിലെ ഷെരീഫിന് ഒരുതരം സിഗ്നൽ ലഭിച്ചു, അതുപോലെതന്നെ മക്കയിലെ ഷെരീഫിന്റെ എതിരാളികൾക്കും സിഗ്നൽ ലഭിച്ചു. മറുവശത്ത് റഷ്യയും ബ്രിട്ടനും ഫ്രാൻസും ഒരു ത്രികക്ഷി കരാറിൽ ഏർപ്പെട്ടു. ഓട്ടോമൻ സാമ്രാജ്യത്തെ വിഭജിക്കാനുള്ള ഉടമ്പടിയായിരുന്നു അത്. റഷ്യ, ബ്രിട്ടൻ, ഫ്രാൻസ് എന്നിവർ യഥാക്രമം കൈവശപ്പെടുത്തേണ്ട അറബ് പ്രദേശങ്ങൾ വിഭജിച്ചു. അതിനുപുറമെ, ഇംഗ്ലണ്ട്-ഫ്രഞ്ച്, സർക്കറുകൾ അറബ് പ്രദേശങ്ങൾ വിഭജിക്കാനും അവിടുത്തെ വിഭവങ്ങൾ കൊള്ളയടിക്കാനും രാഹസ്യകരാർ ഉണ്ടായിരുന്നു. ഈ പദ്ധതിപ്രകാരം, ലോകത്തിന്റെ ആ ഭാഗം മൂന്ന് സൂപ്പർ പവറുകളുടെ ആധിപത്യത്തിന് കീഴിലായി. അറബ് രാജ്യങ്ങളിൽ റഷ്യൻ സ്വാധീനം ഈ പദ്ധതികളിൽ നൽകിയിട്ടില്ല. അറബ് ഭൂമികൾ ആംഗ്ലോ-ഫ്രഞ്ച് കുത്തകയ്ക്ക് വിധേയമാക്കാൻ സമ്മതിച്ചു. തുടർന്നുള്ള യുദ്ധങ്ങളും ഈ മേഖലയിൽ ഈ രണ്ട് രാജ്യങ്ങൾ വഹിച്ച പങ്കും ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ മനസ്സിലാക്കാൻ എളുപ്പമാണ്.

### ഏറ്റവും സമ്പന്നമായ ഭൂമി, ഏറ്റവും ബലഹീനമായ പ്രതിരോധം

ഇപ്പോൾ, ഈ വീക്ഷണകോണിൽ നിന്ന് നിലവിലെ സാഹചര്യം വിശകലനം ചെയ്യുമ്പോൾ, അവരുടെ വിവിധ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും കാണാൻ വളരെ എളുപ്പമാണ്. ഇത് കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് മുമ്പ്, ഈ പ്രശ്നങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന മറ്റൊരു നിഗൂഢത സ്പർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ട് കാര്യങ്ങൾ സംഭവിക്കുമെന്ന് ഒരാൾ പ്രതീക്ഷിക്കില്ല, പക്ഷേ അത് സംഭവിച്ചു. ഒരു കാര്യം, മിഡിൽ ഈസ്റ്റ് ലോകത്തിലെ ഏറ്റവും സമ്പന്നമായ ഭാഗമാണ്. ലോകത്തിലെ എണ്ണ ഉൽപാദനത്തിന്റെ 60% ഇവിടെ നിന്നാണ് വരുന്നത്. എന്നാൽ പ്രതിരോധപരമായി ലോകത്തിലെ ഏറ്റവും ദുർബലമായ പ്രദേശം ഇവിടെയാണ്. വ്യാവസായിക വളർച്ചയുടെ കാര്യത്തിലും ഈ പ്രദേശം ഏറ്റവും ദുർബലമാണ്. അപ്പോൾ എന്താണ് ഈ പ്രഹേളിക? എന്താണ് ഈ നിഗൂഢത? എന്തുകൊണ്ടാണ് ഈ സമ്പത്തിന്റെ പർവ്വതങ്ങൾക്ക് മുകളിൽ കാവൽക്കാരൻ ഇല്ലാത്തത്.

ഏതാനും സ്വർണ്ണകട്ടകൾ മാത്രമുള്ള ഒരു ബാങ്കിൽ പോലും കർശനമായ സുരക്ഷാക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലോകത്തിന്റെ ഈ ഭാഗത്ത് അക്ഷരാർത്ഥത്തിൽ സ്വർണ്ണത്തിന്റെ പർവതങ്ങളാണ് കുമിഞ്ഞുകൂടി നിൽക്കുന്നത്. എന്നിരുന്നാലും, സൈനിക കാഴ്ചപ്പാടിൽ, ഈ പ്രദേശത്ത് ഒരു ശൂന്യതയുണ്ട്. എന്തുതന്നെയായാലും നിങ്ങൾ ഇപ്പോൾ കാണുന്ന ആ പ്രദേശത്തെ രാജ്യങ്ങളുടെ പ്രതിരോധശേഷി, അവിടെയുള്ള സമ്പത്തുമായി താരതമ്യം ചെയ്യുമ്പോൾ യാതൊന്നുമല്ല. എന്തുകൊണ്ടാണ് അങ്ങനെ? എന്തുകൊണ്ടാണ് ഈ പ്രദേശം സൈനികമായി ദുർബലമായിത്തീർന്നത്? അതേസമയം ആ പ്രദേശത്തിന്റെ ഒരു ചെറിയ ഭാഗവും എണ്ണ ഇല്ലാത്തതുമായ ഇസ്രായേലിന് അസാധാരണമാംവിധം ശക്തമായ ഒരു സൈനികശക്തിയായി ഉയർന്നു നിൽക്കുന്നു. സമ്പത്തിന്റെ വലയം പ്രതിരോധ രഹിതമാണ്, കവർച്ച ചെയ്യപ്പെടാവുന്ന പ്രദേശം പ്രതിരോധരഹിതമാണ്. ഇതാണ് ഉത്തരം കണ്ടെത്തേണ്ട ഒരു നിഗൂഢത.

രണ്ടാമത്തെ രഹസ്യം, പ്രസിഡണ്ട് സദ്ദാം താൻ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നത്തെ മറ്റൊരു വിഷയവുമായി ബന്ധപ്പെടുത്തി ചില നിർദേശങ്ങൾ മുന്നോട്ട് വെക്കുന്നുണ്ട്. അത് എന്തുകൊണ്ടാണ് കൈയ്യോടെ തള്ളപ്പെട്ടത്? ഈ തിരസ്ക്കാരത്തിന്റെ വിശകലനം അത്ഭുതം ഉളവാക്കുന്നതാണ്. നിങ്ങൾ അതിന്റെ കാരണം മനസ്സിലാക്കിക്കഴിഞ്ഞാൽ, എന്താണ് പരിഹാരം എന്നതിനെക്കുറിച്ചുള്ള അന്തിമ നിഗമനത്തിലെത്താൻ ബുദ്ധിമുട്ടുണ്ടാകില്ല.

കുവൈറ്റ് അധിനിവേശവും മറ്റേതെങ്കിലും പ്രശ്നവും തമ്മിൽ ബന്ധിപ്പിക്കുന്നതിനെ യുഎസും സഖ്യകക്ഷികളും ശക്തമായി നിരന്തരം നിഷേധിക്കുന്നു. പ്രസിഡന്റ് സദ്ദാം പറയുന്നത് കുവൈത്ത് അധിനിവേശവും ഇസ്റയേലിന്റെ അധിനിവേശവുമായി ബന്ധമുണ്ടെന്നാണ്. അതിന് ഒരേസമയം പരിഹാരം ആവശ്യമാണെന്നുമാണ് സദ്ദാം പറഞ്ഞത്. ഈ പരസ്പരബന്ധം അംഗീകരിച്ചിരുന്നെങ്കിൽ ഇപ്പോഴത്തെ പ്രശ്നത്തിന്റെ പരിഹാരം ഉണ്ടാകുമായിരുന്നു. പ്രസിഡന്റ് സദ്ദാം കുവൈത്തിൽ നിന്ന് പിന്മാറുകയും കിഴക്കൻ ജോർദ്ദാനിലെ വെസ്റ്റ് ബാങ്ക് കൈയ്യടക്കിയ ജൂതന്മാരോ സയണിസ്റ്റുകളോ ആ മേഖലയിൽ നിന്ന് പിന്മാറുകയും ചെയ്യുമായിരുന്നു. ഒരു ആക്രമണത്തിൽനിന്നും പിൻവാങ്ങുന്നതിന്റെ വിലയായി മറ്റൊരു ആക്രമിക്കപ്പെട്ട രാജ്യവും മോചിതമാകുമായിരുന്നു. ഇരുവശത്തും തുല്യമായി നീതി പുനഃസ്ഥാപിക്കാമായിരുന്നു. ഈ പ്രശ്നം കൂടുതൽ മുന്നോട്ട് പോകില്ലായിരുന്നു.

ഇതിനുവേണ്ടിയായിരുന്നു പ്രസിഡന്റ് സദ്ദാം തന്റെ കുവൈത്ത് അധിനിവേശവും ഇസ്രയേലിന്റെ അധിനിവേശവും നിരന്തരം ബന്ധപ്പെടുത്തിയും ഊന്നിയും പറയുന്നത്. ഈ സംഘർഷത്തിൽ പ്രസിഡന്റ് സദ്ദാമിന്റെ നിലപാടിനെ മനഃപൂർവം വളച്ചൊടിച്ച് കൊണ്ടുള്ള ഒരു പതിപ്പാണ് ലോകത്തിലെ സൂപ്പർ പവറുകൾ അവതരിപ്പിക്കുന്നത്. അതാണ് ഞാൻ നിങ്ങളുടെ മുമ്പിൽ പ്രസ്താവിച്ചത് പ്രശ്നം ലളിതമാണ്.

### നീതിയെ പാശ്ചാത്യലോകം വികലമാക്കുന്നു.

പശ്ചാത്യരാജ്യങ്ങൾ മനസ്സിലാക്കുന്നത്, ഇസ്രായേൽ ഒരു സഹോദര മുസ്‌ലിം രാഷ്ട്രത്തിന്റെ പ്രദേശം കൈവശപ്പെടുത്തി, അതിൽ കോപാകുലനായി ഒരു സഹോദര മുസ്‌ലിം രാഷ്ട്രത്തെ പ്രസിഡണ്ട് സദ്ദാം ഹുസൈനും കൈവശപ്പെടുത്തി എന്നതാണ്. ഇതാണ് പാശ്ചാത്യ രാജ്യങ്ങൾ പറയുന്നത്. എന്നിട്ട് അവർ രണ്ട് പ്രശ്നങ്ങളുടെ പരസ്പരബന്ധത്തിന്റെ സിദ്ധാന്തം യുക്തിരഹിതവും അന്യായവുമാണെന്ന് പരിഹസിക്കുകയാണ് ചെയ്യുന്നത്. എണ്ണ ഉത്പാദനം സംബന്ധിച്ച് കുവൈത്ത് ഭരണകൂടവുമായി ഇറാഖിന് ചില തർക്കങ്ങളുണ്ടെന്ന് ലോകത്തിന് മുഴുവൻ അറിയാവുന്ന കാര്യമാണ്. അതിനാൽ കുവൈത്ത് പിടിച്ചടക്കാൻ ഇറാഖ് തീരുമാനിച്ചത് കുവൈത്തിന്റെ എണ്ണ നിക്ഷേപം പിടിച്ചെടുക്കാനാണ്. അപ്പോൾ ഈ ചിത്രത്തിൽ "ÂLinkage' (രണ്ട് പ്രശ്നങ്ങളും തമ്മിൽ കൂട്ടിയിണക്കൽ) എവിടെയാണ് കടന്നുവരുന്നത്? രണ്ടിനും തമ്മിൽ ബന്ധമില്ല എന്നാണ് പാശ്ചാത്യർ പ്രചരിപ്പിക്കുന്നത്.

എന്നാൽ ഞാൻ ചൂണ്ടിക്കാണിച്ചത്, ഇവ തമ്മിൽ ആഴത്തിലുള്ള ഒരു ലിങ്ക് ഉണ്ട്. നിങ്ങൾ ഇറാഖിന്റെ ആക്രമണത്തിന് എതിരാണെങ്കിൽ ഈ പ്രദേശത്ത് ഇതിനകം ഉണ്ടായിട്ടുള്ള അക്രമവും അധിനിവേശങ്ങളും നിങ്ങൾ പഴയപടിയിലാക്കണം. എങ്കിൽ മറുപടിയായി താൻ ആക്രമിച്ച് അധിവേശം നടത്തിയ സ്ഥലങ്ങളിൽ നിന്നെല്ലാം പിന്മാറാം എന്നാണ് സദ്ദാം പറഞ്ഞത്. അതോടെ ഈ വിഷയം അവസാനിക്കുമായിരുന്നു. എന്നാൽ പാശ്ചാത്യശക്തികൾ അതൊന്നും ചെയ്തില്ല. എന്തുകൊണ്ട് അവർ അത് ചെയ്തില്ല? എന്താണ് ഇതിന് പിന്നിലെ കാരണം, ഇസ്രായേലുമായുള്ള അവരുടെ ബന്ധം എന്താണ്, എന്തുകൊണ്ടാണ് പാശ്ചാത്യ ശക്തികൾ ഇക്കാര്യത്തിൽ ഇത്ര സെൻസിറ്റീവ് ആകുന്നത്. എന്തുകൊണ്ടാണ് അവരുടെ താത്പര്യങ്ങൾ നിറവേറ്റേണ്ടത് അത്യാവശ്യമായി വരുന്നത്?. എന്തുകൊണ്ട് ഇത്രയധികം ഉയർന്ന വില അതിന് നൽകേണ്ടി വരുന്നത്?. അതിന്റെ ഉയർന്ന ചെലവ് നമ്മെപ്പോലെയുള്ള എളിയവരായ സാധാരണക്കാർക്ക് ഉൾക്കൊള്ളാൻ പ്രയാസമാണ്, ഉദാഹരണത്തിന് ഒരു ബില്യൺ ഡോളർ. നമ്മെ സംബന്ധിച്ചിടത്തോളം ഒരു ബില്യൺ രൂപ പോലും വലിയ തുകയാണ്. ഒരു ബില്യൺ ഡോളർ അതിലും വലുതാണ്. ഇതുവരെ പരസ്യമാക്കിയ ഈ യുദ്ധത്തിന്റെ വസ്തുതകളും കണക്കുകളും സൂചിപ്പിക്കുന്നത് യുദ്ധത്തിന് ഒരു ദിവസം നൂറ് കോടി യു.എസ് ഡോളർ ചെലവുവരും. യുഎസിനു പുറമെ ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും ചെലവഴിക്കുന്നു. അന്താരാഷ്ട്ര സമൂഹത്തിന് മുന്നിൽ ഭിക്ഷാടകന്റെ തൊപ്പിയുമായി അവർ കറങ്ങുന്ന അവസ്ഥയിലെത്തി.

ബ്രിട്ടീഷുകാർ അമേരിക്കക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ നയതന്ത്രകലയിൽ വളരെ നിപുണരാണ്. അത് അവർക്ക് നൂറ്റാണ്ടുകളുടെ പരിശീലനത്തിൽനിന്ന് ലഭിച്ച നയതന്ത്രവൈദഗ്ധ്യത്തിന്റെ ഫലമാണ്. അങ്ങനെ നമ്മുടെ (ബ്രിട്ടീഷ്) വിദേശകാര്യ സെക്രട്ടറി ജെർമനി സന്ദർശിച്ച് ആറോ ഏഴോ മില്ല്യൺ ഡോളർ സഹായം സ്വീകരിച്ചപ്പോൾ, ഈ സഹായത്തെക്കുറിച്ച് അദ്ദേഹം നടത്തിയ പരാമർശം 'നോക്കൂ, ഞാൻ

ഇവിടെ വന്നത് ഭിക്ഷക്കാരന്റെ തൊപ്പിയുമായിട്ടല്ല. പണം ചോദിക്കാനുള്ള വിചാരം പോലും എന്റെ മനസ്സിൽ ഉണ്ടായിരുന്നില്ല. ജർമ്മൻകാർ നമ്മുടെ ദയയുള്ള സഹോദരന്മാരാണ്. അവർ ഒരു മഹത്തായ രാഷ്ട്രമാണ്, യുദ്ധശ്രമത്തിൽ പങ്കെടുത്ത് അവരുടെ പ്രയാസകരമായ സമയത്ത് സഹോദരങ്ങളെ സഹായിക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് അവർ മനസ്സിലാക്കി. അതിനാൽ ഈ സഹായം ഞങ്ങൾ നന്ദിയോടെ സ്വീകരിക്കുന്നു...'

ഇന്നലെ രാത്രി, ഈ സംവാദത്തിൽ പങ്കെടുത്ത എഡ്വേർഡ് ഹീത്ത് പറഞ്ഞു, നിങ്ങളുടെ നുണകളും ഇരട്ടത്താപ്പും ഇപ്പോൾ അതിന്റെ പരിധിയിൽ എത്തിയിരിക്കുന്നു; കൈയിൽ ഭിക്ഷക്കാരന്റെ പാത്രവുമായി ഓടിക്കളിച്ച് ലോകത്തിനുമുമ്പിൽ നിങ്ങൾ രാജ്യത്തെ അപമാനിച്ചു. നിങ്ങൾക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത ഒരു പ്രശ്നത്തിൽ നിങ്ങൾ എന്തിന് ഇടപെട്ടു? അതിനായി നിങ്ങൾ ഒരു യാചകനെപ്പോലെ പ്രവർത്തിച്ച് ബ്രിട്ടന്റെ ബഹുമാനവും അന്തസ്സും കെടുത്തി. മറുവശത്ത് അമേരിക്കക്കാർ പരുക്കൻ രാഷ്ട്രീയക്കാരാണ്. യു.എസ് വൈസ് പ്രസിഡന്റ് മിർ. ക്വയിൽസ് ഇവിടെ സന്ദർശിക്കുന്നു (അദ്ദേഹത്തിന്റെ മാനസികവും രാഷ്ട്രീയവുമായ കഴിവുകൾ അമേരിക്കൻ പത്രങ്ങളിൽ നിരന്തരം തമാശകൾക്ക് വിധേയമാകാറുണ്ട്. പക്ഷേ ഇത് അവരുടെ അഭ്യന്തരകാര്യമാണ്). അദ്ദേഹത്തിന് നയതന്ത്രഭാഷാവൈദഗ്ദ്ധ്യം ഇല്ല. മാത്രമല്ല ചില കാര്യങ്ങൾ മറച്ചുവെക്കാനും അറിയില്ല. അദ്ദേഹം അമേരിക്കയുടെ യാചകത്വം പ്രൊജക്റ്റ് ചെയ്യാനാണ് ശ്രമിച്ചത്. പഞ്ചാബിയിൽ ഒരു പഴഞ്ചൊല്ലുണ്ട്.' ഞാൻ പട്ടിണി കിടന്ന് ഇപ്പോൾ ചാകും, ദയവായി എന്നോട് കരുണ കാണിക്കൂ.' എന്ന് ദൈവനാമത്തിൽ ഭിക്ഷ യാചിക്കുക. എന്ന് ഓർമ്മിപ്പിക്കുന്ന വിധം ഭിക്ഷാടനം നടത്തുന്നതിന് പകരം തന്റെ ദണ്ഡ് ചുഴറ്റിക്കൊണ്ട് 'എനിക്ക് പണം തരൂ, അല്ലെങ്കിൽ ഞാൻ നിന്റെ തല അടിച്ചു പൊട്ടിക്കും!' എന്ന് പറഞ്ഞ് വടി വീശുകയാണ് അമേരിക്ക ചെയ്യുന്നത്. ഒരു വടിയുമായി പിരിവിനിറങ്ങിയ യാചകന്റെ രീതിയിലാണ് ക്വെയ്‌ലിന്റെ പ്രവർത്തനരീതി. ലോകത്തിൽ നിന്ന് എന്ത് സാമ്പത്തിക സഹായമാണ് യുഎസ് പ്രതീക്ഷിക്കുന്നതെന്ന് ഒരു പത്രലേഖകൻ ചോദിച്ചപ്പോൾ, 'എന്ത് പ്രതീക്ഷ, അത്തരം രാജ്യങ്ങളിൽ നിന്ന് ഇത്രയും തുക ഈടാക്കാൻ ഞങ്ങൾ തീരുമാനിച്ചു. ഞങ്ങൾ അവരോട് യാചിക്കാൻ പോകുന്നില്ല. അവർ ഞങ്ങൾക്ക് അത് പ്രകാരം അടക്കേണ്ടി വരും' വാർത്താ ലേഖകൻ ഇടപെട്ട് ചോദിച്ചു: ആ രാജ്യങ്ങൾ പണം നൽകാൻ വിസമ്മതിച്ചാൽ എന്തുചെയ്യുമെന്ന് ചോദിച്ചു. 'അങ്ങനെയെങ്കിൽ ആ രാജ്യങ്ങൾ ഒരിക്കലും യുഎസിന്റെ പിന്തുണയുണ്ടാകുമെന്ന് കരുതേണ്ട' മിസ്റ്റർ ക്വയിൽ ഒരു പരോക്ഷ ഭീഷണിയാണ് മുഴ്ക്കിയത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഈ യുദ്ധത്തിന് ഇത്രയും വലിയ വില കൊടുക്കാൻ അവർ തയ്യാറായിരിക്കുകയാണ്. ഇസ്‌ലാമിക ലോകത്ത് അവർ പടുത്തുയർത്തിയ എല്ലാ വിശ്വാസ്യതയും അവർ പാഴാക്കിയിരിക്കുന്നു. കുറച്ച് മുമ്പ് പാകിസ്താൻ പ്രായോഗികമായി ഒരു അമേരിക്കൻ ഉപഗ്രഹമായി മാറിയ കാലമുണ്ടായിരുന്നു. പാകിസ്താൻ ജനത ഈ അമേരിക്കൻ വിശ്വാസ്യതയിൽ നിന്നും സ്വയം രാജിയായിരിക്കുകയാണ്. വിശ്വാസ്യതയും സ്ഥാനവും നേടിയെടുക്കാൻ ഓരോ പാകിസ്താൻ രാഷ്ട്രീയക്കാരനും യുഎസിലേക്ക് ഓടുകയാണ് പതിവ്. ജനങ്ങൾ ഇപ്പോൾ അമേരിക്ക എന്ന നാമത്തിൽ നീരസപ്പെടുകയാണ്. കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്കുള്ളിൽ അവരോട് വിദ്വേഷത്തിന്റെ തീ പടർന്ന് 'അമേരിക്കൻ' എന്ന വാക്ക് അവിടെ അധിക്ഷേപ പദമായി മാറിയിരിക്കുന്നു. അതുപോലെ, ബ്രിട്ടനും മുസ്‌ലിം രാജ്യങ്ങളുമായി ഉണ്ടാക്കിയിരുന്ന ബന്ധം തകർന്നിരിക്കുന്നു. അവർ കെട്ടിപ്പടുത്ത വിശ്വാസ്യത പൂർണമായും നഷ്ടപ്പെട്ടു.

## സാഹചര്യത്തിന്റെ വിശദമായ വിലയിരുത്തൽ

അവർ ഇത്രയും വലിയ വില കൊടുക്കുന്നത് എന്തുകൊണ്ടാണ്? എന്തുകൊണ്ട് അവർ അധിനിവേശത്തിന്റെ പരസ്പര ബന്ധത്തിന്റെ തത്വം അംഗീകരിക്കുന്നില്ല. പ്രശ്നത്തിലുള്ള പ്രദേശങ്ങൾ ഒഴിയാൻ ഇസ്രായേലിനോട് ആവശ്യപ്പെടുകയും അപ്രകാരം ഇറാഖിന്റെ കുവൈത്തീ അധിനിവേശം പിൻവലിക്കൽ ഉറപ്പാക്കുകയും ചെയ്ത് ഈ പ്രശ്നം പെട്ടെന്ന് അവസാനിപ്പിക്കുകയും ചെയ്യുന്നില്ല? നിലവിലെ യുദ്ധത്തിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ച് നമ്മുടെ വീക്ഷണകോൺ കുറെകൂടി വിശാലമാക്കേണ്ടതുണ്ട്. കുവൈത്തീ പുന:സ്ഥാപനം എന്നത് ഒരു കണ്ണിൽ പൊടിയിടൽ മാത്രമാണ്. ഈ രാജ്യങ്ങളുടെ താത്പര്യം ഇറാഖ് എന്ന രാജ്യത്തെ തന്നെ ഇല്ലാതാക്കുക എന്നതാണ്.

രണ്ടാമതായി, ഈ നാടകം മുഴുവൻ ജൂതന്മാർക്ക് വേണ്ടിയാണോ കളിക്കുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. 'ജൂതന്മാർ' എന്നല്ല പറയുക. പകരം 'ഇസ്രായേൽ' എന്നാണ് പറയുക. (യഹൂദന്മാരിൽ ചില വിഭാഗങ്ങൾ ഇസ്രായേലി നയങ്ങൾക്ക് എതിരാണ്. സൗമ്യരായ പലരും ഇസ്റായീലിന്റെ ആക്രമണത്തിന് പരസ്യമായി വിമർശിക്കുകയും അതിന്റെ പ്രവർത്തനങ്ങളെ ഒരു തരത്തിലും പിന്തുണയ്ക്കുകയും ചെയ്യുന്നില്ല). ഇസ്രായേൽ അറബികളുമായി ഏറ്റുമുട്ടിയപ്പോഴെല്ലാം ഈ രാഷ്ട്രങ്ങൾ

(ശേഷം പേജ് 29 ൽ)

ലേഖനം

# അമേരിക്കയിൽ നിന്നൊരു സംഗീതജ്ഞനായ മാലാഖ



കുത്തഴിഞ്ഞ അമേരിക്കൻ സംഗീത ജീവിതത്തിൽ മുഴുകി ജീവിച്ച ഒരു സംഗീതജ്ഞൻ , റസൂൽ തിരുമേനി[സ]യുടെ ജീവചരിത്രം വായിച്ച് സാത്വികനായ വിശ്വാസിയായി മാറിയ അസാധാരണ ജീവിതകഥ അനാവരണം ചെയ്യുന്ന ലേഖനം.

**റഫീഖ് അഹ്മദ് മാത്തോട്ടം**

**1993**ലെ യു.കെ വാർഷിക സമ്മേളനത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്[റഹ്] യുടെ അത്യധികം ഉജ്ജ്വലവും ആവേശകരവുമായ പ്രസംഗം നടന്നു കൊണ്ടിരിക്കുകയാണ്. *നഅ്റയെ തക്ബീർ അല്ലാഹു അക്ബർ, ഇസ്‌ലാം സിന്ദാബാദ്, അഹ്മദിയത്ത് സിന്ദാബാദ്* തുടങ്ങിയ മുദ്രാവാക്യങ്ങളും തക്ബീർ ധ്വനികളുംകൊണ്ട് അന്തരീക്ഷം ശബ്ദമുഖരിതമാണ്. പെട്ടെന്നാണ് ആ തക്ബീർ ധ്വനികളിലൊന്ന് പ്രസംഗിച്ചു കൊണ്ടിരിക്കുന്ന ഹുദൂറിന്റെ ശ്രദ്ധയിൽപെടുന്നത്. ഹുദൂർ തന്റെ പ്രസംഗം നിർത്തി. ഉർദുവിൽ പ്രസംഗിച്ചു കൊണ്ടിരുന്ന ഹുദൂർ സ്റ്റേജിൽനിന്നും അൽപം അകലെ ഒരിടം ചൂണ്ടിക്കൊണ്ട് ഇംഗ്ലീഷിൽ പറഞ്ഞു, 'ഞാൻ ഈ ഭാഗത്തുനിന്നും ഒരു മലക്കിന്റെ ശബ്ദം കേട്ടിരിക്കുന്നു. അല്ലാഹു അക്ബർ എന്ന് ഉച്ചത്തിൽ മുഴങ്ങുന്ന ആ ശബ്ദം അദ്ദേഹത്തിന്റെ ഹൃദയത്തിലൂടെയാണു പുറത്തു വന്നു കൊണ്ടിരിക്കുന്നത്.' എല്ലാവരുടേയും ശ്രദ്ധ ഹുദൂർ ചൂണ്ടിയ ആ ഭാഗത്തേക്കു തിരിഞ്ഞു. അമേരിക്കയിൽനിന്നും ജൽസയിൽ പങ്കെടുക്കാനെത്തിയ മുഹമ്മദ് സാദിഖ് സാഹിബിന്റേതായിരുന്നു ഹുദൂർ തിരിച്ചറിഞ്ഞ ആ ശബ്ദം.

അമേരിക്കൻ ഐക്യനാടുകളുടെ അമീറും ഇൻചാർജ്ജ് മിഷ്യനറിയുമായ ശേഖ് മുബാറക്ക് അഹ്മദ് സാഹിബ് തന്റെ തൊട്ടടുത്തിരിക്കുന്ന മുഹമ്മദ് സാദിഖ് സാഹിബിനെ എഴുന്നേൽപിച്ചു നിർത്തി. എം.ടി.എ. ക്യാമറകൾ അദ്ദേഹത്തെ ഫോക്കസ് ചെയ്തു. ലോകത്തുള്ള മുഴുവൻ പ്രേക്ഷകരും കാലത്തിന്റെ ഖലീഫ വിശേഷിപ്പിച്ച അമേരിക്കൻ കറുത്ത വർഗക്കാരനും എളിമയുടേയും വിനയത്തിന്റേയും പര്യായവുമായ ആ മാലാഖയെ കണ്ണുനിറയെ കണ്ടു. ഹുദൂർ അദ്ദേഹത്തോടു പറഞ്ഞു Brother Sadiq! your voice was music to my ears(സാദിഖ് സഹോദരാ,താങ്കളുടെ ശബ്ദം എന്റെ കർണ പുടത്തിൽ സംഗീതലയമായാണു പതിക്കുന്നത്) എന്നിട്ട് മറ്റുള്ളവരോടായി പറഞ്ഞു Brother Sadiq had lost the light of his eyes but Allah had increased the light of his heart (സാദിഖ് സാഹിബിന്റെ കണ്ണുകളിലെ വെളിച്ചം നഷ്ടപ്പെട്ടു പോയെങ്കിലും അദ്ദേഹത്തിന്റെ അകക്കണ്ണിലെ പ്രകാശം അല്ലാഹു വർദ്ധിപ്പിച്ചിരിക്കുകയാണ്)

നമ്മൾ മാതൃകയാക്കുകയും പിന്തുടരുകയും ചെയ്യേണ്ട ഒരുപാടു സദ്ഗുണങ്ങളുടെ വിളനിലമായ അദ്ദേഹം ദീർഘകാലം അമേരിക്കയിലെ നിശാക്ലബ്ബുകളിൽ മാസ്മരസംഗീതത്തിന്റെ അകമ്പടിയിൽ ചടുല താളങ്ങളുടെ വിരുന്നൊരുക്കി ആസ്വാദകരെ ആനന്ദത്തിൽ ആറാടിച്ച, ഭൗതികതയുടേയും സമ്പന്നതയുടെ ഉത്തുംഗതയിൽ വിരാചിക്കുകയും പിന്നീട് ദീനുൽഹഖ് കണ്ടെത്തിയശേഷം താൻ നേടിയതെല്ലാം ഉപേക്ഷിച്ചു കൊണ്ട് ഒരു ഫക്കീറിന്റെ ജീവിതം നയിച്ചുവന്ന മുഹമ്മദ് സാദിഖെന്ന ആ മലക്കിന്റെ ധന്യജീവിതത്തെ അടുത്തറിയാൻ നാം ഒരുപാടു പിറകിലേക്കു പോകേണ്ടിയിരിക്കുന്നു.

അമേരിക്കൻ ഐക്യനാട്ടിലെ ന്യൂജേഴ്സി സംസ്ഥാനത്തെ ആളുകൾ തിങ്ങിപ്പാർക്കുന്ന ന്യുവെക് (Newark) നഗരത്തിൽ ഒരു സാധാരണ ക്രിസ്തീയ കുടുംബത്തിൽ 1912-ലാണു ഹൊവാർഡ് വില്യം സ്കോട്ടിന്റെ (Howard willium scott) ജനനം. ഹൊവാഡിന് ഒരു അനുജനുമുണ്ട്. പിതാവും മാതാവും രണ്ട് ആൺമക്കളുമടങ്ങുന്ന കുടുംബം ന്യൂജേഴ്സിലെ തന്നെ ഇർവിംഗ്ടൻ പട്ടണത്തിൽ ഒരു ചെറിയ വീട്ടിലാണു താമസിച്ചിരുന്നത്. പിതാവ് മുഴുക്കുടിയനായിരുന്നു. അതിനാൽ കുടുംബജീവിതം ഒരിക്കലും സന്തോഷകരമായ ചുറ്റുപാടിലായിരുന്നില്ല കടന്നു പോയിക്കൊണ്ടിരുന്നത്. പിതാവിന്റെ ക്രുദ്ധവും കാർക്കശ്യവുമായ സ്വഭാവം കാരണം വീട്ടിൽ വഴക്കും വക്കാണവും പതിവായിരുന്നു. നിസ്സാര കാര്യങ്ങൾക്കുപോലും മക്കൾ പിതാവിന്റെ ക്രൂരമർദ്ദനങ്ങൾക്കിരയാകാറുണ്ടായിരുന്നു. മാതാവ് സ്നേഹനിധിയും ശാന്തസ്വഭാവിയും മതപരമായ ചിട്ടയിൽ ജീവിക്കുന്നവളുമായ ഒരു പാവം സ്ത്രീയായിട്ടും ഭർത്താവിന്റെ മർദ്ദനത്തിൽനിന്ന് അവരും രക്ഷപ്പെട്ടാറില്ല. ഇതിനൊക്കെത്തന്നെ പിതാവിന്റെ അമിത മദ്യപാനമായിരുന്നു കാരണം. ആ മദ്യപാനത്താൽ അദ്ദേഹത്തിന്റെ ആരോഗ്യം ഏറെക്കുറെ നശിക്കുകയും രോഗത്തിന്റെ പിടിയിൽ അമർന്നുകൊണ്ടുമിരുന്നു.

ഹൊവാർഡ് വില്യം സ്കോട്ട് തന്റെ ജീവിതകഥ പറഞ്ഞു തുടങ്ങി. 'ഞാനും സഹോദരനും ന്യുവെക്കിൽ തന്നെയുള്ള ഒരു സ്കൂളിലായിരുന്നു പഠിച്ചു കൊണ്ടിരുന്നത്. നിർഭാഗ്യമെന്നു പറയട്ടെ, ഞാൻ ഹൈസ്ക്കൂളിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ പിതാവ് അകാലചരമം പ്രാപിച്ചു. അതു പ്രതീക്ഷിച്ചതുമായിരുന്നു.

അതോടെ ഞങ്ങൾ സാമ്പത്തികമായി ഞെരുങ്ങാൻ തുടങ്ങി. അതിനു ശേഷം ഞങ്ങൾ അമ്മയുടെ പിതാവിന്റെ വീട്ടിലേക്കു താമസം മാറി. പിന്നീട് മാതാവായിരുന്നു ഞങ്ങളെ പരിപാലിച്ചു പോറ്റി വളർത്തിയത്. ഞങ്ങളുടെ കുടുംബത്തിന് പരമ്പരാഗതമായി സംഗീതവുമായി നല്ല ബന്ധമുണ്ടായിരുന്നു. അതിനാൽ എനിക്കു ചെറിയപ്രായം മുതൽ തന്നെ സംഗീതത്തോടു ചെറുതല്ലാത്ത അഭിരുചിയും ആവേശവും ഉണ്ടായിരുന്നു. അതിനു കുടുംബാംഗങ്ങളിൽ നിന്നു നല്ല പ്രോത്സാഹനവും ലഭിച്ചിരുന്നു. അങ്ങനെ ഞാൻ സംഗീതവും സംഗീതോപകരണങ്ങൾ വായിക്കാനും പഠിച്ചു കൊണ്ടാണു വളർന്നത്. പല സംഗീത ഉപകരണങ്ങളും പരിശീലിക്കാൻ ഞാൻ ശ്രമിച്ചു തുടങ്ങി. ക്ലാസ്സിക്കൽ മ്യൂസിക്കിലായിരുന്നു ഞാൻ കൂടുതൽ ശ്രദ്ധിച്ചിരുന്നതെങ്കിലും ആ കാലത്തു ജാസ് (Jazz) എന്ന നൃത്തസംഗീത രീതി അമേരിക്കയിൽ വലിയ ജനപ്രീതി നേടിയിരുന്നു. അങ്ങനെ ഞാനും അതിലേക്കു വഴുതി വീണു. ഞാൻ എഞ്ചിനിയറിംങ്ങ് കോളജിലും പ്രവേശനം നേടിയിരുന്നുവെങ്കിലും സംഗീതത്തോടുള്ള അഭിനിവേശവും, രാവും പകലുമുള്ള അതിന്റെ പരിശീലനവും കാരണം എനിക്ക് എന്റെ വിദ്യാഭ്യാസത്തോട് എന്നെന്നേക്കുമായി വിടപറയേണ്ടി വന്നു.

ദിനങ്ങൾ മുന്നോട്ടു നീങ്ങുന്തോറും നിത്യവൃത്തിക്കായി ഒരു ജോലി എനിക്ക് ഒഴിച്ചു കൂടാനാവാത്തതായി തീർന്നു. ഞാൻ ജോലിയന്വേഷിച്ചു പലയിടത്തും അലഞ്ഞു. കാര്യമായി ഒരു ജോലിയും കണ്ടെത്താനായില്ല. എഞ്ചിനിയറിംങ്ങിൽ ചെറിയൊരു പരീക്ഷ പാസ്സായിട്ടുണ്ടായിരുന്നുവെങ്കിലും കുറെയേറെ ശ്രമിച്ചിട്ടും അതുമായി ബന്ധപ്പെട്ട ഒരു ജോലിയും എനിക്കു ലഭിച്ചില്ല. ആ കാലത്ത് എന്നെപ്പോലുള്ള ആഫ്രിക്കൻ വംശജർക്ക് അമേരിക്കയിൽ ജോലിസാദ്ധ്യത വളരെ കുറവായിരുന്നു. എങ്കിലും എന്റെ സ്വന്തം പരിശ്രമത്താൽ ഞാൻ നല്ലൊരു ജാസ് സംഗീതജ്ഞനായി മാറിക്കഴിഞ്ഞിരുന്നു. അവസാനം സംഗീതത്തെത്തന്നെ ജീവിത മാർഗമാക്കാൻ ഞാൻ തീരുമാനിച്ചു. മറ്റു ജോലിയെക്കാൾ അതിനു കൂടുതൽ പ്രതിഫലവും ലഭിച്ചിരുന്നു. അങ്ങനെ ന്യൂജേഴ്സിയിലെ പല നൈറ്റ് ക്ലബ്ബുകളിലും ബാന്റ് കമ്പനികളോടോപ്പം ഞാൻ പോകാൻ തുടങ്ങി. കുറച്ചു കഴിയുമ്പോഴേക്കും അമേരിക്കയിലെ വളരെ പ്രശസ്തമായ റോക്ക് ബാൻഡിൽ ഞാൻ അംഗമായി. അങ്ങനെ സംഗീതത്തെ എല്ലാ രീതിയിലും പുണർന്നുകൊണ്ട് അതിനെ ഞാനെന്റെ ജീവിതമാർഗമായി സ്വീകരിച്ചു. കൈനിറയെ പണവും സുഖലോലുപതയും വലിയവരുമായുള്ള സഹവാസവും. ഞാനതിൽ മതി മറന്നു. കുറച്ചു കാലത്തിനുശേഷം പെൺസുഹൃത്തുമായി വിവാഹം നടന്നു. മേരി സൽസ്വഭാവിയും സാത്വികയും എന്നെ വളരെയധികം സ്നേഹിക്കുന്നവളുമായിരുന്നു.

അങ്ങനെ ജീവിതം സുഖലോലുപതയിൽ,യാതൊരു അല്ലലുമറിയാതെ ഐശ്വര്യപൂർവം കഴിഞ്ഞു പോകുന്ന അവസരത്തിൽ 1947ന്റെ ഒരു സായംകാലം എന്റേയും ഭാര്യയുടേയും ജീവിതം മാറ്റിമറിച്ച ഒരു സംഭവമുണ്ടായി. ഞാനാ വൈകുന്നേരം പതിവുപോലെ ബാന്റ് ക്ലബിലേക്കു പുറപ്പെടാൻ നേരം വീട്ടിലെ ഫോൺ ബെല്ലടിച്ചു. നോക്കിയപ്പോൾ ബാന്റിലെ സീനിയർ മ്യൂസീഷ്യനായ ആർട് ബ്ലിക്കിയാണു മറു തലയ്ക്കൽ. അദ്ദേഹം ക്ലബ്ബിൽ എത്തിയെന്നും അദ്ദേഹത്തിന്റെ ഭാര്യയും ക്ലബ്ബിലേക്കു വരണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിനു ക്ലബ്ബിൽ പെട്ടെന്ന് എത്താനുള്ളതുകൊണ്ട് അവരെ കൂടെ കൊണ്ടുവരാൻ സാധിച്ചില്ലെന്നും അതുകൊണ്ട് വരുന്ന വഴി വീട്ടിൽ ചെന്നു അദ്ദേഹത്തിന്റെ ഭാര്യയെകൂടി എടുത്തു വരണമെന്ന് എന്നോട് ആവശ്യപ്പെടാനാണു ബ്ലിക്കി ഫോൺ ചെയ്തത്. അതുപ്രകാരം ഞാനവരുടെ വീട്ടിൽ ചെന്നു. പക്ഷേ, മിസ്സിസ് ബ്ലിക്കി അപ്പോഴും തയ്യാറായിട്ടില്ലായിരുന്നു. തയ്യാറാകാൻ അൽപസമയംകൂടി വേണമെന്നും വേഗം തന്നെ ഒരുങ്ങി വരാമെന്നും പറഞ്ഞു അവരെന്നെ ഡ്രോയിങ്ങ് റൂമിലിരുത്തി. വായിക്കാൻ ഒരു പുസ്തകവും തന്നു. എന്നിട്ടു പറഞ്ഞു, 'ഇതു ഇന്നലെ ഭർത്താവിന് ആരോ നൽകിയ പുസ്തകമാണ്.'

ഞാൻ യാതൊരു മുൻധാരണയുമില്ലാതെ സാധാരണ ഒരു പുസ്തകം വായിക്കുന്ന ലാഘവത്തോടെ വായിക്കാൻ തുടങ്ങി. അത് അറിയപ്പെടുന്ന ഏതോ ഒരു മഹാന്റെ ജീവചരിത്രമാണെന്നു മനസ്സിലായി. ഏതാനും പേജുകൾ വായിച്ചപ്പോഴേക്കും അതെന്നെ ഒരു പ്രത്യേക മാനസികാവസ്ഥയിലെത്തിച്ചു. കുറെ കൂടി പേജുകൾ വായിച്ചപ്പോഴേക്കും ഞാൻ വല്ലാതെ വികാരഭരിതനായി. മുന്നോട്ടു പോകുന്തോറും ഞാൻ മറ്റൊരു ലോകത്തെത്തി. ഞാനറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. കുറച്ചു സമയത്തിനു ശേഷം ബ്ലിക്കിയുടെ ഭാര്യ തയ്യാറായി വന്നു. എന്നെ കണ്ടപ്പോൾ അതിശയത്തോടെ അവർ ചോദിച്ചു: 'വില്യം, എന്തു പറ്റി?' ഞാൻ പറഞ്ഞു: 'പ്രത്യേകിച്ചൊന്നും പറ്റിയില്ല. നിങ്ങൾ തന്ന ഈ പുസ്തകമാണ് എന്നെ കരയിച്ചത്.' പുസ്തകത്തിന്റെ മാസ്മരികതയിൽ ഞാൻ ലയിച്ചു പോയി. ഇതിൽ വിവരിക്കപ്പെട്ട വ്യക്തിയോടുള്ള സ്നേഹത്തിൽ ഞാനലിഞ്ഞില്ലാതായി. ആ മഹാത്മാവിന്റെ ആദ്യകാല ജീവിതമാണ് എന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചത്. പുറത്തേക്കിറങ്ങാൻ നേരം, വായിക്കാനായി ഞാനാ പുസ്തകമെടുത്തോട്ടെ എന്നു മിസ്സിസ് ബ്ലിക്കിയോട് അനുവാദം ചോദിച്ചു. അവർ സന്തോഷത്തോടെ സമ്മതിച്ചു. ആ പുസ്തകമാണ് എന്നെ ഞാനറിയാതെ ജീവിതത്തിന്റെ മറ്റൊരു വഴിത്തിരവിലെത്തിച്ചത്. സൂഫി മുത്വീഉർ റഹ്മാൻ സാഹിബ് ബംഗാളി എഴുതിയ 'ലൈഫ് ഓഫ് മുഹമ്മദ്' ആയിരുന്നു ആ കൃതി.

ഞാൻ ക്ലബ്ബിൽനിന്നും പതിവുപോലെ രാത്രി ഏറെ വൈകി വീട്ടിലെത്തിയപ്പോൾ പിറ്റേദിവസം രാവിലെ സൂപ്പർമാർക്കറ്റിൽ പോയി ഭക്ഷണസാധനങ്ങൾ വാങ്ങാനുള്ള കാര്യം ഭാര്യ എന്നെ ഓർമപ്പെടുത്തി. പിറ്റേ ദിവസം സൂപ്പർ മാർക്കറ്റിൽ പോകുന്ന വഴിയിൽ ഞാൻ പറഞ്ഞു, 'മേരി, എന്റെ പക്കൽ ഒരു പുസ്തകമുണ്ട്. അതിന്റെ ഏതാനും പേജുകൾ വായിച്ചപ്പോഴേക്കും അതിലെ പ്രതിപാദ്യപുരുഷനോട് എനിക്കു എന്തെന്നില്ലാത്ത പ്രതിപത്തിയും ആരാധനയുമാണു തോന്നിയത്.' മേരി പറഞ്ഞു: 'എങ്കിൽ എനിക്കും അതൊന്നു വായിക്കണമല്ലോ.' സാധാരണ വാങ്ങാറുള്ള ഒരാഴ്ചക്കുള്ള എല്ലാ സാധനങ്ങളും വാങ്ങി ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി. സാധനങ്ങൾ കിച്ചൻ ടേബിളിൽ വച്ചുകൊണ്ട് മേരി ചോദിച്ചു: 'എവിടെ നിങ്ങളെ വല്ലാതെ വശീകരിച്ച ആ പുസ്തകം?'

അങ്ങനെ ലൈഫ് ഓഫ് മുഹമ്മദ് എന്ന പുസ്തകവുമായി ഞങ്ങൾ രണ്ടു പേരും അടുക്കളയിൽതന്നെ ഇരുന്നു. ആദ്യം മുതൽ ശ്രദ്ധാപൂർവം വായിക്കാൻ തുടങ്ങി. ഞാൻ വായിച്ചു തളരുമ്പോൾ മേരി വായിക്കും. മേരി ക്ഷീണിക്കുമ്പോൾ ഞാൻ തുടരും. വായിച്ചു മുന്നോട്ടു പോകുന്നതനുസരിച്ചു ഞങ്ങൾ രണ്ടു പേരുടേയും ഹൃദയത്തിൽ അതു വലുതായ സ്വാധീനമാണു ചെലുത്തിക്കൊണ്ടിരുന്നത്. അവസാനം ആ കൃതിയിൽ ഏതൊരു പുണ്യാത്മാവിന്റെ ജീവിതകഥയാണോ വിവരിച്ചിരിക്കുന്നത് അദ്ദേഹത്തെ പൂർണമായും അനുസരിക്കാനും പിന്തുടരാനും ഞങ്ങൾ മനസ്സുകൊണ്ട് പ്രതിജ്ഞ ചെയ്തു. ഇസ്‌ലാം മതസ്ഥാപകനായ മുഹമ്മദ് നബിയുടെ ജീവചരിത്രമായിരുന്നു ആ പുസ്തകം. വായനയ്ക്കിടയിൽ പന്നിയിറച്ചി ഇസ്‌ലാം നിഷിദ്ധമാക്കിയ വസ്തുവാണെന്നു ഞാൻ കണ്ടു. അപ്പോഴാണു സാൻവിച്ചുണ്ടാക്കാനായി പതിവുപോലെ അൽപം മുമ്പു സൂപ്പർമാർക്കറ്റിൽ നിന്നും പന്നിയിറച്ചി വാങ്ങിക്കൊണ്ടു വന്ന കാര്യം ഓർത്തത്. ഞാൻ മറ്റൊന്നും ചിന്തിച്ചില്ല. അതെടുത്ത് പാക്കറ്റോടു കൂടി മുഴുവനും വെയ്സ്റ്റ് ബാസ്ക്കറ്റിലിട്ടു. വായന തുടർന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഇസ്‌ലാമിൽ മദ്യവും വിലക്കപ്പെട്ടിരിക്കുന്നുവെന്നു മനസ്സിലായി. വാങ്ങിക്കൊണ്ടു വന്ന ബിയറും വൈനും വിസ്കിയും ഉടൻതന്നെ ഡസ്റ്റ് ബിന്നിലേക്കെറിഞ്ഞു. ഇടയിൽ അത്യാവശ്യ കാര്യങ്ങൾക്കായി വായന നിർത്തിയെങ്കിലും രാത്രി വൈകി വായന വീണ്ടും തുടർന്നു.

രാത്രി മുഴുവനും ഞങ്ങൾ വായിച്ചു കൊണ്ടിരുന്നു. പ്രഭാതത്തോടെ വായന പൂർത്തിയായി. അതു ഞങ്ങളുടെ ജീവിതത്തിലെ പുതിയ പ്രഭാതമായിരുന്നു. ഇനി മുന്നോട്ടുള്ള ജീവിതത്തെ കുറിച്ചു പലതും തീരുമാനിച്ചുറച്ച പൊൻ പുലരിയായിരുന്നു അത്. അല്ലാഹുവിന്റെ പ്രവാചകരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ ജീവചരിത്രമാണു ഞങ്ങൾ വായിച്ചു തീർത്ത്. അതിനുശേഷം ആ പുണ്യാത്മാവിനെ അനുകരിക്കാനും ആ മഹാത്മാവിന്റെ സംഘത്തിൽ ചേരാനും മനസ്സ് വല്ലാതെ കൊതിച്ചു. അതത്ര എളുപ്പമല്ലെന്നു ഞങ്ങൾക്കറിയാം. അതിനായി ഞങ്ങൾ ശീലിച്ചതും തുടരുന്നതുമായ പലതും ഉപേക്ഷിക്കേണ്ടിവരുമെന്നും ഞങ്ങൾ നന്നായി മനസ്സിലാക്കിയിരുന്നു. പുസ്തകത്തിന്റെ പുറം ചട്ടയിൽ ഒരു ഫോൺ നമ്പറും മേൽവിലാസവും ഉണ്ടായിരുന്നു. ന്യൂയോർക്കിലെ അഹ്മദിയ്യാ ജമാഅത്തിന്റെ മിഷ്യൻ ഹൗസിന്റെ നമ്പറായിരുന്നു അത്. അതിനു മുൻപ് അഹ്മദിയാ ജമാഅത്തിനെക്കുറിച്ചോ ഇസ്‌ലാമിലെ മറ്റു അവാന്തര വിഭാഗങ്ങളെക്കുറിച്ചോ എനിക്കു യാതൊരു അറിവും ഇല്ലായിരുന്നു. ഞാൻ അവിടെ ഫോണിൽ ബന്ധപ്പെട്ടു. പ്രാഥമികമായി കുറച്ചു കാര്യങ്ങൾ സംസാരിച്ചു. പിന്നീട് ഞങ്ങൾ നേരിട്ടു മിഷൻ ഹൗസിൽ ചെന്ന് മുറബ്ബി മൗലവി ഗുലാം യാസീൻ സാഹിബിനെ പരിചയപ്പെട്ടു. കുറെ സംസാരിച്ചു. ലൈഫ് ഓഫ് മുഹമ്മദിലൂടെയാണ് ഇസ്‌ലാമിനെക്കുറിച്ചും തിരുമേനിയെക്കുറിച്ചും കൂടുതൽ അറിയാൻ സാധിച്ചതെന്ന് അദ്ദേഹത്തോടു പറഞ്ഞു.

എന്റെ മാതാവ് നല്ല മതബോധമുള്ള ഒരു സ്ത്രീയാണെന്നു പറഞ്ഞുവല്ലോ. മതപരമായ ആചാരങ്ങൾക്കും ചിട്ടകൾക്കും അവർ വലിയ വില കൽപ്പിച്ചിരുന്നു. അതായത് മാതാവിന്റെ സ്വാധീനത്താൽ ഞാനും മതപരമായ ഒരു ചുറ്റുപാടിലായിരുന്നു വളർന്നു വലുതായതെന്നു പറയാം. മാതാവിനോടൊപ്പം ഞാൻ ചർച്ചിൽ പോകാറുണ്ടായിരുന്നു. എന്നാൽ ചർചിൽ വെച്ചു ഫാദർ പറയുന്നതോ വിവരിക്കുന്നതോ ആയ ഒന്നും തന്നെ എന്നെ അൽപം പോലും ആകർഷിച്ചിരുന്നില്ല. ഇസ്‌ലാമിനെ എന്നും സംശയദൃഷ്ടിയോടെ മാത്രമേ ഞാൻ കണ്ടിരുന്നുള്ളൂ. ഇസ്‌ലാമിനെക്കുറിച്ചു ആളുകൾ പലതും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ,അതെല്ലാം വിഡ്ഢിത്തരവും ഭോഷ്ക്കുമാണെന്ന മുൻധാരണയിൽ അതൊക്കെ അവഗണിക്കാറായിരുന്നു പതിവ്. മ്യൂസീഷ്യനായ എന്നെ അതൊന്നും തന്നെ ബാധിക്കുന്ന കാര്യമല്ലല്ലോ എന്ന ഭാവം. മറ്റൊരു കാര്യം, ഞാൻ ഇസ്‌ലാമിൽ പ്രവേശിച്ച ശേഷമാണു ജനങ്ങളെ സ്നേഹിക്കാൻ പഠിച്ചത്. ആദ്യം എനിക്കു സകലരോടും വെറുപ്പും വിദ്വേഷവുമായിരുന്നു. അമേരിക്കയിലെ ഭൂരിപക്ഷം, കറുത്തവരായ ഞങ്ങളോടു കാണിക്കുന്ന അനീതിയും വിവേചനവുമായിരുന്നു അതിന്റെ പ്രധാനകാരണം.'

സാദിഖ് സാഹിബ് തുടർന്നു. 'മൗലവി ഗുലാം യാസീൻ സാഹിബുമായി ഫോണിലൂടേയും നേരിട്ടും നിരന്തരം ബന്ധപ്പെടാൻ തുടങ്ങി. ഇസ്‌ലാമിനെക്കുറിച്ചും അഹ്മദിയ്യത്തിനെക്കുറിച്ചും അദ്ദേഹം ധാരാളം പറഞ്ഞു തന്നു. അതൊക്കെത്തന്നെ ഇസ്‌ലാമിനെക്കുറിച്ചുള്ള എന്റെ ധാരണയ്ക്കു കാര്യമായ മാറ്റം വരുത്തി. ജമാഅത്തിൽ പുതുതായി ബൈ

അത്തു ചെയ്തു വന്ന ആഫ്രിക്കൻ അമേരിക്കൻ അഹ്മദികളെ മൗലവി സാഹിബുമുഖേന പരിചയപ്പെട്ടു. ജമാഅത്തിന്റെ പല പുസ്തകങ്ങളും വായിച്ചു. കാര്യങ്ങൾ കൂടുതലായി മനസ്സിലാക്കി. മാസങ്ങൾ കടന്നു പോയി. പക്ഷേ എനിക്കു ബൈഅത്തു ഫോറം പൂരിപ്പിച്ചു ജമാഅത്തിൽ അംഗമാകാനുള്ള ധൈര്യമില്ലായിരുന്നു.

മൗലവി ഗുലാം യാസീൻ സാഹിബ് അതിന്റെ കാരണമാരാഞ്ഞു. ഇതു പരിശുദ്ധരുടെ സംഘമാണെന്നും അതു സ്വീകരിക്കാനുള്ള പരിശുദ്ധിയിൽ നിന്നും ഞാൻ എത്രയോ കാതമകലെയാണെന്നും സാദിഖ് സാഹിബിനു മറുപടി നൽകി. മൗലവി സാഹിബ് എനിക്കു പ്രചോദനവും ധൈര്യവും നല്കിക്കൊണ്ട് പറഞ്ഞു: 'സാരമില്ല. അല്ലാഹു തൗഫീഖ് നൽകും.' അതിനാൽ ഒരു പരീക്ഷണമെന്ന നിലയ്ക്കെങ്കിലും ബൈഅത്തു ചെയ്യാൻ മൗലവി സാഹിബ് എന്നെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു.'

യഥാർഥത്തിൽ മുഹമ്മദ് സാദിഖ് സാഹിബ് പരിശുദ്ധിയുടെയും തഖ്‌വയുടെയും എത്രയോ പടവുകൾ താണ്ടിക്കഴിഞ്ഞതു കൊണ്ടാണു താനതിനു യോജിച്ചവനല്ലെന്നും അതു സ്വീകരിക്കാനുള്ള പരിശുദ്ധി തനിക്കില്ലെന്നും അദ്ദേഹത്തിനു തോന്നിയത്.

അവസാനം 1947ൽ തന്റെ 35-ാമത്തെ വയസ്സിൽ മുഹമ്മദ് സാദിഖ് സാഹിബ് ബൈഅത്തു ചെയ്തു അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. അദ്ദേഹം പറയുകയാണ്. 'മൗലവി സാഹിബ് കലിമ ശഹാദത്ത് ചൊല്ലിത്തന്നു. ഞാനതേറ്റു പറഞ്ഞപ്പോൾ അതെന്റെ ആത്മാവിൽ മെല്ലെ മെല്ലെ അലിഞ്ഞു ചേർന്നതായി എനിക്കു തോന്നി. അതോടെ കുട്ടിക്കാലം മുതൽ ഞങ്ങൾക്കു നല്കപ്പെട്ടിരുന്ന ക്രിസ്തുമത വിശ്വാസപ്രകാരമുള്ള മൂന്നു ദൈവങ്ങളെ ഉപേക്ഷിച്ചുകൊണ്ട് ഏക ദൈവവിശ്വാസം ഞാൻ സ്വീകരിച്ചു. മൗലവി സാഹിബ് ബൈഅത്തിന്റെ പത്തു നിബന്ധനകൾ വായിച്ചു കേൾപ്പിച്ചു. അതിനുശേഷം അല്ലാഹുവിനോടു കഴിഞ്ഞകാല പാപമോക്ഷത്തിനായി ദുആ ചെയ്തു കൊണ്ട് പ്രതിജ്ഞയും ചൊല്ലി. ഞാൻ ബൈഅത്തു ചെയ്തുവെന്നറിഞ്ഞപ്പോൾ ഭാര്യ വളരെയധികം സന്തോഷിച്ചു. താമസിയാതെ അവരും ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിച്ചു.'

സാദിഖ് സാഹിബ് പറയുകയാണ്. 'ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിച്ചതോടെ ഇസ്‌ലാം വിരോധിച്ച എല്ലാ കാര്യങ്ങളും, നിഷിദ്ധമാക്കിയ എല്ലാ വസ്തുക്കളും ഞങ്ങൾ രണ്ടു പേരും പാടേ ഉപേക്ഷിച്ചു. പിന്നീട് ഞങ്ങൾ ഹറാം വസ്തുക്കളുടെ അരികിൽ പോലും പോയിട്ടില്ല. അതു വേണമെന്നു ഒരിക്കലും തോന്നിയിട്ടുമില്ല. അല്ലാഹു ഞങ്ങൾക്ക് അനുഗ്രഹിച്ചു നല്കിയ നിശ്ചയദാർഢ്യത്തിന്റേയും ഇച്ഛാശക്തിയുടെയും ഫലമായിരുന്നു അത്. പൊതുവിൽ ജനങ്ങൾ ഇത്തരം സ്വഭാവങ്ങളിൽ നിന്നു മോചനം ലഭിക്കുന്നതിനായി ഡോക്ടറെ സമീപിക്കാറായിരുന്നു പതിവ്. എന്നാൽ ഞങ്ങൾക്കു ക്ഷണനേരംകൊണ്ട് ഇസ്‌ലാമിന്റെ പാതയിലൂടെ സഞ്ചരിക്കാനുള്ള കഴിവുകൾ അല്ലാഹു നല്കി.

പിന്നീട് മാതാപിതാക്കൾ എനിക്കു നൽകിയ ഹൊവാർഡ് വില്യം സ്കോട്ട് എന്ന പേരു മാറ്റി ഒരു മുസ്‌ലിം പേരു സ്വീകരിക്കാൻ ഞാൻ തീരുമാനിച്ചു. ഏതു പേരു സ്വീകരിക്കും. ആദ്യമായി അമേരിക്കയിൽ ഇസ്‌ലാമികപ്രചാരണം നടത്താനായി വന്നത് ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സ്വഹാബി ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബാണെന്നു ഞാൻ അറിഞ്ഞിരുന്നു. അദ്ദേഹം വളരെ വലിയ ദൗത്യമാണു നിർവഹിച്ചത്. അതിനാൽ എനിക്കു അദ്ദേഹത്തോട് വലിയ ആദരവും ഇഷ്ടവുമാണ്. അങ്ങനെ ആ മഹാത്മാവിന്റെ പേര് സ്വീകരിച്ചുകൊണ്ട് ഞാൻ മുഹമ്മദ് സാദിഖ് ആയി. ഭാര്യ മറിയം എന്ന പേരും സ്വീകരിച്ചു.'

മർഹൂം മുഹമ്മദ് സാദിഖ് സാഹിബ് ദീൻ പഠിച്ചു മുന്നോട്ടു പോകുന്തോറും ആത്മീയമായി ഉയർന്നു കൊണ്ടിരുന്നു. ആ ഉയർച്ചയിൽ അദ്ദേഹം തന്നെ വിലയിരുത്തി. താൻ നയിച്ചുകൊണ്ടിരുന്ന ജീവിതം പാപപങ്കിലമായ ജീവിതമായിരുന്നുവെന്നും താനൊരു മഹാപാപിയാണെന്നും അദ്ദേഹം സ്വയം വിലയിരുത്തി. അദ്ദേഹം പറയുകയാണ്. 'അമേരിക്കയിൽ സംഗീതവുമായി ബന്ധപ്പെട്ട തൊഴിൽ പലതരത്തിലുള്ള വൃത്തികേടുകളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ്. ഒരു സാധാരണ അമേരിക്കക്കാരനിൽ കാണുന്ന സകലദൂഷ്യങ്ങളും വൃത്തികേടുകളും ഒരു കാലത്ത് എന്നിലുമുണ്ടായിരുന്നു. സംഗീതവും നൃത്തങ്ങളും നിറഞ്ഞ ലോകത്ത് അതിനുള്ള സാദ്ധ്യതകളേറെയായിരുന്നു. അല്ലാഹു എനിക്കു പൊറുത്തു തരുമാറാകട്ടെ.' ആ കാര്യങ്ങൾ വിവരിക്കുമ്പോഴേക്കും അദ്ദേഹത്തിന്റെ കണ്ഠമിടറും കണ്ണുകൾ നിറഞ്ഞൊഴുകും.

ഒരിക്കൽ അദ്ദേഹം ആലോചിച്ചു. എന്റെ ഭാര്യ മറിയം സാത്വികയും പരിശുദ്ധയുമാണ്. ഞാനത് വളരെയധികം വിലമതിക്കുന്നുമുണ്ട്. അതിനാൽ തന്റെ മുൻകാല ജീവിതത്തെ അടിസ്ഥാനമാക്കി താൻ തന്റെ ഭാര്യയ്ക്കു യോജിച്ചവനല്ലെന്നു അദ്ദേഹം സ്വയം കണ്ടെത്തി. ഒരു ദിവസം ഭാര്യയെ തന്റെയടുക്കൽ വിളിച്ചിരുത്തി. എന്നിട്ടു പറഞ്ഞു 'മറിയം, നീ എത്ര നല്ലവളാണ്. ഞാനൊരു പ്രധാനകാര്യം പറയാനാണു നിന്നെ വിളിച്ചത്. എന്റെ അഭിപ്രായത്തിൽ ഞാൻ നിനക്കു യോജിച്ച ഭർത്താവല്ല. അതിനാൽ ഞാൻ നിന്നെ വിവാഹ മോചനം ചെയ്യാൻ ഉദ്ദേശിക്കുന്നു. നീ സാത്വി

കനും പരിശുദ്ധനുമായ ഒരാളെ കണ്ടെത്തി വിവാഹം കഴിച്ച് അനുഗ്രഹപൂർണമായ ജീവിതം നയിച്ചോളൂ.' അതു കേട്ട് ഭാര്യ പൊട്ടിക്കരഞ്ഞു. അൽപം കഴിഞ്ഞു ഒരു കാര്യംമാത്രം അവർ പറഞ്ഞു. 'സാദിഖ്, നമ്മുടെ വിവാഹനാളുകളിൽ ഞാൻ നിങ്ങളുടെ കണ്ണുകളിൽ പ്രത്യേകമായ ഒരു തിളക്കം കണ്ടിരുന്നു. ആ തിളക്കം വീണ്ടും ആ കണ്ണുകളിൽ കാണാൻ ഞാൻ കാത്തിരിക്കും.'

'ബൈഅത്തിനുശേഷവും ഞാൻ ബാന്റ് ക്ലബ്ബിൽ സംഗീതവുമായി മുന്നോട്ടു പോയിട്ടുണ്ടായിരുന്നു. ഏതാനും ദിവസങ്ങൾകൊണ്ടുതന്നെ, ഞാൻ തുടർന്നു കൊണ്ടിരിക്കുന്ന സംഗീതത്തിന്റേയും നൃത്തങ്ങളുടേയും ഈ ജോലി റസൂൽ കരീം (സ) ഇഷ്ടപ്പെട്ടിരുന്നില്ല എന്ന കാര്യം ഞാനറിഞ്ഞു. ഇനി എന്തുചെയ്യും. എന്റെ മന:സ്സാക്ഷി എന്നെ വേട്ടയാടാനും കുറ്റപ്പെടുത്താനും ശാസിക്കാനും തുടങ്ങി. എല്ലാ പാപങ്ങളും ഏറ്റു പറഞ്ഞു ബൈഅത്തു ചെയ്തു നീ ജമാഅത്തിൽ പ്രവേശിച്ചതല്ലേ? റസൂൽ കരീം(സ) കാണിച്ചു തന്ന പാതയിലൂടെ മാത്രമേ സഞ്ചരിക്കുകയുള്ളുവെന്നു നീ ശപഥം ചെയ്തതല്ലേ? പിന്നെന്തിനാണു ഈ സങ്കോചം? അതിനാൽ തിരുമേനിയു(സ)ടെ പ്രീതി കാംക്ഷിച്ചുകൊണ്ട് നീ ജീവിതമാർഗമായി സ്വീകരിച്ച സംഗീതത്തെ എന്നെന്നേക്കുമായി ഉപേക്ഷിച്ചേക്കൂ എന്നു എന്റെ അന്തകരണം എന്നെ നിരന്തരം നിർബന്ധിച്ചു കൊണ്ടിരുന്നു.

ഞാൻ ചിന്തിച്ചു. ഈ ജോലി ഉപേക്ഷിച്ചാൽ മുന്നോട്ടുള്ള ജീവിതം എങ്ങനെയായിക്കും. എനിക്കു മറ്റൊരു ജോലി വശമില്ല. എന്നിരുന്നാലും അല്ലാഹുവിന്റെ റസൂലി(സ)ന്റെ സ്നേഹവും പ്രീതിയും കരസ്ഥമാക്കുന്നതിനായി സംഗീതത്തോടും അതുമായി ബന്ധപ്പെട്ട ജോലിയോടും എന്നെന്നേക്കുമായി വിടപറയാൻ ഞാൻ തീരുമാനിച്ചുറച്ചു. അതു കൊണ്ടുണ്ടായേക്കാവുന്ന എല്ലാ സാമ്പത്തിക കഷ്ടപ്പാടുകളും സഹിക്കാൻ ഞാൻ മനസ്സിനെ പാകപ്പെടുത്തി. അങ്ങനെ ഒരു ദിവസം രാവിലെ തന്നെ ഞാൻ ഫോണെടുത്ത് ബാന്റ് ക്ലബ്ബിലേക്കു വിളിച്ചു. ഇന്നുമുതൽ എനിക്ക് ഈ ജോലിയിൽ തുടരാനാവുകയില്ലെന്നും എന്നെ ഇനി പ്രതീക്ഷിക്കരുതെന്നും ഞാനവരെ യാതൊരു മുഖവുരയും കൂടാതെ അറിയിച്ചു. അവരുടെ ആശ്ചര്യത്തിനു അതിരില്ലായിരുന്നു. എന്റെ തീരുമാനത്തെ മാറ്റാൻ അവർ ആവുന്നതും ശ്രമിച്ചു. പല പല പ്രലോഭനങ്ങൾ, വാഗ്ദാനങ്ങൾ. എന്നാൽ എന്റെ തീരുമാനം അന്തിമമായിരുന്നു. ഞാൻ എവിടെയാണ് എത്തിയിരിക്കുന്നതെന്നോ എന്തു കൊണ്ടാണ് ഈ ജോലി ഉപേക്ഷിക്കുന്നതെന്നോ ഞാനവരോടു പറഞ്ഞില്ല. പറഞ്ഞാൽ അവർക്കു മനസ്സിലാവുകയില്ല. ഒരുപക്ഷേ, എന്റെ സമനില തെറ്റിയെന്നോ എനിക്കു ഭ്രാന്താണെന്നോ അവർ കരുതിയേക്കും.

ബാന്റിലെ ജോലിയിലൂടെ സാമ്പത്തികമായി വളരെ ഐശ്വര്യപൂർണമായ ജീവിതം നയിക്കുമ്പോഴാണ് ആ ജോലി ഉപേക്ഷിക്കുന്നത്. ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ മറ്റെന്തെങ്കിലും ജോലി ആവശ്യമാണല്ലോ. അങ്ങനെ ഞാനൊരു സൂപ്പർ മാർക്കറ്റിൽ ജോലി ചെയ്യാൻ തുടങ്ങി. ആഴ്ചയിൽ നാൽപതു ഡോളറായിരുന്നു പ്രതിഫലം. (1947 കാലഘട്ടം) അതിന്റെ എത്രയോ മടങ്ങായിരുന്നു ആദ്യ ജോലിയിൽ നിന്നും ലഭിച്ചിരുന്നത്. ഇപ്പോഴത്തെ വരുമാനത്തിൽ കുടുംബത്തിന്റെ ചെലവു നടത്താൻ പ്രയാസമായിരുന്നു. എങ്കിലും കുറച്ചുനാൾ സൂപ്പർ മാർക്കറ്റിലെ ജോലി തുടർന്നു. പെയിന്റിംങ്ങ് ജോലിയിൽ ഇതിലും കൂടുതൽ പ്രതിഫലം ലഭിക്കുമെന്നു ചിലരിൽനിന്ന് അറിഞ്ഞപ്പോൾ ഞാൻ ആ ജോലിക്കു പോകാൻ തുടങ്ങി. വളരെ അധ്വാനമുള്ള ജോലിയായിരുന്നു അത്. എനിക്കാണെങ്കിൽ മുൻപരിചയവുമില്ല. എന്നിരുന്നാലും അധ്വാനമുള്ള ജോലിയും കുറഞ്ഞ വേതനവും എനിക്കു വലുതായ മന:സ്സമാധാനവും സംതൃപ്തിയും നല്കിയിരുന്നു. ഞാനെന്റെ യജമാനരായ റസൂൽ തിരുമേനി(സ)യെ പിണക്കിയില്ലല്ലോ എന്ന സമാധാനവും സംതൃപ്തിയുമായിരുന്നു അത്.' (തുടരും)

**പേജ് 24 ൽ നിന്ന്**

വഹിച്ച പങ്ക് എന്തായിരുന്നു. എന്തുകൊണ്ടാണ് അവർ എല്ലാ അവസരങ്ങളിലും ഇസ്രായേലിനെ പിന്തുണച്ചത്? ഇവിടെ മതപരമായ മുൻവിധികളുണ്ടോ? അതോ അവരുടെ എല്ലാവരുടെയും ഒന്നിച്ചുള്ള സ്വാർത്ഥതാത്പര്യത്തിന്റെ ഒരു കേസാണോ. ഇസ്രായേൽ സ്ഥാപിതമായതിന് പിന്നിലെ യഥാർത്ഥ ഉദ്ദേശം എന്താണ്, എന്ത് വിലകൊടുത്തും അതിനും യാതൊരു ഹാനിയും വരാതിരിക്കാൻ ശ്രമിക്കുന്നത് എന്തുകൊണ്ട്?. *(1991 ഫെബ്രവരി 1 ന് ചെയ്ത ഖുത്ബ)*

**പേജ് 17 ൽ നിന്ന്**

The Encyclopedia of Religion, Vol. 5, pp 71-72, Published by Macmillan Publishing Company, New York.

3.Grolier Encyclopaedia, Vol. 6.

4.Op. cit.

5.Textbook of Medical Physiology, Arthur C. Guyton, 5th Edition, Saunders, 1976, Chapter78.

6.Sahih Muslim Kitabul Ashriba, Babun al-Mu'minu Y'akulu…, Ch. 34, Hadith 182, 184.

7.Textbook of Medical Physiology, Arthur C. Guyton, Chap. 79, 5th Edition, Saunders, 1976.

8.Musnad Ahmad bin Hambal, Musnadi 'A'ishah Vol. 6, p.91.

Note: With slight difference of words the Hadith referring to the same subject is found in Sahih Muslim, Kitabu Salati Musafirina, Babu Jam'is Salati Laili Wa Man Nama 'Anhu.

9.Al-Mu'jamul Kabir lil-Hafiz Abul Qasim Suleiman ibni Ahmad al-Tabrani, Vol.1, p.283.

# കുട്ടികളോടുള്ള പെരുമാറ്റം

മാതാപിതാക്കന്മാരുടെ കയ്യിൽ ദൈവത്താൽ ഏൽപ്പിക്കപ്പെട്ട മാലാഖയെ പോലെയുള്ള പരിശുദ്ധരും നിഷ്ക്കളങ്കരുമായ ജന്മങ്ങളാണ് കുട്ടികൾ. അവരെ നന്മ നിറഞ്ഞ മനുഷ്യരായി വളർത്തിയെടുക്കലാണ് മാതാപിതാക്കളുടെയും ഗുരുക്കന്മാരുടെയും സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും പ്രാഥമിക ദൗത്യം.



**എ. എം മുഹമ്മദ് സലീം**

കുട്ടികൾക്കുള്ള അവകാശങ്ങളെ പറ്റിയും അവരോടുള്ള പെരുമാറ്റവും ആധുനിക ലോകത്ത് പ്രത്യേകിച്ച് പശ്ചാത്യ രാജ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട മാനവീയ വിഷയങ്ങളിലൊന്നാണ്. ഏതാനും വർഷം മുമ്പ് നോർവെയിൽ തന്റെ ഏഴ് വയസ്സുകാരനായ മകനോട് ക്രൂരമായി പെരുമാറിയതിനും ശാരീരികമായി പീഡിപ്പിച്ചതിനും നോർവെ കോടതി ഇന്ത്യൻ ദമ്പതിമാരെ ശിക്ഷിക്കുകയുണ്ടായി. നോർവേയിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറായ ഹൈദരബാദുകാരൻ ചന്ദ്രശേഖർ വല്ലനേനിനെ 18 മാസവും അമ്മ അനുപമയെ 15 മാസവുമാണ് തടവിന്ന് വിധിച്ചത്. കുട്ടിയുടെ ശരീരത്തിൽ പൊള്ളലേൽപ്പിച്ചതിന്റേയും ബെൽട്ട് കൊണ്ട് അടിച്ചതിന്റേയും പാടുകളുണ്ടെന്ന് പോലീസിനെ ഉദ്ദരിച്ച് പ്രോസിക്യൂട്ടർ കോടതിയിൽ പറഞ്ഞു. കുട്ടിയെ നല്ല ശീലം പഠിപ്പിക്കാൻ മാതാപിതാക്കന്മാർ നാവു പൊള്ളിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്താറുണ്ടായിരുന്നെന്നും ക്രൂരമായ പീഢനങ്ങളായിരുന്നു ശരീരത്തിൽ ഏൽപ്പിച്ചതെന്നും പ്രോസിക്യൂട്ടർ കോടതിയെ ബോധിപ്പിച്ചു. തന്റെ മാതാപിതാക്കൾ തന്നെ ഉപദ്രവിക്കാറുണ്ടെന്നും നിക്കറിൽ മൂത്ര മൊഴിച്ചതിന് തന്നെ നാട്ടിലേക്ക് തിരിച്ചയക്കുമെന്ന് ഭീഷണിപ്പെടുത്താറുണ്ടെന്നും കുട്ടി സ്കൂൾ ടീച്ചർമാരോട് സങ്കടം പറഞ്ഞതിന്റെ അടിസ്ഥാനതത്തിലാണ് ഈ പീഡനം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടത്.

**കുട്ടികൾ ദൈവം ഏൽപ്പിച്ച അമൂല്യ നിധി.**

മാതാപിതാക്കന്മാരുടെ കയ്യിൽ ദൈവത്താൽ ഏൽപ്പിക്കപ്പെട്ട നിസ്സഹായരും നിഷ്കളങ്കരുമായ കുട്ടികളെ വേദനിപ്പിക്കുക എന്നത് അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധവും ദൈവത്തോട് കണക്ക് പറയേണ്ട കുറ്റകൃത്യവുമാണ്. കുട്ടികളോട് സ്നേഹമില്ലാത്ത മാതാപിതാക്കൾ കാണില്ല. മനുഷ്യ സന്തതികൾ മാത്രമല്ല ജന്തു ലോകത്തും സഹജമായ ഈ വികാരം കാണാം. കുട്ടികളെ നല്ലവരാക്കി തീർക്കാൻ ചില മാതാപിതാക്കന്മാരും അദ്ധ്യാപകരും അവലംബിക്കുന്ന ശിക്ഷണ ശൈലിയാണ് എതിർക്കപ്പെടേണ്ടത്. കർക്കശമായ നിയന്ത്രണ മേർപ്പെടുത്തിയും ദണ്ഡന മുറകളിലൂടെയും സർക്കസ് കൂടാരത്തിലെ മൃഗശിക്ഷകനായ റിംങ്ങ് മാസ്റ്ററെ പോലെ ഇവർ വകതിരിവില്ലാതെ കുട്ടികളോട് പെരുമാറുന്നു. കുട്ടികളോടുള്ള സ്നേഹമയമായ പെരുമാറ്റത്തിന്റേയും സദുപദേശത്തിന്റേയും സ്വാധീന ശക്തി ഇത്തരം ആളുകളുടെ മനോഘടന ക്കജ്ഞാതമാണ്. കുട്ടികളെ മാതാപിതാക്കന്മാരുടെ ഉപദേശങ്ങളെക്കാൾ കൂടുതലായി സ്വാധീനിക്കുക നിശബ്ദമായ അവരുടെ ജീവിത മാതൃകകളാണ്.

പീഡകരായ മാതാപിതാക്കന്മാരുടെ സന്തതികൾ സമൂഹത്തിന്ന് മുമ്പിൽ ഏറ്റവും പരിഗണയനർഹിക്കുന്ന ഒരു വിഭാഗമാണ്. എത്രതന്നെ നിയമപരിരക്ഷ ഉണ്ടായാലും തങ്ങളുടെ വേദനകളും കൊച്ചു സങ്കടങ്ങളും സഹിക്കുകയല്ലാതെ അത് ആരോടെങ്കിലും പറയാനോ അതിനെ പ്രതിരോധിക്കാനോ അതിൽ നിന്ന് മോചനത്തിനോ പിഞ്ചുകുട്ടികൾക്കാവില്ല. പാശ്ചാത്യ നാടുകൾ ഇക്കാര്യത്തിൽ വിട്ടു

വീഴ്ച്ചയില്ലാത്ത വൻ ജാഗ്രതയാണ് കാണിക്കുന്നത്. മിണ്ടാപ്രാണികളെപോലെ ഈ ദണ്ഡന പീഡനത്തിന് കീഴിൽ വീർപ്പ് മുട്ടിക്കഴിയുന്ന നിസ്സഹായരായ മനുഷ്യശിശുക്കൾക്ക് വേണ്ടി യൂറോപ്പിൽ കോടതികളും മനുഷ്യാവകശ പ്രവർത്തകരും ഭരണകൂടവും ജാഗരൂഗമാണ്.

### കുട്ടികളുടെ മനശ്ശാസ്ത്രം

കുട്ടികളുടെ മനശ്ശാസ്ത്രത്തെക്കുറിച്ച ആധുനിക പഠനങ്ങൾ നിരവധി വിവരങ്ങൾ നമുക്ക് നല്കുന്നുണ്ട്. മനുഷ്യ ശിശുവിന്റെ വളർച്ച അത്ഭുതങ്ങൾ നിറഞ്ഞതാണ്. ശിശു ജനിക്കുമ്പോൾ ഉള്ളതും ഇല്ലാത്തതുമായ സിദ്ധികൾ ഏതൊക്കെയാണെന്ന് നാം അറിഞ്ഞിരിക്കണം. പുതുതായി ജനിച്ച കുഞ്ഞിന്ന് അനിചാ പ്രതികരണങ്ങൾക്കാണ് (Reflexes) അവനിൽ പ്രാമുഖ്യമുള്ളത്. അവന്റെ ബോധപൂർവ്വമായ നിയന്ത്രണം കൂടാതെ തന്നെ പ്രവർത്തിക്കുന്ന ജൈവ പ്രക്രിയയാണ് അനിചാ പ്രതികരണങ്ങൾ. ഉറക്കം അതിലൊന്നാണ്. ദൈവം ശിശുവിന് നൽകിയ രക്ഷോപായമാണ് ഉറക്കം. ജനിച്ച ശിശുവിന്ന് ജന്മവാസനകൾ ഉണ്ടാവാം പക്ഷേ ശീലങ്ങളൊന്നും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ശീലങ്ങൾ പിന്നീട് ആർജ്ജിച്ചെടുക്കുന്നതാണ്. ശിശു മഹായാഥാസ്ഥിതികനായിരിക്കും. ഗർഭകാലത്തെ അവസ്ഥ തന്നെ തുടരാണെന്ന ഭാവത്തിൽ സദാ നിദ്രാലുവായിരിക്കും. അപരിചിതമായ ബാഹ്യ ലോകത്തെ ഒഴിവാക്കാനും ദ്രുതഗതിയിലുള്ള വളർച്ചക്കുമാണ് ഈ ഉറക്കം. പിന്നീട് ബാഹ്യലോകവുമായി ഇടപഴകാൻ അവൻ നിർബന്ധിതനാകുന്നു. അപ്പോഴാണ് അവനിൽ ശീലങ്ങൾ ആവിർഭവിക്കുന്നത്. വളർന്ന് വലുതാവുമ്പോൾ ശിശുവിൽ ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ മതാവിന് വലിയ പങ്കുണ്ട്. പ്രഹരിച്ചും വേദനിപ്പിച്ചും കൊണ്ടല്ല ശിശുക്കളിൽ ശീലങ്ങൾ വളർത്തേണ്ടത്. ബുദ്ധിപരമായ സമീപനത്തിലൂടെയായിരിക്കണം ഇത് നിർവ്വഹിക്കേണ്ടത്. ഉദാഹരണത്തിന്ന് കുട്ടിക്ക് ഭക്ഷണം നല്കുന്നത് മതിയായ അളവിലും കൃത്യ സമയത്തായിരിക്കണം. ദഹനേന്ദ്രിയങ്ങളുടെ പ്രവർത്തനവും ദഹനരസത്തിന്റെ ഉദ്പാദനവും കൃത്യമായി പ്രവർത്ത ക്ഷമമാവണമെങ്കിൽ കൃത്യ സമയത്ത് ശിശുവിന്ന് ആഹാരം നല്കണം. സ്വഭാത്തേയും ഇത് വലിയ തോതിൽ സ്വാധീനിക്കുന്നു. മറിച്ച് കരയുമ്പോഴൊക്കെ ആഹാരം കൊടുക്കുന്ന ശീലം അവനു തന്നെ പ്രതികൂലമായി ബാധിക്കും. കരച്ചിൽ കൊണ്ട് കാര്യം സാധിക്കാമെന്ന് അവൻ കരുതും. പിന്നെ എന്തിന്നും ഏതിന്നും കരയുക എന്ന ശീലം അവനിൽ വളർന്നുവരും. താൻ അനാവശ്യമായി എത്ര നേരം കരഞ്ഞാലും ലോകം അത് ശ്രദ്ധിക്കുന്നില്ല എന്ന ബോധം ശിശുവിൽ ഉണ്ടായി തീരണം. ശ്രദ്ധിക്കേണ്ട പ്രധാന കാര്യം, എല്ലാ കരച്ചിലും മാതാക്കൾ അവഗണിക്കരുത്. കരച്ചിൽ അവന്റെ ഒരേയൊരു ആശയ വിനിമയ മാർഗമെന്ന നിലക്ക് ശിശുവിന്റെ കരച്ചിലിനെ സംബന്ധിച്ച് മാതാക്കൾ അതീവ ശ്രദ്ധാലുക്കളായിരിക്കുകയും അത് തിരിച്ചറിയുകയും വേണം. അവനുള്ള പല രോഗാവസ്ഥയും കരച്ചിലിലൂടെയാണ് പ്രകടിപ്പിക്കുക. ശിശു വളരാൻ തുടങ്ങുമ്പോൾ തന്നെ നല്ല ശീലങ്ങൾ അവരിൽ വളർത്തിയെടുക്കാൻ മാതാക്കൾ ശ്രദ്ധിക്കണം. മൃഗശിക്ഷകനെ പോലെ കാർക്കശ്യത്തോടെ ശബ്ദമുയർത്തി ഒരിക്കലും കുട്ടികളെ ശാസിക്കരുത്. സ്നേഹ വാത്സല്യങ്ങൾ നല്കിയായിരിക്കണം. കുട്ടികളോടുള്ള ഉപദേശം. നല്ല കർമ്മ ജീവിത മാതൃകളോളം കുട്ടികളെ സ്വാധീനിക്കുന്ന മറ്റൊന്നുമില്ല. ഉപദേശങ്ങളെക്കാളും ശാസനകളേക്കാളും നല്ല മാതൃകകൾക്ക് കുട്ടികളെ സ്വാധീനിക്കാൻ കഴിയുന്നതാണ്. സ്വഭാവ സംസ്ക്കരണത്തിന് അഹ്മദിയ്യാ ഖലീഫ നിരന്തരം നല്കുന്ന മാർഗനിർദേശങ്ങൾ ഏറ്റവും നല്ല ആത്മീയൗഷധങ്ങളാണ്.

അമിത വാത്സല്യവും കുട്ടിക്ക് എന്തും സാധിപ്പിച്ചു കൊടുക്കുന്ന പതിവും മാതാപിതാക്കൾ ഒഴിവാക്കണം. നല്ല ശീലങ്ങൾ വളർത്തിയാൽ കുട്ടികളെ തല്ലേണ്ട പ്രശ്നം ഉദിക്കുന്നില്ല. സ്വന്തം കുട്ടികൾ അന്യനെ ഉപദ്രവിക്കമ്പോഴും അന്യന്റെ വീട്ടിലെ സാധനങ്ങൾ തകർത്ത് തരിപ്പണമാക്കുമ്പോഴും കുട്ടിയെ ഗുണദോഷിക്കാതെയും അവനെ തടയാതെയും അതെല്ലാം നോക്കി ആനന്ദിച്ചിരിക്കുന്ന മതാപിതാക്കൾ ഒരു പക്ഷേ പരപീഡയിൽ രസം കണ്ടെത്തുന്ന ഒരു കൊച്ചു സാഡിസ്റ്റിനേയോ ഫാസിസ്റ്റിനേയോ ക്രിമിനലനിനെയോ ആണ് വളർത്തി വലുതാക്കുന്നത് എന്നോർക്കുക. അത്തരത്തിൽ അതിരുകടക്കുന്ന ഹൈപ്പർ ആക്ടീവായിട്ടുള്ള കുട്ടികളെ ഉചിതമായ രീതിയിൽ തടയുകയോ വളരെ ലഘുവായി ശിക്ഷിക്കുകയോ, ശിശുമനശ്ശാസ്ത്രജ്ഞന്മാരുടെ കൗൺസലിംങ്ങിന്ന് വിധേയമാക്കുകയോ ചികിത്സ നല്കുകയോ വേണം.

### വികൃതി കുട്ടികളുടെ പ്രകൃതി

ചാഞ്ചല്യവും ക്രീഡാതൽപ്പരതയും കുട്ടികളുടെ ജൈവപ്രകൃതിയിൽ ദൈവം നിക്ഷേപിച്ച പ്രത്യേകതകളാണ്. അവരുടെ ചലനങ്ങളും ചിന്തയും അതുപോലെ അസ്ഥിരമാണ്. മാത്രമല്ല ചലിക്കുന്നതെല്ലാം അവരുടെ ശ്രദ്ധയെ പിടിച്ചു പറ്റുകയും ചെയ്യും. ജന്തുലോകത്തെ കുട്ടികളെ നിരീക്ഷിച്ചാൽ ഏളുപ്പതിൽ ഇത് മനസ്സിലാവും. കളിയാണ് കുട്ടികളുടെ പ്രായത്തിലെ മുഖ്യ ജീവിത വൃത്തി. അടക്കമില്ലാത്ത ഈ കളിയാണ് വികൃതിയെന്ന് നമ്മിൽ പലരും പറഞ്ഞ് നെറ്റിചുളിക്കുന്നത്. ഈ ചഞ്ചല പ്രകൃതിയെ ക്ലാസ്റൂ



മിലെ കൃത്രിമാന്തരീക്ഷത്തിൽ അടക്കിയിരുത്തി പഠിപ്പിക്കുമ്പോൾ കുട്ടികളുടെ സ്വാഭാവിക പ്രകൃതിയെ പറ്റിയും അതിസൂക്ഷ്മവും ശീഘ്രവുമായ അവരുടെ സംവേദന ശേഷിയെപറ്റിയും രക്ഷിതാക്കന്മാർക്കും അദ്ധ്യാപകർക്കും ബോധം വേണം. ചില റിംങ്ങ് മാസ്റ്റർമാരായ മാതാപിതാക്കന്മാർക്കും അദ്ധ്യാപകർക്കും ഈ വികൃതികൾ അശേഷം ദഹിക്കില്ല. ഈ പരിതസ്ഥിതിയിൽ തല്ലുകാരായ മതാപിതാക്കന്മാരുടെ സന്താനമായി ജനിക്കുന്ന വികൃതി കുട്ടന്മാരുടെ സ്ഥിതിയാണ് കഷ്ടം. പ്രഹരിക്കൽ കുട്ടികളിൽ മാനസികവും ബുദ്ധിപരവുമായി വലിയ ആഘാതങ്ങളാണുണ്ടാക്കുക. കുട്ടികളെ നന്നാക്കാനാണ് അവർ തല്ലുന്നതെന്നാണ് ന്യായം. മിക്കവാറും തങ്ങളുടെ അരിശം തീർക്കാനോ, കോപം ശമിപ്പിക്കാനോ തങ്ങളുടെ ഹിതം അവരിൽ അടിച്ചേൽപ്പിക്കാനോ ആണ് അവർ പിഞ്ചുകുട്ടികളുടെ പൂമേനിയെ വേദനിപ്പിക്കുന്നത്. അത്തരത്തിൽ ഭീകരന്മാരായ മാതാപിതാക്കളുടെ പിടിയിലകപ്പെട്ട നിരവധി കുട്ടികളുടെ വാർത്തകൾ നാം ദിവസേന പത്രങ്ങളിൽ വായിക്കുന്നു. നഴ്സറി ക്ലാസുകളിൽ പോലും വിദ്യാഭ്യാസം എന്നത് കഴുത്തറുപ്പൻ മത്സരമാണ്. ഈ മത്സരത്തിൽ മുന്നിലെത്താൻ കുതിമുള്ളടിച്ച് കുതിരയെ പായിക്കുന്നത് പോലെ കുട്ടികളെ അടിച്ച് പഠിപ്പിക്കുന്ന മാതൃപീഡകയാണ് ആധുനിക ശിശുവിന്റെ ഏറ്റവും വലിയ പ്രതിയോഗികളിലൊരാൾ. ഇത്തരം ബോധനരീതികൾ അശാസ്ത്രീയവും കുട്ടികളിൽ നേർവിപരീതഫലവുണ്ടാക്കുക.

### അടിവീരന്മാരായ രക്ഷിതാക്കളും അദ്ധ്യാപകരും

കുട്ടികളുടെ കാര്യത്തിൽ ആധുനിക സമൂഹം അതീവ ശ്രദ്ധാലുവാണ് എന്ന കാര്യത്തിൽ സംശയമില്ല. ഈ അമിതശ്രദ്ധ അവരിൽ ഒരു മനോഗ്രസ്തിപോലെ പിടികൂടിയിരിക്കയാണ്. മിക്ക വീടുകളിലെയും രാജകുമാരന്മാരും രാജകുമാരികളുമാണ് അവർ. കുഞ്ഞുങ്ങൾ സ്വയം തന്നെ എല്ലാവരുടേയും സ്നേഹവാത്സല്യങ്ങൾക്ക് പാത്രമാണ്. ഇക്കാലത്തെ അണുകുടുംബങ്ങളിൽ ഒന്നോ രണ്ടോ സന്താനങ്ങൾ മാത്രമേ കാണൂ. അവരാകട്ടെ മറ്റു ബന്ധുജനങ്ങളിൽ നിന്നും പ്രായമുള്ളവരിൽ നിന്നും വേറിട്ട് കഴിയുകയും ചെയ്യുന്നു. പ്രായമേറിയവർ എപ്പോഴും പിഞ്ചുകുട്ടികളുടെ കൂട്ടുകാരും ആത്മ മിത്രങ്ങളാണ്. അവരുടെ സാന്നിദ്ധ്യം ഇന്ന് മിക്ക വീടുകളിലുമില്ല. കുട്ടുകുടുംബമല്ലാത്തതിനാൽ കുട്ടികൾക്ക് മറ്റുകൂട്ടുകാരുമില്ല. ചുരുക്കത്തിൽ മിക്ക കുട്ടികളും വീടുകളിൽ ഏകാന്തരാണ്.

ആധുനിക ശിശുമനശ്ശാസ്ത്രം കുട്ടികളെ അടിക്കുന്നതിന്നെതിരാണ്. ഇന്ത്യയിൽ അഭ്യസ്തവിദ്യരടക്കം മതജാതിഭേദമന്യേ പല മാതാപിതാക്കന്മാരും കുട്ടികളെ തല്ലി നന്നാക്കണമെന്ന അഭിപ്രായക്കാരാണ്. ഇന്ത്യയിൽ തമിഴ്നാട്ടിലെ വിദ്യഭ്യാസ ചട്ടത്തിലെ 51-ാം വകുപ്പ് വിദ്യാർഥികളുടെ മേൽ ശാരീരിക ദണ്ഡന മേൽപ്പിക്കാൻ അദ്ധ്യാപകന് നിയമപരമായി തന്നെ അനുമതി നല്കുന്നു. ഇതിനെ ചൊല്ലി ഒരു പാട് വിവാദങ്ങൾ നടന്നതാണ്. തമിഴ്നാട് വിദ്യാഭ്യാസ ചട്ടത്തിൽ സദാചാരത്തിന്റെ പേരിൽ അതായത് കരുതികൂട്ടിയുള്ള കളവ്, വാക്കിലോ പ്രവർത്തിയിലോ ഉള്ള അശ്ലീലം, വ്യക്തമായ അനുസരണക്കേട് എന്നീ വിഷയങ്ങളിൽ കുട്ടി കുറ്റക്കാരനാണെന്ന് കണ്ടാൽ പ്രധാനാദ്ധ്യാപകന്റെ മേൽ നോട്ടത്തിൽ കൈ

യ്യിൽ ആറ് പ്രഹരങ്ങൾ നൽകാമെന്നാണ് തമിഴ്നാട് വിദ്യാഭ്യാസ ചട്ടം പറയുന്നത്. തമിഴ് നാട്ടിൽ ചട്ട പ്രകാരവും ഇവിടെ ചട്ടമില്ലാതെയും ചൂരൽ എന്ന ചെങ്കോലുമായി ക്ലാസുമുറികളിൽ സേഛ്വാധിപതിയായി വാഴുന്ന അദ്ധ്യാപകൻ പലരുടേയും ഭൂതകാല സ്മൃതിമണ്ഡലത്തിലെ ഒരു പേടിസ്പനമാണ്. 27 ഏപ്രിൽ 2024 തമിഴ്നാട് എഡുക്കേഷ്ൻ ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഗൈഡ്ലൈൻസ് ഫോർ ദ എലിമിനേഷൻ ഓഫ് കോർപോറൽ പണിഷ്മെന്റ് ഇൻ സ്കൂൾസ് (GECP) കുട്ടികളെ യാതൊരു കാരണവശാലും അടിക്കാൻ പാടില്ലെന്ന കർശനമായ നിർദേശം നല്കിയിട്ടുണ്ട്.

വാസ്തവത്തിൽ മിക്കവാറും കുട്ടികൾ അദ്ധ്യാപകരിനിൽ നിന്നും അടി കൊള്ളുന്നത് ചട്ടത്തിൽ പറഞ്ഞത് പോലെ സദാചാര ഭംഗത്തിന്റെ പേരിലല്ല. പഠിക്കാത്തതിന്റെ പേരിലാണ്. പഠിത്തത്തിൽ പിന്നോക്കക്കാരനായ കുട്ടിയെ ശാസിച്ചും അടിച്ചും പഠിപ്പിക്കാനൊരുങ്ങുന്ന അദ്ധ്യാപകന്മാരും രക്ഷിതാക്കളും യൂറോപ്പിലാണെങ്കിൽ അഴിയെണ്ണേണ്ടി വരുമായിരുന്നു. പഠിക്കാത്തതിന്റെ പേരിൽ കുട്ടിയെ തല്ലിയാൽ കുട്ടിയുടെ മാനസിക ശേഷിയും ബുദ്ധി നിലവാരവും മുരടിച്ചു പോകുമെന്ന് എത്രയോ മന:ശാസ്ത്ര പഠനങ്ങൾ വന്നു കഴിഞ്ഞു. പഠനത്തിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ മുൻ നിരയിലെത്തിക്കാൻ ശാസ്ത്രീയമായ ബോധനരീതികൾക്കാവും. ഏറ്റവും കുറഞ്ഞ അധ്വാനത്തിലൂടെ സുഗമമായി കുട്ടികളെ പഠിപ്പിക്കാനുള്ള ടെക്നിക്കുകൾ മനശ്ശാസ്ത്രജ്ഞന്മാരും വിദ്യാഭ്യാസ വിചക്ഷണന്മാരും ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിനെപറ്റിയൊന്നും അറിയാതെ ചൂരലിന്റെയും കാർക്കശ്യത്തിന്റെയും മാഹാത്മ്യം പറഞ്ഞ് കുട്ടികളെ നന്നാക്കാനൊരുങ്ങുന്ന വിവരദോഷികളായ ദുശ്ശാസനന്മാർ, കുട്ടികളുടെ രാക്ഷസ ശത്രുക്കളാണ്.



ഇന്ത്യയിൽ National Commission for Protection of Child Rights (NCPCR) പുറത്തിറക്കിയ Guide Line for Limiting Corporal Punishment in Schools എന്ന മാർഗ രേഖയിൽ മിനിസ്ട്രി ഓഫ് വുമൺ ആന്റ് ചൈൽഡ് ഡവലപ്പ്മെന്റിന്റെ നേതൃത്വത്തിൽ Child Abuses In India-2007 നടത്തിയ ഒരു പഠനത്തിലെ സ്ഥിതി വിവരക്കണക്കുകൾ ഉദ്ദരിച്ചിട്ടുണ്ട്. അത് പ്രകാരം ഇന്ത്യയിൽ 69% കുട്ടികളും ശാരീരികമായി അടിച്ചു വേദനയേൽക്കുന്നവരാണെന്ന ഞെട്ടിപ്പിക്കുന്ന വിവരമാണ് ലഭിച്ചത്. അതിൽ 54% വും ആൺ കുട്ടികളാണ്. വീടുകളിൽ 52.91 % ആൺകുട്ടികളും 47. 09% പെൺ കുട്ടികളും പീഡിപ്പിക്കപ്പെടുന്നു. കുട്ടികളുടെ പീഡകരിൽ 88. 6% അവരുടെ രക്ഷിതാക്കളാണ്!. രക്ഷിതാക്കൾ കുട്ടികളെ അടിച്ചു നന്നാക്കാനാണ് ശ്രമിക്കുന്നതെങ്കിൽ ഈ രീതി അവരിൽ തെറ്റായ സന്ദേശമാണ് നല്കുക. സ്നേഹത്തിലും ഉപദേശത്തിന്റേയും പ്രവർത്തന ശേഷി കുട്ടികൾ സ്വന്തം അനുഭവത്തിൽ അറിയാതെ പോവുകയും ലോകം നന്നാക്കാൻ ദണ്ഡനമുറയും സംഹാര ക്രിയകളുമാണ് വേണ്ടതെന്ന വിചാരം അവരിൽ അങ്കുരിക്കുകയും ചെയ്യും. വീടുകളിലും പൊതു സ്ഥാപനങ്ങളിലും ഇത്തരം ഏകാധിപത്യ ശൈലി സ്വീകരിച്ച കാർക്കശ്യത്തിന്റെയും അമിത നിയന്ത്രണത്തിന്റെയും ദുർവാസാവുമാരെ കാണാം.

ഇന്ന് ഇന്ത്യയിലും ബാലാവകാശങ്ങൾ ശക്തമാണ്. മുതിർന്ന പൗരന്മാരുടെ അവകാശം പോലെ തന്നെ കുട്ടികൾക്കും അവകാശങ്ങൾ വ്യക്തമയി നമ്മുടെ ഭരണ ഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### റസൂൽ തിരുമേനി(സ)യുടെ മാതൃക

മാനവ വിശ്വവിദ്യാലയത്തിലെ മഹാഗുരുവായ മുഹമ്മദ് നബി (സ) യുടെ അദ്ധ്യാപന രീതിയും മാതൃകയും അത്യുദാരവും നിസ്സീമവുമായ ആർദ്രതയുടേതുമായിരുന്നു. കാർക്കശ്യവും ശിക്ഷാനടപടികളും അധികാര പ്രയേഗവുമായിരുന്നില്ല അവിടുത്തെ രീതി. ആധുനിക ലോകം ഈ രീതി തിരിച്ചറിയുന്നതിന് മുമ്പേ സ്നേഹം കൊണ്ട് മനുഷ്യ ഹൃദയങ്ങളെ ജയിച്ചടക്കിയ ലോക ഗുരുവാണ് റസൂൽ തിരുമേനി(സ).

അതാണ് ഖുർആൻ പറഞ്ഞത്: ***'നീ മഹത്തായ ധാർമിക ഗുണങ്ങളുടയവൻ തന്നെയാണ്.'*** (അൽഖലം 68:5) ***'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീപരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോകുമായിരുന്നു.'*** (ആലു ഇംറാൻ 3:160) കുട്ടികളെ അഗാധമായി സ്നേഹിച്ച മുഹമ്മദ് നബി(സ)യെ മാതൃകയാക്കുന്നവർക്ക് കുട്ടികളെ പ്രഹരിക്കുന്നതിനെയും അവരോടുള്ള പീഡനങ്ങളെയും അംഗീകരിക്കാനാവില്ല. എത്ര വലിയ ദൗത്യയാത്ര നടത്തുന്ന വേളകളിലായിരുന്നാൽ പോലും തിരുനബി(സ) കുട്ടികളെ വാരിയെടുത്തു കുട്ടികളെ ഉമ്മ വെക്കുമായിരുന്നു. അവരോടൊപ്പം വിനോദങ്ങളിലും കളികളികളിലും ഏർപ്പെടുകയും ചെയ്തിരുന്നു. തിരുനബി(സ) അവരെ ദൈവത്തിന്റെ പൂന്തോപ്പിലെ പ്രിയപ്പെട്ട മലരുകളായിട്ടാണ് വിശേഷിപ്പിച്ചത്. മക്കയിലേക്ക് വിജശ്രീലാളിതനായി കടന്ന് വന്ന നബി തിരുനബി(സ) തന്റെ ഒട്ടകത്തിന്റെ പുറത്ത് രണ്ട് പിഞ്ചു പൈതങ്ങളെ വാരിയെടുത്ത് ഇരുത്തിയാണ് ആഗതനായത്. അബൂ ഹുറൈറ(റ) നിവേദനം ചെയ്ത ഒരു ഹദീസ് ഇപ്രകാരമാണ്. അൽ അഖറ ബിൻ ഹബിസ് അല്ലാഹുവിന്റെ പ്രവാചകൻ തന്റെ പേരകുട്ടിയായ അൽ ഹസ്സനെ ചുംബിക്കുന്നത് കാണുകയുണ്ടായി. അപ്പോൾ അദ്ദേഹം (അഖറ) പറഞ്ഞു: 'എനിക്ക് പത്ത് കുട്ടികളുണ്ട് പക്ഷേ അവരിലൊരാളെയും ഞാൻ ചുബിക്കാറില്ല'. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: *'കാരുണ്യം കാണിക്കാത്തവനോട് കാരുണ്യം കാണിക്കപ്പെടുകയില്ല.'* (സഹീഹ് മുസ്ലിം) ഒരിക്കൽ തന്റെ കുരുവി നഷ്ടപെട്ട് സങ്കടപ്പെട്ടിരുന്ന ഒരു ബാലനെ റസൂൽ തിരുമേനി(സ)



ആശ്വസിപ്പിച്ചതായി അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഒരു ഹദീസുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട നിരവധി സംഭവങ്ങളും അധ്യാപനങ്ങളും റസൂൽ തിരുമേനി(സ) നല്കിയിട്ടുണ്ട്.

തിരുനബി(സ) ശിഷ്യനായ വാഗ്ദത്ത മസീഹ്(അ) കുട്ടികളെ പ്രഹരിക്കുന്നതിനോട് കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചിരുന്നു. അങ്ങനെ ആരെങ്കിലും ചെയ്തതായി അറിഞ്ഞാൽ ആ മഹാത്മാവിന്റെ മുഖത്ത് കോപം അങ്കുരിക്കുമായിരുന്നു. കുട്ടികളെ മർദ്ദിക്കുന്നത് ഒരു തരം ശിർക്ക് (ദൈവത്തിൽ പങ്ക് ചേർക്കൽ ) ആണെന്നാണ് അവിടുന്ന് അഭിപ്രായപ്പെട്ടത്. കുട്ടികളിൽ സ്വഭാവദുഷ്യങ്ങളുണ്ടെങ്കിൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ് വേണ്ടതെന്നും. ദൈവം നിരുപാധികം സ്വീകരിക്കുന്ന പ്രാർഥനകളിലൊന്ന് മക്കൾക്കു വേണ്ടി ചെയ്യുന്ന പ്രാർഥനയാണെന്നമുള്ള റസൂൽ തിരുമേനി(സ)യുടെ വചനം ഓർമിപ്പിച്ച് വാഗ്ദത്ത മസീഹ് ശിഷ്യരെ ഉപദേശിക്കുമായിരുന്നു. ദൈവം ഫലം വാഗ്ദാനം ചെയ്ത ഈ പ്രാർഥനയിൽ നിന്നും ഫലമെടുക്കുകയാണ് വേണ്ടതെന്നും വാഗ്ദത്ത മസീഹ്(അ) ഉദ്ബോധിപ്പിക്കുകയുണ്ടായി. വളരെയേറേ തിരക്കുകൾക്കിടയിലും കുട്ടികളുമായി സംവദിക്കാനും അവരോടെപ്പം സമയം ചിലവഴിക്കാനും അഹ്മദിയ്യാ ഖലീഫ ഹദത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) കാട്ടുന്ന ശ്രദ്ധ പ്രസ്ത്യാവ്യമാണ്. മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ പ്രാധാന്യത്തോടെ സംപ്രേക്ഷണം ചെയ്യുന്ന പരിപാടിയിൽ കുട്ടികൾക്ക് വേണ്ടിയുള്ള നിരവധി പരിപാടികളുണ്ട്.

**ഉപസംഹാരം**

കുട്ടികൾ യാതൊരു അവകാശങ്ങളുമില്ലാത്ത മുതിർന്നവരുടെ കയ്യിലെ കളിപ്പാട്ടങ്ങളല്ല. അവർക്കും ശക്തവും വ്യക്തവുമായ അവകാശങ്ങളുണ്ട്. ഭാവിയുടെ വാഗ്ദാനങ്ങളാണ് അവർ. ആധുനിക പരിഷ്കൃത ഭരണകൂടങ്ങളും നീതി പീഠങ്ങളും ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തുന്നുണ്ട്. രാഷ്ട്രങ്ങളും സമൂഹങ്ങളും മതങ്ങളുമെല്ലാം അത് സമ്മതിക്കുന്നു. പക്ഷേ കുട്ടികൾ മാത്രം അത് അറിയുന്നില്ല. ഈ ചർച്ചകളുടെയെല്ലാം സാരാംശം കുട്ടികളോടുള്ള പെരുമാറ്റം നിയമം മുഖേന നടപ്പാക്കേണ്ട ഒന്നല്ല. നിയമങ്ങൾ ഇക്കാര്യത്തിൽ മനുഷ്യരെ ബോധവൽക്കരിക്കുകയും മാർഗദർശനം ചെയ്യുകയും ചെയ്യുന്നു എന്ന് മാത്രം. രക്ഷിതാക്കന്മാരും കുടുംബവും ഗുരുനാഥന്മാരും സമൂഹവുമാണ് കുട്ടികൾക്ക് സ്നേഹവാത്സല്യങ്ങളും വിജ്ഞാനവും നൽകി അവരെ വളർത്തി നന്മ നിറഞ്ഞ പക്വതയുള്ള മനുഷ്യരായി വളർത്തിയെടുക്കൽ തങ്ങളുടെ ജീവിത ദൗത്യമാണ് എന്ന തിരിച്ചറിവാണ് വേണ്ടത്.

## ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ



**ലേഖനം**



# ഹജറുൽ അസ്‌വദും ശിർക്കും

ഹജ്ജ് വേളയിലും ഉംറക്കും മുസ്‌ലിംകൾ ഹജറുൽ അസ്‌വദുമായി ബന്ധപ്പെട്ടു നടത്തുന്ന അനുഷ്ഠാനങ്ങൾ പലരും ബിംബരാധനക്ക് സമാനമാണെന്ന് ആരോപിക്കാറുണ്ട്. അതിനുള്ള വിശദീകരണമാണ് ഈ ലേഖനം.

**ഫദ്‌ലുൽ-ഹക്കീം അഹ്മദ്, ഘാന**

സർവശക്തനായ ദൈവത്തിന്റെ ഗുണങ്ങളോ, ദൈവം സ്വയംതന്നെയോ ആയി ഏതെങ്കിലും ഒരു വസ്തുവിലോ വ്യക്തിയിലോ മൂർത്തിലോ ജീവിയിലോ ശക്തിയിലോ ഉള്ളതായി കരുതുകയോ സങ്കൽപ്പിക്കുകയോ ചെയ്യുന്നതിനെയാണ് ശിർക്ക് അഥവാ ദൈവത്തിൽ പങ്കുചേർക്കൽ എന്ന് പറയുന്നത്. മനുഷ്യന്റെ പ്രഥമബുദ്ധിതന്നെ നിരാകരിക്കുന്ന ഈ ദൈവസങ്കൽപ്പം വിശുദ്ധ ഖുർആൻ ശക്തമായി വിരോധിക്കുകയും മഹാപാപമായി ഗണിക്കുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു:

*'തീർച്ചയായും അല്ലാഹു തന്നോട് (മറ്റൊന്നിനെയും) പങ്കുചേർക്കുന്നത് പൊറുത്തുകൊടുക്കില്ല. അതിനു പുറമെയുള്ളതിനെ താനുദ്ദേശിക്കുന്നവർക്ക് അവൻ മാപ്പു നൽകുകയും ചെയ്യും. ഏതൊരാൾ അല്ലാഹുവിനോട് വല്ലതിനേയും പങ്കുചേർക്കുന്നുവോ, നിശ്ചയമായും കടുത്ത പാപമാണ് അവൻ കെട്ടിച്ചമക്കുന്നത്.'* (സൂറ: അന്നിസാഅ് 4:49)

ശിർക്കിന് വിവിധ രൂപങ്ങളിലാണ് പ്രകടമാവുന്നത്. വാഗ്ദത്ത മസീഹ് ഇത് വ്യക്തമാക്കുന്നു:

'ദൈവവുമായി മറ്റുള്ളവരെ ചേർത്ത് പങ്കാളിയാക്കുന്നത് പല രൂപത്തിലുമാണ്. അതിനെയാണ് ശിർക്ക് എന്ന് പറയുന്നത്. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, ജൂതന്മാർ, മറ്റ് വിഗ്രഹാരാധകർ എന്നിവർ ഒരു മനുഷ്യനെയോ കല്ലിനെയോ നിർജീവ വസ്തുക്കളെയോ കഴിവുകളെയോ സാങ്കൽപ്പിക ദേവതകളെയോ ദൈവമായി ആരാധിക്കുന്നത് പ്രകടമായ ശിർക്ക് ആണ്. (മൽഫൂസാത്ത്, വാ. 3, പേ. 2007, എസ്സൻസ് ഓഫ് ഇസ്‌ലാം, വാല്യം 2007, പേ. 172 ൽ ഉദ്ധരിച്ചത്.)

ഇസ്‌ലാം ശിർക്കിനെ കർശനമായി നിരോധിച്ചിരിക്കുകയും അതിനെ കഠിനമായി അപലപിക്കുകയും ചെയ്യുന്നു. ശിർക്കിന്റെ അധ്യാപനങ്ങൾക്ക് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല. എന്നിരുന്നാലും, ഹജറുൽ അസ്‌വദുമായി ബന്ധപ്പെട്ട് ചിലർ ഇസ്‌ലാമിൽ ബിംബാരാധനയുണ്ട് എന്ന ആരോപണം ഉന്നയിക്കാറുണ്ട്.

## ഹജറുൽ അസ്‌വദ്

വിശുദ്ധ കഅ്ബയുടെ കിഴക്കൻ മൂലയിൽ പ്രതിഷ്ഠിച്ച ഒരു കല്ലാണ് അൽ-ഹജറുൽ അസ്‌വദ് എന്നറിയപ്പെടുന്ന ശ്യാമശില. ഹജറുൽ അസ്‌വദ് ബഹിരാകാശത്തുനിന്ന് പതിച്ച ഒരു ഉൽക്കാശില ആണെന്ന് വിശ്വസിക്കപ്പെടുന്നു. കഅ്ബയുടെ മതിലുകൾ ഒരു നിശ്ചിത ഉയരത്തിലേക്ക് ഉയർത്തികെട്ടിയപ്പോൾ ജനങ്ങൾ അല്ലാഹുവിന്റെ ആലയത്തെ എവിടെയാണ് (തവാഫ്) പ്രദക്ഷിണം ചെയ്യേണ്ടതെന്ന് സൂചിപ്പിക്കാൻ ഇബ്രാഹിം നബി ഈ കല്ല് ഒരു മൂലയിൽ ഒരു പ്രത്യേകസ്ഥലത്ത് സ്ഥാപിക്കുകയാണുണ്ടായത്. (The Life & Character of the Seal of Prophet(s) - Vol. I, p. 101)


## ഒരു തെറ്റിദ്ധാരണ

ഹജ്ജ് സമയത്ത് കറുത്ത കല്ലുമായി ബന്ധപ്പെട്ട് മുസ്‌ലിംകളുടെ ആചാരങ്ങളിൽ പൊതുവേ ഉണ്ടാവുന്ന ഒരു തെറ്റിദ്ധാരണയുണ്ട്. പ്രധാന മതങ്ങളെ വിഗ്രഹാരാധനയുടെ പേരിൽ ഇസ്‌ലാംമതം വിയോജിപ്പ് പ്രകടിപ്പിക്കുന്നുവെങ്കിൽ, കറുത്ത കല്ലിന്റെ 'ആരാധന' എന്തുകൊണ്ട് ഇസ്‌ലാം അനുവദിക്കുന്നു എന്നതാണ് ആ തെറ്റിദ്ധാരണ.

മക്കയിലേക്ക് തീർത്ഥയാത്ര ചെയ്യുകയും, ഹജ്റുൽ അസ്‌വദ് ദർശിക്കാനും സ്പർശിക്കാനും മുസ്‌ലിം തീർത്ഥാടകർ കാട്ടുന്ന തിക്കും തിരക്കും ശ്രമങ്ങളും അദ്ധ്വാനവും നിരീക്ഷിക്കുന്നവരാണ് ഇത് വിഗ്രഹാരാധനക്ക് സമാനമല്ലേ എന്ന തെറ്റിദ്ധാരണയുണ്ടാവുന്നത്. ഈ താരതമ്യം അടിസ്ഥാനപരമായി തെറ്റാണ്. വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നതുപോലെ ഇസ്‌ലാമിക വിശ്വാസത്തിൽ എല്ലാത്തരം ശിർക്കുകൾക്കും ബിംബാരാധനയ്ക്കും യാതൊരു സ്ഥാനവുമില്ല. അത് വ്യക്തമായി നിരോധിക്കുകയും കഠിനമായി വിരോധിക്കുകയും ചെയ്യുന്നുണ്ട്. ദൈവത്തിന്റെ ഏകത്വം എന്ന തത്ത്വമായ തൗഹീദ് ആണ് മുസ്‌ലിം വിശ്വാസത്തിന്റെ ആധാരശില. അതിൽ അവർ ഉറച്ചു വിശ്വസിക്കുന്നു. ആരാധന, പ്രാർത്ഥന, അല്ലെങ്കിൽ എന്തെങ്കിലും നേട്ടത്തിനുള്ള പ്രതീക്ഷ എന്നിവയിലേക്ക് നയിക്കാൻ അല്ലാഹു വല്ലാതെ മറ്റെന്തിനെയെങ്കിലും വിളിച്ച് പ്രാർഥിക്കുന്നത് ഗുരുതരമായ ആത്മീയ പാപമായിട്ടാണ് ഇസ്‌ലാമിൽ കണക്കാക്കപ്പെടുന്നത്. അതുകൊണ്ട് ഹജ്റുൽ അസ്‌വദ് അഥവാ കറുത്ത കല്ല് ഉൾപ്പെടുന്ന ആചാരങ്ങൾ ഒരിക്കലും കല്ലിന്റെ ആരാധനയല്ല. നൂറ്റാണ്ടുകളായി പല പ്രവാ

ചകന്മാരുടെയും കരങ്ങൾ സ്പർശിച്ച് ആ കല്ലിൽ വിശുദ്ധ പ്രവാചകൻ മുഹമ്മദ്[സ]യുടെ തൃക്കരങ്ങൾ പതിച്ചതിനാൽ അതിനെ പ്രതീകാത്മകമായി അനുകരിക്കുക മാത്രമാണ് ചെയ്യുന്നത്. അവിടുത്തെ പാരമ്പര്യങ്ങളോടുള്ള സ്നേഹവും ബഹുമാനവും പ്രകടമാക്കുക മാത്രമാണ് ഈ ആചാരത്തിന്റെ ഉദ്ദേശം. ദൈവത്തോടുള്ള ആദരവിന്റെ ബാഹ്യപ്രകടനവും ഇബ്രാഹിം നബി[അ]യുമായി ഇസ്‌ലാമിന്റെ ഉത്ഭവ സ്രോതസ്സുമായുള്ള പ്രതീകാത്മകബന്ധത്തെയുമാണ് അത് സൂചിപ്പിക്കുന്നത്. മാത്രമല്ല, ഹജ്ജിന്റെ ആചാരമായി ഹജ്റുൽ അസ്‌വദിനെ ചുംബിക്കലോ സ്പർശിക്കലോ ഹജ്ജിൽ തീർഥാടകർ നിർബന്ധമായി ചെയ്യേണ്ട ആവശ്യമില്ല. ഇത് സൂചിപ്പിക്കുന്നത് ഹജ്റുൽ അസ്‌വദുമായി ബന്ധപ്പെട്ട ആചാരങ്ങൾ ദിവ്യമായ അനുഷ്ഠാനം എന്നതിനേക്കാൾ പ്രതീകാത്മകമാണ്. എല്ലാറ്റിനുമുപരിയായി, മുസ്‌ലിംകൾ കറുത്ത കല്ലിന് ദൈവിക ശക്തികളൊന്നും ആരോപിക്കുന്നില്ല. വിഗ്രഹാരാധനയിൽ ഏർപ്പെടുന്നവരിൽ നിന്ന് വ്യത്യസ്തമായി, അല്ലാഹുവിന് മാത്രമേ എല്ലാ ശക്തിയും അധികാരവും ഉള്ളൂവെന്നും ഒരു വസ്തുവിനോ വ്യക്തിക്കോ അസ്തിത്വത്തിനോ സ്വതന്ത്രമായി അനുഗ്രഹം നൽകാനോ ദോഷം വരുത്താനോ കഴിയില്ല എന്നത് മുസ്‌ലിംകളുടെ അടിസ്ഥാന വിശ്വാസമാണ്.

ശേഷം പേജ് 42 ൽ



## ഹദ്റത്ത് അഹ്മദ്[അ] എന്തുകൊണ്ട് ഹജ്ജ് നിർവഹിച്ചില്ല?

**അവ്വാബ് സാദ് ഹയാത്ത്**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപകരായ ഹദ്റത്ത് അഹ്മദ്[അ] എന്തുകൊണ്ടാണ് ഹജ്ജ് ചെയ്യാത്തത്? എന്ന ചോദ്യം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ എതിരാളികൾ ഉയർത്തുന്നു. ഈ ആരോപണം പുതിയതല്ല. വാഗ്ദത്ത മസീഹിന്റെ ജീവിതകാലത്തും ഈ ആരോപണം ഉന്നയിക്കപ്പെടുകയുണ്ടായി. ഈ ആരോപണത്തിന് മറുപടിയായി വാഗ്ദത്ത മസീഹ്[അ] പറഞ്ഞു:

'ഈ ആളുകൾ ഈ എതിർപ്പ് ദുരുദ്ദേശത്തോടെയാണ് ഉന്നയിക്കുന്നത്. പരിശുദ്ധ പ്രവാചകൻ[സ] പത്ത് വർഷം മദീനയിൽ താമസിച്ചു. മദീനയ്ക്കും മക്കയ്ക്കും ഇടയിൽ രണ്ട് ദിവസത്തെ യാത്ര മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ വിശുദ്ധ പ്രവാചകൻ പത്ത് വർഷത്തേക്ക് ഒരു ഹജ്ജും നിർവഹിച്ചിട്ടില്ല. അവിടുത്തേക്ക് ഗതാഗതം മുതലായവ എർപ്പെടുത്താൻ കഴിയുമായിരുന്നു. ഹജ്ജിന്റെ വ്യവസ്ഥ മതിയായ സമ്പത്ത് ഉണ്ടാവുക മാത്രമല്ല. വഴിയിൽ കുഴപ്പത്തിന്റെ അപകടമില്ലെന്നും സമാധാനത്തോടെ ഹജ്ജ് നിർവഹിക്കാൻ അവിടെ എത്തിച്ചേരാൻ മാർഗ്ഗങ്ങൾ ലഭ്യമാകലും അത്യാവശ്യമാണ്. ക്രൂര സ്വഭാവമുള്ള പുരോഹിതന്മാർ ഇവിടെ മരണശാസനങ്ങൾ പുറപ്പെടുവിക്കുകയും സർക്കാരിനെ ഭയപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ, മറ്റെന്താണ് ചെയ്യാൻ കഴിയുക? എന്നാൽ നാം ഹജ്ജ് ചെയ്യുന്നില്ലെങ്കിൽ ഈ ആളുകൾക്ക് അതിൽ എന്താണ് താൽപ്പര്യം? ഉദാഹരണത്തിന്, ഞാൻ ഹജ്ജ് ചെയ്യുകയാണെങ്കിൽ, അവർ എന്നെ ഒരു മുസ്‌ലിമായി കണക്കാക്കുമോ? അവർ നമ്മുടെ ജമാഅത്തിലേക്ക് ചേരുമോ?

'ഒന്നാമതായി, ഞാൻ ഹജ്ജ് നിർവ്വഹിച്ചാൽ തങ്ങളെല്ലം എന്റെ കൈയ്യാൽ പശ്ചാത്തപിക്കുമെന്നും എന്റെ ജമാഅത്തിലേക്ക് പ്രവേശിക്കുമെന്നും എന്റെ അനുയായികളാകുമെന്നും ഒരു പ്രഖ്യാപനം ഈ മുസ്‌ലിം പണ്ഡിതന്മാർ എഴുതിത്തരട്ടെ. അവർ അങ്ങനെ ചെയ്യുകയും സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്താൽ ഞാൻ ഹജ്ജ് നിർവഹിക്കും. സർവശക്തനായ അല്ലാഹു എനിക്ക് സൗകര്യപ്രദമായ മാർഗങ്ങൾ ഉണ്ടാക്കിത്തരും. അങ്ങനെ മൗലവിമാരിൽ നിന്നും ഉത്ഭവിക്കുന്ന എതിർപ്പുകൾ ഭാവിയിൽ അവസാനിക്കും. ദുരുദ്ദേശ്യത്തോടെ എതിർക്കുന്നത് ശരിയല്ല. അല്ലാത്തപക്ഷം, അവരുടെ ഈ എതിർപ്പ് ഞങ്ങളുടെ മേൽ മാത്രമല്ല, റസൂൽ തിരുമേനിയുടെ[സ] മേലും പതിക്കും. അവിടുന്ന് തന്റെ അവസാന വർഷത്തിൽ മാത്രമാണ് ഹജ്ജ് നിർവഹിച്ചത്.

*(മൽഫൂസാത്ത്. (1984) വാ. 9, 324-325)*

# ഇന്ത്യയിലെ ജനവിധി

**ലോ**കത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യമായ ഇന്ത്യയിലെ 142 കോടി ജനങ്ങളുടെ രാഷ്ട്രീയ ഭാഗധേയം നിർണ്ണയിക്കുന്ന 18-ാം ലോക്സഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് ഏഴ് ഘട്ടങ്ങളിലായി 2024 ഏപ്രിൽ 19 മുതൽ ജൂൺ 1 വരെ നടക്കുകയുണ്ടായി. തിരഞ്ഞെടുപ്പിൽ വിജയിച്ച ദേശീയ ജനാധിപത്യസഖ്യം (എൻ ഡി എ) ശ്രീ നരേന്ദ്ര മോഡിയുടെ നേതൃത്വത്തിൽ മൂന്നാം തവണയും അധികാരമേറ്റിരിക്കുകയാണ്. ശ്രീ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഉജ്ജ്വല വിജയം നേടി ശക്തമായ ഒരു പ്രതിപക്ഷവും പാർലമെന്റിൽ സാന്നിദ്ധ്യമുറപ്പിക്കുകയും ചെയ്തിരിക്കുന്നു. ശക്തമായ ഒരു പ്രതിപക്ഷമാണ് ഭരണകൂടത്തെ ഒരു പരിധിവരെ നേർവഴിയിൽ ചലിപ്പിക്കുക. ശ്രീ രാഹുൽ ഗാന്ധി ആ ദൗത്യം തീർച്ചയായും നല്ല രീതിയിൽ നിർവഹിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. സർവ്വജന വിഭാഗങ്ങൾക്കും ക്ഷേമകരവും നീതിപൂർവ്വവുമായ ഒരു ഭരണം കാഴ്ച വെക്കാൻ ഭരണപക്ഷവും പ്രതിപക്ഷവുമടങ്ങുന്ന നമ്മുടെ ഭരണകൂടത്തിനാകട്ടെ.

ഇത്തവണത്തെ ഇന്ത്യൻ പാർലമെന്റ് ജനാഭിലാഷത്തെ പ്രതിനിധാനം ചെയ്യുന്ന ഏറെക്കുറെ സന്തുലിതമായ ഒരു വേദിയായി മാറിയത് ആശ്വാസകരമാണ്. വൈകാരിക പ്രക്ഷുബ്ധതയില്ലെങ്കിൽ ഇന്ത്യയുടെ സാമൂഹികമനസ്സ് വൈവിധ്യങ്ങളെ സഹവർത്തിത്വത്തോടെ ഉൾക്കൊള്ളുന്നതും ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ പ്രതിഫലിപ്പിക്കുന്നതുമാണെന്ന് ഈ തിരഞ്ഞെടുപ്പ് തെളിയിക്കുന്നു. കഴിഞ്ഞ തവണയുള്ളതുപോലെ ബി ജെ പിക്ക് ഒറ്റക്ക് ഭരിക്കാൻ തനിച്ച് ഭൂരിപക്ഷമില്ലാത്ത ഒരു ജനവിധിയാണ് ഇന്ത്യൻ ജനത നൽകിയിരിക്കുന്നത്. 2019 ലെ തെരഞ്ഞെടുപ്പിൽ ബി ജെ പി ക്ക് ഒറ്റക്ക് കിട്ടിയ 303 സീറ്റിൽ ഇത്തവണ 63 സീറ്റിന്റെ കുറവുണ്ടായി. 240 സീറ്റാണ് അവർക്ക് ലഭിച്ചത്. പ്രാദേശിക കക്ഷികളായ ആന്ധ്രപ്രദേശിലെ തെലുങ്കുദേശം പാർട്ടിയും ബീഹാറിലെ ജനദാദളും (യുണൈറ്റഡ്) മറ്റു ചെറിയ കക്ഷികളുടെ പിന്തുണയോടെ 291 അംഗങ്ങൾ ചേർന്നാണ് എൻ ഡി എ ഭരണ കക്ഷിയായി മാറുന്നത്. കോൺഗ്രസ്സ് നേതൃത്വം നൽകുന്ന ഇന്ത്യാമുന്നണി 234 അംഗങ്ങളോടെ പ്രതിപക്ഷത്ത് ശക്തമായി നിലയുറപ്പിച്ചിട്ടുണ്ട്. ബി ജെ പി ഒറ്റക്ക് 370 സീറ്റും എൻ ഡി എ മുന്നണിക്ക് 400 സീറ്റും ലഭിക്കുമെന്ന് ശ്രീ നരേന്ദ്ര മോഡി അവകാശപ്പെട്ടതുപോലെയൊന്നും സംഭവിച്ചില്ല. ഇന്ത്യയുടെ തനത് സാമൂഹിക മനസ്സാക്ഷിയുടെ നിരവധി സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇത്തവണത്തെ ജനവിധി. ആധുനിക ജനാധിപത്യത്തിനും ബഹുസ്വരതയ്ക്കും യോജിക്കാത്ത മത-വംശീയാതിപ്രസരമുള്ള രാഷ്ട്രീയ ദർശനമാണ് ബി ജെ പി ഉയർത്തിയത്. മത-ദേശീയാധിഷ്ഠിത രാഷ്ട്രീയം നമ്മുടെ സമൂഹത്തിന്റെ പുരോഗതിക്കും ആരോഗ്യകരമായ സഹവർത്തിത്വത്തിനും മാത്രമല്ല മതങ്ങളുടെ തന്നെ പരിശുദ്ധമായ അദ്ധ്യാത്മികമൂല്യങ്ങൾക്കും അഭിലഷണീയമല്ല.

എൻ ഡി എ യോഗത്തിൽ ബഹുമാന്യനായ പ്രധാന മന്ത്രി ശ്രീ നരേന്ദ്രമോഡി ജനാധിപത്യമൂല്യങ്ങളുടെ കേദാരമായ നമ്മുടെ ഭരണഘടന തൊട്ടു നെറ്റിയിൽ വെച്ച് വണങ്ങിയത് ശുഭോദർക്കമായി കാണുന്നു. ഇന്ത്യയുടെ ജനവിധിയോടുള്ള പ്രതീകാത്മക അഭിവാദ്യമായി പ്രധാനമന്ത്രിയുടെ ആ പ്രവൃത്തി മാറട്ടെ. ഇന്ത്യയിൽ ദരിദ്രജനകോടികളുടെ പട്ടിണിയും തൊഴിലില്ലായ്മയും തുടച്ചു നീക്കി എല്ലാ വിഭാഗം ജനങ്ങൾക്കും ഭൗതികക്ഷേമം ഉറപ്പുവരുത്തുന്ന ഭരണമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. വിശപ്പിനെ വെല്ലുന്ന ഒരു വൈകാരിക രാഷ്ട്രീയപ്രചാരണത്തിനും പദ്ധതിക്കും ദീർഘനാൾ പിടിച്ചു നിൽക്കാൻ സാദ്ധ്യമല്ല.

നമ്മുടെ ഭാരതം ലോകത്തെവിടെയും കാണാത്ത ജനവൈവിധ്യങ്ങളുടെ ഒരു പ്രദർശനശാലയാണ്. വിവിധ മതങ്ങൾ, ഭാഷകൾ, വേഷങ്ങൾ, ആചാരങ്ങൾ, ആഹാരശീലങ്ങൾ, ജീവിതശൈലികൾ അങ്ങനെ എണ്ണമറ്റ സ്വരവൈവിധ്യങ്ങളുടെ രമ്യമനോഹരമായ മേളനമാണ് ഇന്ത്യൻ സമൂഹം. ഈ അനന്തവൈവിധ്യങ്ങളുടെ സംഘർഷരഹിതമായ രാഷ്ട്രീയ ഉദ്ഗ്രഥനമാണ്

(ശേഷം പേജ് 40 ൽ)

# വിദ്വേഷ പ്രഭാഷണവും കൊലപാതകങ്ങളും പാകിസ്താനിൽ തുടരുന്ന അഹ്മദിയ്യാ പീഡനം.



**പാ**കിസ്താനിലെ മതപണ്ഡിതന്മാരുടെ വിദ്വേഷ പ്രഭാഷണത്തിൽ ആവേശം കൊണ്ട് 2024 ജൂൺ 8 ന് ഒരു മദ്രസ്സാ വിദ്യാർത്ഥി രണ്ട് അഹ്മദികളെ പാകിസ്താനിൽ ശഹീദാക്കുകയുണ്ടായി. (*ഇന്നാലില്ലാഹി വ .....*) പാകിസ്താനിലെ പഞ്ചാബ് സംസ്ഥാനത്ത് മാണ്ടി ബഹാവുദ്ദീൻ ജില്ലയിലെ സദുല്ലാപൂർ എന്ന സ്ഥത്ത് വെച്ചാണ് അത്യന്തം ദാരുണമായ ഈ കൊലപാതകം നടന്നത്. ഗുലാം സർവർ സാഹിബ്(64) എന്നയാൾ പള്ളിയിൽ നിന്ന് നമസ്ക്കാരം കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോഴാണ് വെടിയേറ്റത്. അപ്പോൾ തന്നെ ആ വയോധികൻ ശഹീദായി. ആറ് സന്താനങ്ങളുടെ പിതാവാണ്. ശഹീദായ മറ്റയാൾ റാഹത്ത് അഹ്മദ് ബാജ്വ സാഹിബ്(30) എന്ന ചെറുപ്പക്കാരനായ പാചക തൊഴിലാളിയാണ്. അദ്ദേഹത്തിന് രണ്ട് കുട്ടികളുണ്ട്. അലി റസാ എന്ന പത്തൊമ്പത് കാരനായ മദ്രസാ വിദ്യാർത്ഥിയാണ് ക്രൂരനായ ഈ മതക്കൊലയാളി. പാകിസ്താനിൽ അഹ്മദികൾക്കെതിരെ വിദ്വേഷ പ്രസംഗം നടത്തി യൂട്യൂബിലിടുന്ന നിരവധി മതപണ്ഡിതന്മാരുണ്ട്. അവരുടെ പ്രസംഗത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് അഹ്മദികൾ ബലി പെരുന്നാൾ ആഘോഷിക്കുന്നത് തടയാൻ വേണ്ടിയാണ് ഈ കശ്മലൻ കെലപാതകം നടത്തിയതെന്നാണ് അയാൾ പോലീസിനോട് പറഞ്ഞത്. ഇങ്ങനെ 270 ഓളം അഹ്മദികളെ തീവ്രവാദികൾ കൊന്നുകഴിഞ്ഞു. (അവലംബം: Dawn, June 9, 2024).

പാകിസ്താനിലെ എല്ലാ ആശയ വിഭാഗത്തിലും പെട്ട മുസ്‌ലിം മതകക്ഷികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണയോടെ 1974 ൽ പാകിസ്താൻ പാർലമെന്റ് ഭരണഘടന ഭേദഗതി ചെയ്ത് അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. അന്ന് മുതൽ അവർ സ്വയം മുസ്‌ലിമാണെന്ന് പ്രഖ്യാപിക്കുന്നതോ, നമസ്ക്കരിക്കുന്നതോ, ഖുർആൻ പരായണം ചെയ്യുന്നതോ, അസ്സലാമു അലൈക്കും എന്ന് ആശംസിക്കുന്നതോ, ഇസ്‌ലാമിക ചിഹ്നങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും നിർവഹിക്കുന്നതോ ക്രിമിനൽ കുറ്റമായി പാകിസ്താൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കയാണ്. 1984 ൽ പാകിസ്താനിൽ ഇസ്‌ലാമിക ഭരണം നടപ്പാക്കിയ പട്ടാള സ്വേഛാധിപതി ജനറൽ സിയാ ഉൽഹഖ് 20-ാം നമ്പർ ഓർഡിനൻസിലൂടെ അഹ്മദികൾക്കെതിരെയുള്ള ഇസ്‌ലാമിക നിയമങ്ങളെല്ലാം കർശനമാക്കി. 1985 ൽ അഹ്മദികൾക്ക് പ്രത്യേകം വോട്ടർ ലിസ്റ്റുണ്ടാക്കി പൊതു വോട്ടർ ലിസ്റ്റിൽ നിന്നും അവരെ ഒഴിവാക്കി. അങ്ങനെ എല്ലാ മനുഷ്യാവകാശങ്ങളും പൗരാവകാശങ്ങളും മതപരമായ അസഹിഷ്ണുതയുടെ പേരിൽ ദശാബ്ദങ്ങളായി അഹ്മദികൾക്ക് നിഷേധിക്കപ്പെടുകയാണ്. ഇതിനെ അവർ ഇസ്‌ലാമിക ഭരണം എന്നാണ് വിളിക്കുന്നത്. ഈ അനീതിയെ അവർ നിയമപരമാക്കി മാറ്റി.

1984 മുതൽ 270 ഓളം അഹ്മദികളെ പാകിസ്താനിൽ ശഹീദാക്കി. 320 ലധികം കൊലപാതക ശ്രമങ്ങളുണ്ടായി 27 അഹ്മദികളുടെ പള്ളികൾ പൊളിച്ചു. 21 പള്ളികൾക്ക് തീവെക്കുകയോ ഭാഗികമായി തകർക്കുകയോ ചെയ്തു. ശ്മശാനത്തിൽ നിന്നും 54 അഹ്മദികളുടെ ജനാസ എടുത്ത് വികൃതമാക്കി. 39 തവണ അഹ്മദി ജനാസ പൊതുശ്മശാനത്തിൽ കബറടക്കുന്നത് നിഷേധിച്ചു. ഇസ്‌ലാമന്റെ എല്ലാ പ്രമാണങ്ങളിലും റസൂൽ തിരുമേനി(സ)യുടെ എല്ലാ സുന്നത്തിലും വചനത്തിലും മറ്റു മുസ്‌ലിംകളെക്കാൾ ഗാഢമായും ആത്മാർത്ഥമായും വിശ്വസിക്കുന്നവരാണ് അഹ്മദികൾ. അവരോടാണ് കിരാതമായ ഈ മർദ്ദന നടപടികൾ. അഭിപ്രായ വ്യത്യാസങ്ങൾക്ക് സംവാദമാകാം. അതാണ് വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചത്. *തത്വജ്ഞാനവും സദുപദേശവും കൊണ്ട്*



ഗുലാം സർവർ സാഹിബ്



റാഹത്ത് അഹ്മദ് ബാജ്‌വ

*നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ക്ഷണിക്കുക ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരുമായി സംവാദം നടത്തുകകയും ചെയ്യുക.'* (സൂറ: അന്നഹ്ൽ 16:126) വിയോജിപ്പുകളോട് അക്രമവും അനീതിയും അസഹിഷ്ണുതയും പാടില്ല. സത്യം നിങ്ങളുടെ പക്ഷത്താണെങ്കിൽ, പ്രകാശം കൊളുത്തിയാൽ ഇരുൾ മറയുന്നത് പോലെ സത്യത്തിനു മുമ്പിൽ അസത്യം മാഞ്ഞുപോകും. അതാണ് ഖുർആൻ പറഞ്ഞത്. പറയുക: *'സത്യം വന്നു. അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുന്നത് തന്നെയാണ്.'* (ബനീ ഇസ്രായീൽ 17: 82)

രാജ്യത്തെ പൗരന്മാരുടെ മതപരമായ ജീവിതം നയിക്കാനുള്ള അവകാശവും ആരാധനാ സ്വാതന്ത്ര്യവും ആരാധനാലയങ്ങൾ സംരക്ഷിക്കേണ്ട കടമയും ഭരണകൂടത്തിനാണ് എന്ന് ഏതൊരു പരിഷ്കൃത ഭരണകൂടവും കരുതുന്നു. പാകിസ്താനിൽ പോലീസിന്റെയും ഭരണ കൂടത്തിന്റെയും നേതൃത്വത്തിലാണ് അഹ്മദികളുടെ പള്ളികൾ പൊളിക്കുന്നത്. ഇതാണോ ഇസ്‌ലാമിക സംസ്കാരം.? ഇതാണോ അവർ മനസ്സിലാക്കിയ ഇസ്‌ലാമിക നീതി? ഇത്തരം ഹീനമായ കുറ്റകൃത്യങ്ങൾ പാകിസ്താനിൽ നിർബാധം അരങ്ങേറുകയാണ്. കഴിഞ്ഞ അര നൂറ്റാണ്ടുകാലമായി ആലോചിച്ചുറച്ച് പാർലമെന്റിൽ ചർച്ച ചെയ്ത നിയമം നിർമ്മിച്ച് ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന അങ്ങേയറ്റത്തെ ദ്രോഹങ്ങളും മതപീഢനങ്ങളും മനുഷ്യാവകാശ ധ്വംസനങ്ങളും തള്ളിപറയാൻ അതേ ഇസ്‌ലാമിൽ വിശ്വസിക്കുന്ന ഇവിടുത്തെ മുസ്‌ലികൾക്ക് ബാദ്ധ്യതയില്ലേ? അഹ്മദികളോട് കാണിക്കുന്ന ക്രൂരമായ ഈ അനീതിയോട് നീതിമാന്മാരുടെ മനസ്സാക്ഷിയുടെ പ്രതികരണമെന്താണ്? മുസ്‌ലിംകൾ ന്യൂനപക്ഷമായി ജീവിക്കുന്ന രാജ്യങ്ങളിൽ ലോകത്തെവിടെയും മതസ്വാതന്ത്ര്യവും പ്രചാരണ സ്വാതന്ത്ര്യവും നമുക്ക് വേണം, പക്ഷേ മുസ്‌ലിം നാടുകളിൽ മറ്റു ന്യൂനപക്ഷങ്ങൾക്ക് അത് അനുവദിക്കില്ല. തങ്ങൾക്ക് എവിടെയും ആരാധനാലയങ്ങൾ വേണം, പക്ഷേ മുസ്‌ലിം രാജ്യങ്ങളിൽ അത് മറ്റുള്ളവർക്ക് അനുവദിക്കില്ല. തങ്ങളുടെ മതത്തിലേക്ക് ആർക്കും വരാം, പക്ഷേ ഇസ്‌ലാം മതത്തിൽ നിന്ന് പുറത്ത് പോകുന്നവനെ വധിച്ചുകളയും. ഭൂരിപക്ഷ മുസ്‌ലിം സമൂഹം അനുവർത്തിക്കുന്ന ഈ ഇരട്ട നീതിയാണ് അവരുടെ ഇന്നത്തെ എല്ലാ ദുര്യോഗങ്ങൾക്കും നാശത്തിന്നും ഒരു പരിധിവരെ കാരണം. ബൈബിളിൽ ഒരു വചനമുണ്ട്. *'അളന്നുകൊടുക്കു അതേ അളവിൽ നിങ്ങൾക്കും അളന്ന് കിട്ടും'* (ലൂക്കോസ് 6:38). തീർച്ചയായും മുസ്‌ലിംകൾ ഇന്ന് ലോകം മുഴുവൻ അനുഭവിക്കുന്ന തീരാദുഃഖങ്ങൾക്കും ദുരിതങ്ങളും മാറേണ്ടതുണ്ട്. പക്ഷേ ഒരു ആഗോള ഉമ്മത്ത് എന്ന നിലക്ക് അവരുടെ സ്വയംകൃതാനർത്ഥങ്ങൾക്കുള്ള അല്ലാഹുവിൽ നിന്നുള്ള തിരിച്ചടിയാണോ ഈ അവസ്ഥ എന്ന് അവർ ആത്മപരിശോധന നടത്തേണ്ടതുണ്ട്. നീതിപാലിക്കുന്നവരെയാണ് അല്ലാഹു ഇഷ്ടപ്പെടുക. ഖുർആൻ പറയുന്നു: *'വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ'* (സൂറ: അൽ മായിദ. 5: 9)

പേജ് 38 ൽ നിന്ന്

ഇന്ത്യ ഭരിക്കുന്ന ഏതൊരു രാഷ്ട്രീയ പാർട്ടിയുടെയും പ്രഥമകർത്തവ്യം. നിർഭാഗ്യമെന്ന് പറയട്ടെ, കഴിഞ്ഞ തിരഞ്ഞെടുപ്പ് പ്രചാരണ കാലത്ത് ജനങ്ങൾക്കിടയിൽ ജനാധിപത്യത്തിന് ഹിതകരമല്ലാത്ത വർഗീയ സ്പർധയും വിഭാഗീയതയും ഉണ്ടാക്കുന്ന പ്രസംഗങ്ങളും പ്രചാരണങ്ങളും ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതാക്കന്മാരിൽനിന്നും ഉണ്ടായി. അധികാരം നേടാനായി വികാരസാന്ദ്രമായ മതവിശ്വാസങ്ങളെയും മതസമൂഹങ്ങളെയും ഉപയോഗിച്ച് രാഷ്ട്രീയ രംഗം സംഘർഷഭരിതമാക്കുന്നതും കലുഷിതമാക്കുന്നതും ഒരിക്കലും ആരും ചെയ്യാൻ പാടില്ലാത്തതാണ്. സെക്കുലരിസം അഭിലഷിക്കുന്ന രീതിയിൽ മതം രാഷ്ട്രീയത്തിലും രാഷ്ട്രീയം മതത്തിലും ഇടപെടുന്നതിനെ വിലക്കുന്ന രീതിയിൽ കർശനമായ ഒരു വിഭജന രേഖയുണ്ടായിരിക്കണം. വികാരജന്യമായ മതം ജനങ്ങൾക്കാകാം. അധികാരസാന്ദ്രമായ രാഷ്ട്രം തികച്ചും മതമുക്തമായിരിക്കണം.

ഹിന്ദു, ജൈന, ബുദ്ധ, സിക്ക്, മുതലായ ദൈവപ്രോക്തങ്ങളായ നിരവധി മതങ്ങളുടെ സ്ഥാപകരായ ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീവർദ്ധമാന മഹാവീരൻ ശ്രീബുദ്ധൻ, ഗുരുനാനക്ക് മുതലായ ദൈവത്തിൽനിന്നും ദിവ്യജ്ഞാനം ലഭിച്ച ആത്മീയ ഗുരുക്കന്മാർക്ക് ജന്മം നൽകിയ അനുഗൃഹീതമായ നാടാണ് നമ്മുടെ ഭാരതം. ഇവിടെ ജനിച്ചു വീണ മതങ്ങളും ഇവിടെ കടന്നു വന്ന പാർസി, യഹൂദ, ക്രിസ്ത്യൻ, ഇസ്‌ലാം മുതലായ മതങ്ങളും ജഗന്നാഥനായ ഒരേ ഒരു ദൈവത്തിൽനിന്നും വെളിപ്പെട്ടതാണ്. ആ സ്രോതസ്സിൽ നിന്നാണ് എല്ലാ മതസ്ഥാപകന്മാരും ആത്മീയജ്ഞാനം നേടിയത്. അവയിലെല്ലാം പരസ്പരം സത്യപ്പെടുത്തുന്ന സാർവജനീനതയുടെയും വിശ്വമാനവീയതയുടെയും അന്തർധാര ദർശിക്കാവുന്നതാണ്. അവരുടെ അദ്ധ്യാപനങ്ങളാണ് ഇവിടെ ജീവിക്കുന്നവർക്കിടയിൽ ശാന്തിയും സമാധാനവും നന്മയും സംജാതമാക്കുന്നത്. സഹസ്രസഹാബ്ദങ്ങളായി നമ്മുടെ സമൂഹം ആ മതസ്രോതസ്സുകളിൽനിന്ന് പാനം ചെയ്ത് ജീവിക്കുന്നവരാണ്. അതാണ് അവരുടെ മഹത്തായ സംസ്ക്കാരം പാവനവും സ്വച്ഛവുമായ അത്തരം അധ്യാത്മിക സ്രോതസ്സുകളിൽ രാഷ്ട്രീയം കലർത്തരുത്. അധികാര രാഷ്ട്രീയത്തിലേക്ക് നയിക്കുന്ന ദേശീയത വിശ്വമാനവീയമായിരിക്കണം. എല്ലാ വൈവിധ്യങ്ങളേയും ഉൾക്കൊള്ളുന്നതായിരിക്കണം. നമ്മുടെ ബഹുമാന്യനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് എല്ലാ ശുഭാശംസകളും നേരുന്നു.

**പേജ് 8 ൽ നിന്ന്**

ബാക്കളുടെ എണ്ണം പത്തിൽ താഴെയായിരുന്നു. നബി(സ) അവിടെ ചെന്ന് യഹൂദികളോട് ബ്ലഡ്മണിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ അവർ പറഞ്ഞു: അതേ, അതേ അബുൽ ഖാസിം. ആദ്യം താങ്കൾ ഭക്ഷണം കഴിച്ചാലും. പിന്നെ താങ്കളുടെ കാര്യത്തിലേക്ക് വരാം. ഇങ്ങനെ യഹൂദികൾ പ്രത്യ ക്ഷത്തിൽ വലിയ സുസ്മേരവദനരായി നബി(സ)നോട് സംസാരിക്കുകയുണ്ടായി. അതേസമയം അകത്ത് നബി(സ)നെ വധിക്കാനുള്ള ഗൂഢാലോചന നടക്കുകയായിരുന്നു. ആ സമയത്ത് നബി(സ) യഹൂദികളുടെ വീടുകളിൽ ഒന്നിന്റെ തണലിൽ ഇരിക്കുകയായിരുന്നു. യഹൂദികൾ കൂടിയാലോചനക്കു ശേഷം പരസ്പരം പറഞ്ഞു: (ഈ വീടിന്റെ) മുകളിൽനിന്ന് ചുമരിലൂടെ ഒരു വലിയ കല്ല് നബി(സ)നു മേലിലേക്ക് ഇടാം. (അങ്ങനെ മുഹമ്മദ്(സ)നെ വധിക്കാം.) തുടർന്നുണ്ടായ കാര്യങ്ങളെപറ്റി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഞാൻ പാക്കിസ്ഥാനിലെ അഹ്മദികൾക്കു വേണ്ടി പ്രത്യേകമായും ദുഃആക്ക്‌വേണ്ടി പറയാൻ ആഗ്രഹിക്കുന്നു. അവർക്കു മേൽ വീണ്ടും കാഠിന്യം ചെലുത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹു എത്രയും വേഗം പാകിസ്ഥാനി അഹ്മദികളെ ഈ അക്രമകാരികളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അവിടെയും നമ്മുടെ അവസ്ഥകൾ നന്നാകുമാറാകട്ടെ. ചെറിയ ചെറിയ കാര്യങ്ങളിൽ കേസും അസ്വസ്തതയും ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് താഴെ പറയുന്ന മർഹൂമീങ്ങളെ അനുസ്മരിച്ചുകൊണ്ട് ജുമുആക്കുശേഷം ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

1. മണ്ഡി ബഹാഉദ്ദീൻ ജില്ലയിലെ സഅദുല്ലാഹ് പൂരി നിവാസിയായ ബശീർ അഹ്മദ് സാഹിബിന്റെ മകൻ ഗുലാം സർവർ സാഹിബ് ശഹീദ്. ജൂൺ എട്ടാം തിയ്യതി ഒരു അഹ്മദിയ്യാ വിരോധി ഇദ്ദേഹത്തെ ശഹീദാക്കുകയുണ്ടായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* (സംഭവത്തിനു ശേഷം ഘാതകൻ പറഞ്ഞത്, സ്വർഗം നേടാൻ വേണ്ടി ഞാൻ തന്നെയാണ് അവരെ വധിച്ചത്).

ശഹീദ് മർഹൂം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വസിയത്ത് പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. അഞ്ചുനേരം നമസ്കാരങ്ങൾ ജമാഅത്തായി അനുഷ്ഠിക്കുന്നതിൽ കൃത്യനിഷ്ഠയുള്ള ആളും നഫൽ നോമ്പുകൾക്ക് പുറമേ വിശുദ്ധ ഖുർആൻ പാരായണത്തിലും അദ്ദേഹത്തിന് പ്രത്യേകം താൽപര്യം ഉണ്ടായിരുന്നു. സ്വലാത്ത് അധികമായി ചൊല്ലിയിരുന്നു. കൂടാതെ ജമാഅത്ത് പുസ്തകങ്ങൾ കൃത്യമായി പാരായണം ചെയ്തിരുന്നു. എല്ലാ ദിവസവും കൃത്യമായി സദഖയും കൊടുത്തിരുന്നു. ആരും അറിയാതെ ആവശ്യക്കാർക്ക് സഹായം ചെയ്തു കൊടുക്കുമായിരുന്നു. ദഅ്‌വത്തെ ഇലല്ലാഹിൽ വളരെ താല്പര്യമുള്ള ആളായിരുന്നു. ഒരുപാട് സുമനസ്സുകൾക്ക് അദ്ദേഹം മുഖേന ബൈഅത്ത് ചെയ്യുന്നതിന് അവസരം ലഭിച്ചിട്ടുണ്ട്. നേരത്തെ കലിമ സംബന്ധമായ കാര്യത്തിൽ മൂന്ന് നാല് ദിവസം കേസ് അസീറാനെ റാഹെ മൗലാ അഥവാ ദൈവ മാർഗത്തിൽ കൽതുറുങ്കിൽ കഴിയാനും സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുസരണ ശീലം വളരെ ഉന്നത നിലവാരത്തിലുള്ളതായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യ സാജിദ പർവിനും രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ട്.

2. മണ്ഡി ബഹാഉദ്ദീനിലെ സഅദുല്ലാഹ് പൂരി നിവാസിയായ മുശ്താഖ് അഹ്മദ് ബാജ്‌വ സാഹിബിന്റെ മകനായിരുന്ന റാഹത്ത് അഹ്മദ് ബാജ്‌വ സാഹിബ്. ജൂൺ എട്ടാം തിയ്യതി ഒരു അഹ്മദിയ്യാ വിരോധി ഇദ്ദേഹത്തെയും ശഹീദാക്കുകയുണ്ടായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.* (വസിയത്ത് പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന) ഇദ്ദേഹം ഖിലാഫത്തിനോട് വളരെയേറെ സ്നേഹമുള്ള ആളും അതിഥി സൽ

ക്കാരപ്രിയനും വളരെ സുസ്മേര വദനനും എല്ലാവരോടും സ്നേഹത്തോടെ പെരുമാറുന്ന വ്യക്തിയും ആയിരുന്നു. ജമാഅത്തിന്റെ സേവനത്തിന് മുൻപന്തിയിലായിരുന്നു. ദുഃആകളിൽ മുഴുകിയിരിക്കുന്ന വ്യക്തിയുമായിരുന്നു. ശഹീദിന്റെ സന്തപ്ത കുടുംബത്തിൽ മാതാപിതാക്കളും ഭാര്യയും നാലു വയസും ഒന്നര വയസുമുള്ള രണ്ട് പെൺമക്കളും ഉണ്ട്. (അല്ലാഹു ഈ ശുഹദാക്കൾക്ക് ജന്നത്തുൽ ഫിർദൗസിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ.)

3. മലിക്ക് മുസഫ്ഫർ ഖാൻ ജോയിന സാഹിബ് കഴിഞ്ഞ ദിവസം 93-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മർഹൂം മൂസിയായിരുന്നു. അദ്ദേഹത്തിന്റെ മകൻ മുഹമ്മദ് മുത്തീഉല്ലാഹ് ജോയിന സാഹിബ്, ഹവായി എന്ന സ്ഥലത്ത് മുറബ്ബി ആകുന്നു. പിതാവിന്റെ ജനാ സയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. വളരെ ദീനുള്ളയാളും, മുത്തഖിയും, സാധുസംരക്ഷകനും തഹജ്ജുദ് നമസ്കരിക്കുന്ന ആളും അഞ്ചുനേര നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള ആളും ജമാഅത്ത് ഭാരവാഹികളെ ബഹുമാനിക്കുന്നയാളും കൃത്യമായി വിശുദ്ധ ഖുർആൻ തർജ്ജമയോടുകൂടി പാരായണം ചെയ്യുന്ന നല്ല ആത്മാർത്ഥതയുള്ള വ്യക്തിയുമായിരുന്നു. ഞാൻ 2005 ൽ വസിയത്ത് സംബന്ധമായി ആഹ്വാനം ചെയ്തപ്പോൾ മുമ്പേ ചെയ്ത തന്റെ വസിയത്ത് പത്തിൽ ഒന്ന് എന്നതിൽ നിന്ന് വർദ്ധിപ്പിച്ച് മൂന്നിൽ ഒന്ന് ആക്കിയ ആദ്യത്തെ മൂസി അദ്ദേഹമായിരുന്നു. ഈ ആഹ്വാനത്തിന് അങ്ങനെ അദ്ദേഹം ലബ്ബൈക്ക് പറഞ്ഞു. അദ്ദേഹം പറയുന്നു: സാമ്പത്തിക ത്യാഗം എന്നതിന്റെ യഥാർഥ്യം ഏറ്റവും ആദ്യത്തിൽ തന്നെ അടച്ചു തീർക്കുക എന്നതാണ്. മാൽ സെക്രട്ടറിക്ക് ഓർമപ്പെടുത്താനുള്ള അവസരം നല്കരുത്.

അല്ലാഹു മർഹൂമീങ്ങളോട് പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ മക്കൾക്കും ഇവരുടെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

പേജ് 37 ൽ നിന്ന്

റസൂൽ തിരുമേനി(സ)യുടെ ഏറ്റവും അടുത്ത അനുയായികളിൽ പെട്ടയാളും സന്മാർഗിയായ ഖലീഫയുമായ രണ്ടാം ഖലീഫ ഹദ്റത്ത് ഉമർ(റ) ഹജ്റുൽ അസ്‌വദ് കണ്ടപ്പോൾ പറഞ്ഞ കാര്യം പ്രശസ്തമാണല്ലോ.

'ദോഷം വരുത്താനോ പ്രതിഫലം കൊണ്ടുവരാനോ കഴിവില്ലാത്ത നീ വെറും ഒരു കല്ല് മാത്രമാണ്. അല്ലാഹുവിന്റെ പ്രവാചകൻ(സ) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല. *(സുനൻ അൻ-നസായി, കിതാബ് മനാസി കിൽ -ഹജ്ജ്, ഹദീസ് 2938)*


ഹദ്റത്ത് ഉമറി(റ)ന്റെ പ്രശസ്തമായ ഈ പ്രസ്താവന ഇസ്‌ലാമിക സമ്പ്രദായത്തിൽ കറുത്ത കല്ലിന്റെ പ്രതീകാത്മക പ്രാധാന്യം അടിവരയിടുന്നു. വിശുദ്ധ പ്രവാചകൻ(സ) മക്കയിലേക്ക് മടങ്ങിയെത്തിയപ്പോൾ, അവിടെ സ്ഥാപിച്ചിരുന്ന വിഗ്രഹങ്ങളിൽ നിന്ന് കഅ്ബയെ ശുദ്ധീകരിക്കുകയും അല്ലാഹുവിന്റെ ശുദ്ധമായ ഏകദൈവാരാധന പുനഃസ്ഥാപിക്കുകയും ചെയ്തുവെന്ന് ഓർക്കേണ്ടതുണ്ട്. കല്ലിനെ ചുംബിക്കുന്ന പ്രവൃത്തി അതിന് ഏതെങ്കിലും ദൈവികശക്തിയുണ്ടെന്ന് അർത്ഥമാക്കുന്നില്ല, മറിച്ച് വിശുദ്ധ പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ പ്രവർത്തിയോടുള്ള അനുകരണം മാത്രമാണ്. ഇത് പ്രവാചകന്റെ കർമാനുഷ്ഠാനങ്ങളോടുള്ള വിധേയത്വവും അനുസരണത്തേയും കുറിക്കുന്നു. അതുവഴി അല്ലാഹുവിനോടുള്ള ഭക്തിയെയും ആത്മീയ ബന്ധത്തെയുമാണ് സൂചിപ്പിക്കുന്നത്. ദീർഘനാളത്തെ വേർപാടിനുശേഷം മക്കയിലേക്ക് മടങ്ങിയെത്തിയ റസൂൽ തിരുമേനി(സ) ഹജ്റുൽ അസ്‌വദ് കല്ലിൽ സ്പർശിക്കുകയും മുത്തമിടുകയും ചെയ്തുകൊണ്ട് ഈ പുണ്യസ്ഥലവുമായുള്ള തന്റെ വൈകാരികബന്ധം പ്രകടിപ്പിച്ചു. ഹജ്റുൽ അസ്‌വദിന്റെ പ്രാധാന്യം ഏതെങ്കിലും അമാനുഷിക സവിശേഷതകളേക്കാൾ പാരമ്പര്യത്തിലും ചരിത്രസ്മരണയിലും പ്രതീകാത്മകതയിലും വേരൂന്നിയതാണെന്ന് മേൽപ്പറഞ്ഞ ഹദീസ് വ്യക്തമാക്കുന്നു.

ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ അനുസരിച്ച്, എല്ലാ അർഥത്തിലും പൂർണത ഉൾക്കൊള്ളുന്ന ദൈവിക ഗുണങ്ങൾ അല്ലാഹുവിന് മാത്രമേ ഉള്ളൂ. ദൈവത്തിന്റെ സർവവ്യാപിയായ ശക്തിയെ ഉന്നിപ്പറയുന്ന വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഈ തത്ത്വത്തെ വ്യക്തമായി വിവരിക്കുന്നു:

'തന്റെ സമ്പൂർണ ശക്തിയാൽ സർവവും സൃഷ്ടിച്ച ദൈവത്തിന്റെ പ്രകടമാക്കിയ ദൈവദൂതനെ(സ) നാം കണ്ടെത്തി. അവന്റെ ശക്തിപ്രതാപം എത്ര രാജകീയം. അത് കൂടാതെ ഒന്നുംതന്നെ അസ്തിത്വത്തിലേക്ക് വരുന്നില്ല. അതിന്റെ പിന്തുണയില്ലാതെ ഒന്നിനും തന്നെ അസ്തിത്വത്തിൽ തുടരാനാവില്ല. ആ നമ്മുടെ സത്യദൈവത്തിന് അമേയമായ അനുഗ്രഹങ്ങളും എണ്ണമറ്റ ശക്തിയും എണ്ണമറ്റ സൗന്ദര്യവും എണ്ണമറ്റ ഔദാര്യവുമാണുള്ളത്. അവനെ കൂടാതെ മറ്റൊരു ദൈവവുമില്ല.' *(നസീമെ ദ അവത്ത്, റൂഹാനി ഖസായിൻ വാ. 19, പേ. 363)*

AL-ISLAM
www.alislam.org

# www.mta.tv




Muslim Television Ahmadiyya International (MTA)

*Reaching The Corners Of The Earth*

MTA International emerged in 1994 with the aim of providing a positive alternative in the broadcasting world.

MTA was the brainchild of Hadhrat Mirza Tahir Ahmad, Khalifat-ul-Masih IV ra, and ever since its inception MTA has been a unique channel in many respects. Its focus lies in producing programs that can be enjoyed by people of all ages at all times. It recognizes that television plays a significant role in the world and has accordingly devoted itself to applying this influence positively for the purpose of educating its viewers. MTA's future is not dependant upon commercial sponsorships or license fees, thus allowing it to concentrate on producing a variety of programs on a range of subjects for its viewers in all parts of the world, without sacrificing standards.

MTA offers quality family viewing right across the globe. It broadcasts internationally in up to eight languages simultaneously and features programs focusing on the different cultures of the world and the environments in which they exist. MTA has also kept pace with technology and broadcasts in both analogue and digital. MTA features many thought-provoking discussions and programs on issues of great relevance to society, with some of MTA's programs being unmatched in their high level of quality.

Published on 07.07.2024 Pages 44 Vol: 96 Issue.07
RNI No. 3332/1957, Registered KL/EKM/726/2024-26 Price Rs. 30/-
Licence No. KL/CR/EKM/WPP-19/2024-26. Licensed to post without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ

**Rs. 30/-**




**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

# SUBSCRIBE

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
***Email : sathyadoothan1@gmail.com***
***Phone No: 9447086862 (G. Pay)***

G Pay accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.